**എഡിറ്റോറിയൽ**

# എതിർക്രിസ്തുവിന്റെ ആത്മാവിനെതിരെയുള്ള നിലപാട്



**ലോ**കാവസാനത്തിന് ഇനി അഞ്ചു മിനിറ്റു മാത്രം! അന്ത്യദിന ഘടികാരം (Dooms day Clock) എന്നറിയപ്പെടുന്ന പ്രതീകാത്മ കഘടികാരത്തിലാണ് ലോകാന്ത്യത്തിന് ഇനി മിനിറ്റുകൾ മാത്രം അവശേഷിക്കുന്നത്.

അമേരിക്കയുടെ ആണവപരീക്ഷണപദ്ധതിയായ മാൻഹാട്ടൻ പ്രൊജക്ടിൽ പ്രവർത്തിച്ച ശാസ്ത്രജ്ഞർ ലോകാവസാനം പ്രവചിക്കുന്ന 'അന്ത്യദിനഘടി കാരം' എന്ന ആശയം 1974 ൽ മുന്നോട്ടുവച്ചു. അതതു കാലത്തു നിലവിലുള്ള സാഹചര്യം പഠിച്ചശേഷം ശാസ്ത്രജ്ഞർ ലോകാവസാനത്തിന് ഇനി എത്രനാൾ കൂടിയുണ്ടെന്നു കണക്കുകൂട്ടി അതിനെ മിനിറ്റാക്കി ചിത്രീകരിക്കുകയാണ് 'അന്ത്യ ദിനഘടികാര'ത്തിൽ ചെയ്യുന്നത്. ഇപ്പോൾ ആണവായുധങ്ങളുടെ വർധന, ആഗോളതാപനം, സമുദ്രത്തിലെ ജലനിരപ്പിന്റെ ഉയർച്ച, മരുഭൂമികളുടെ വ്യാപനം എന്നിങ്ങനെ ഒട്ടേറെ ഘടകങ്ങൾ പരിഗണിച്ചശേഷമാണ് പ്രശസ്ത ഭൗതികശാ സ്ത്രജ്ഞൻ സ്റ്റീഫൻ ഹോക്കിങ് ഉൾപ്പെടുന്ന ശാസ്ത്രജ്ഞന്മാരുടെ സംഘം ഇനി ലോകാവസാനത്തിന് അഞ്ചു മിനിറ്റ് എന്ന നിലയിൽ 'അന്ത്യദിനഘടി കാര'ത്തെ ക്രമീകരിച്ചിരിക്കുന്നത്.

ഇന്നത്തെ ലോകത്തിന്റെ ഗതിവിഗതികൾ പഠിക്കുന്ന ഏതൊരു നിഷ്പക്ഷമ തിയും ഇനി ഇതിന്റെ അന്ത്യത്തിന് അധികനാളുകൾ ഇല്ലെന്നു സമ്മതിക്കും. പതനസ്ഥലത്തേക്ക് അടുക്കുന്തോറും ഒരു നദിയുടെ ഒഴുക്കിനു ശക്തിയും വേഗവും വർദ്ധിക്കുമല്ലോ. ഇന്നത്തെ ലോകത്തിന്റെ തിടുക്കവും വേഗവും സൂചി പ്പിക്കുന്നത് അത് അതിന്റെ അനിവാര്യമായ അന്ത്യത്തിലേക്കു കൂപ്പുകുത്തുവാ നുള്ള സമയത്തിലേക്ക് അതിവേഗം അടുത്തുകൊണ്ടിരിക്കുന്നു എന്നാണ്.

ലോകാവസാനത്തിന്റെ പല ലക്ഷണങ്ങളെക്കുറിച്ചു ബൈബിൾ വിവരിച്ചിട്ടു ണ്ട്. എന്നാൽ ഒരു യഥാർത്ഥക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം ക്രിസ്തീ യഗോളത്തിൽ പ്രകടമാകുന്ന അന്ത്യകാലലക്ഷണങ്ങളാണ് ഏറെ ശ്രദ്ധേയം.

ക്രിസ്തീയലോകത്ത് അന്ത്യനാളിൽ സംഭവിക്കുന്ന ഒരു കാര്യം യഥാർത്ഥ വിശ്വാസത്തിന്റെ നഷ്ടമാണ്. 'എന്നാൽ മനുഷ്യപുത്രൻ വരുമ്പോൾ അവൻ ഭൂമി യിൽ വിശ്വാസം കണ്ടെത്തുമോ?' എന്ന് യേശുതന്നെ ഇതേക്കുറിച്ചു പറഞ്ഞിരി ക്കുന്നു. (ലൂക്കോസ് 18:8)

മറ്റൊരു വേദഭാഗം കാണുക: 'എന്നാൽ ഭാവികാലത്തു ചിലർ വ്യാജാത്മാക്ക ളെയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും ആശ്രയിച്ചു ഭോഷ്കു പറയുന്നവരുടെ കപടത്താൽ വിശ്വാസം ത്യജിക്കും എന്ന് ആത്മാവു തെളിവായി പറയുന്നു'. (1 തിമൊഥെയോസ്. 4:1).

ഇവിടെയും ആത്മാവു തെളിവായി പറയുന്നതു വിശ്വാസത്യാഗം സംഭവിക്കും എന്നുതന്നെയാണ്.

ക്രിസ്തീയഗോളത്തെ സംബന്ധിച്ച് ഇന്ന് ഒറ്റനോട്ടത്തിൽ ഇതു ശരിയല്ലെന്നു തോന്നാം. കാരണം, ഇന്നു വിശ്വാസം കുറയുന്നതായല്ല മറിച്ച് വളരെയധികം വർദ്ധിക്കുന്നതായാണു കാണുന്നത്. എവിടെയും വിശ്വാസത്തെക്കുറിച്ചുള്ള പ്രസംഗങ്ങൾ, വിശ്വാസത്തിന് ഊന്നൽ കൊടുക്കുന്ന പ്രവർത്തനങ്ങൾ...ക്രിസ്തീ യപുസ്തകശാലകളിലും 'എവിടെതിരിഞ്ഞുനോക്കിയാലും അവിടെയെല്ലാം' വിശ്വാസത്തെക്കുറിച്ചുള്ള പുസ്തകങ്ങളും സി.ഡികളുമാണ്. അങ്ങനെയെങ്കിൽ ഈ അന്ത്യനാളിൽ കണ്ടെത്താൻ കഴിയാതെവണ്ണം വിശ്വാസം ശോഷിച്ചു പോകു കയല്ലല്ലോ; മറിച്ചു വർദ്ധിച്ചുവരികയല്ലേ ചെയ്യുന്നത്?

എന്നാൽ അന്ത്യനാളിൽ ഏതുതരം വിശ്വാസമാണു നഷ്ടപ്പെട്ടു പോകുന്ന തെന്ന് 1 തിമൊഥെയോസ് 3:16 വ്യക്തമാക്കുന്നുണ്ട്. 'ഭാവികാലത്തു ചിലർ വിശ്വാസം ത്യജിക്കും' എന്നു ഉറപ്പിച്ചുപറയുന്ന 1 തിമൊഥെയോസ് 4:1 എന്ന വചനം അതിന്റെ തൊട്ടു മുകളിലുള്ള 1 തിമൊഥെയോസ് 3:16 നോടു ചേർത്തു വായിച്ചാൽ അന്ത്യനാളിൽ ആളുകൾ ഏതു വിശ്വാസമാണു ത്യജിക്കുന്നതെന്നു മനസ്സിലാക്കാം (തിരുവചനം എഴുതപ്പെട്ടതിനുശേഷം പിന്നീടാണല്ലോ അധ്യാ യങ്ങളും വാക്യങ്ങളും തിരിച്ചത്. അതുകൊണ്ട് 3:16 ന്റെ തുടർച്ചയായി 4:1 നെ കാണാം. അതുപോലെ 4:1 ന്റെ തുടക്കത്തിൽ കാണുന്ന 'എന്നാൽ' എന്ന പദവും ഈ രണ്ടു വാക്യങ്ങളും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടെന്നു സൂചിപ്പിക്കു ന്നു.)

1 തിമൊഥെയോസ് 3:16 നോക്കുക:

'അവൻ ജഡത്തിൽ വെളിപ്പെട്ടു; ആത്മാവിൽ നീതീകരിക്കപ്പെട്ടു; ദൂതന്മാർക്കു പ്രത്യക്ഷനായി; ജാതികളുടെ ഇടയിൽ പ്രസംഗിക്കപ്പെട്ടു; ലോകത്തിൽ വിശ്വ സിക്കപ്പെട്ടു; തേജസ്സിൽ എടുക്കപ്പെട്ടു എന്നിങ്ങനെ ദൈവഭക്തിയുടെ മർമ്മം സമ്മതമാം വണ്ണം വലിയതാകുന്നു' (3:16)

ദൈവഭക്തിയുടെ വലിയ മർമ്മമാണിത്! ഇവിടെ യേശുക്രിസ്തുവിനെക്കുറി ച്ചാണു പറഞ്ഞിരിക്കുന്നത്. അവിടുന്നു ജഡത്തിൽ വെളിപ്പെട്ടു ഭൂമിയിൽ ജീവിച്ചു. എന്നാൽ ഭൂമിയിൽ മുപ്പത്തിമൂന്നരവർഷം ജീവിച്ചിട്ടും അവിടുന്നു നീതിമാനെന്നു പ്രഖ്യാപിക്കപ്പെട്ടു. കാരണം അവിടുന്നു പാപത്തിന്റെ ഒരു ലാഞ്ചനപോലും ഇല്ലാതെയാണു ഈ ഭൂമിയിൽ ജീവിച്ചത്. നമുക്കു മുന്നോടി (fore runner)യായി പോയ യേശുവിന്റെ ഈ ജീവിതം നമുക്കു തരുന്ന വിശ്വാസം എന്താണ്? ജഡ ത്തിൽ ജീവിച്ചാലും പാപത്തിന്റെ മേൽ ജയമുള്ള ഒരു ജീവിതം നമുക്കും നയി ക്കാൻ കഴിയും എന്നതാണ്.

ഇതാണു ദൈവഭക്തിയുടെ രഹസ്യം. എന്നാൽ ഈ വിശ്വാസം ഭാവികാ ലത്തു ചിലർ ത്യജിക്കുമെന്നാണ് അപ്പോസ്തലനായ പൗലൊസ് പറഞ്ഞിരിക്കു ന്നത്.

ഇതു ശരിയല്ലേ? ഇന്നു വിശ്വാസത്തിന്റെ കാലമാണെന്നു പലരും പ്രഖ്യാപി ക്കുന്നു. എന്നാൽ പാപത്തിന്റെ മേൽ ജയമുള്ള വിജയകരമായ ഒരു ക്രിസ്തീയ ജീവിതം സാധ്യമാണെന്നു വിശ്വസിക്കുന്നവർ എത്രയോ വിരളമാണ്! ജയകര മായ ജീവിതത്തെക്കുറിച്ചുള്ള വിശ്വാസം ത്യജിച്ചുകളഞ്ഞിരിക്കുന്ന ഒരു ' വിശ്വാ സസമൂഹ'മല്ലേ ഇന്നുള്ളത്? ഇന്നു വിശ്വാസത്തെക്കുറിച്ചു വാതോരാതെ പറ യുന്ന 'വിശ്വാസിക'ളുണ്ട്. എന്നാൽ 1 തിമൊഥെയോസ് 3:16 ൽ കാണുന്ന ദൈവ ഭക്തിയുടെ വലിയ മർമ്മമായ ജയകരമായ ജീവിതത്തെക്കുറിച്ചുള്ള യഥാർത്ഥ വിശ്വാസം അവർക്കു കൈമോശം വന്നിരിക്കുന്നു. ഭാവികാലത്തു ചിലർ യഥാർത്ഥ വിശ്വാസം ത്യജിക്കുമെന്ന് ഒന്നാം നൂറ്റാണ്ടിൽ പൗലോസ് ദീർഘദർശനം ചെയ്തത് ഇന്നു സത്യമായി പരിണമിച്ചിരിക്കുകയല്ലേ? ഇന്നു മനുഷ്യപുത്രൻ വന്നാൽ ഈ യഥാർത്ഥവിശ്വാസം കണ്ടെത്തുന്നതും എത്ര ദുഷ്കരമായിരിക്കും!

അന്ത്യകാലത്തെക്കുറിച്ചുള്ള മറ്റൊരു വചനം ശ്രദ്ധി ക്കുക: 'അന്ത്യകാലത്തു ദുർഘടസമയങ്ങൾ



*(ശേഷം പേജ് 34 ൽ)*

സന്ദേശം

# എതിർക്രിസ്തുവിന്റെ ആത്മാവ് ക്രൈസ്തവലോകത്തിൽ

**ലോ**കരംഗത്ത് എതിർക്രിസ്തു വെളിപ്പെടുന്നതിനു തൊട്ടു മുമ്പുള്ള നാളുകളിലാണ് നാം ജീവിക്കുന്നത്. എന്നാൽ ഭൂമിയിൽ സാത്താന്റെ പ്രധാനപ്രതിനിധിയായ അവൻ പ്രത്യക്ഷപ്പെടുന്നതിനു മുമ്പ് അവനു വഴിയൊരുക്കുവാനായി ലോകസാഹചര്യങ്ങൾ ക്രമാഗതമായി സുസജ്ജമാക്കപ്പെടുന്ന ഒരു പ്രവർത്തനമുണ്ട്. ഒരു പർവതത്തിന്റെ അത്യുന്നതശൃംഗത്തിലേക്ക് എത്തിക്കുന്ന അവസാനത്തെ കയറ്റംപോലെയാണ് ഈ പ്രവർത്തനം നടക്കുന്ന ഇന്നത്തെ കാലഘട്ടം. 'ഇത് അന്ത്യനാഴികയാകുന്നു. അനേകം എതിർക്രിസ്തുക്കൾ എഴുന്നേറ്റിരിക്കുന്നു'എന്ന് 1 യോഹ. 2:18 ൽ പറയുന്നതുപോലെ ഈ പ്രവർത്തനം ഒന്നാം നൂറ്റാണ്ടു മുതൽ തന്നേ ആരംഭിച്ചിരുന്നു. ഏകദേശം. ഏ.ഡി. 100-നടുത്ത് ഈ വാക്കുകൾ എഴുതിയ സമയം പരിശുദ്ധാത്മാവ് അവിടെപ്പറയുന്നതുപോലെ അന്ത്യമണിക്കൂർ അതായത് അർദ്ധരാത്രിക്കുമുമ്പുള്ള 11 മണി സമയമായിരുന്നു.

എന്നാൽ ഇപ്പോഴാകട്ടെ, നാം ഈ യുഗത്തിന്റെ അവസാനത്തെ സെക്കൻഡുകളിൽത്തന്നെ എത്തിയിരിക്കുകയാണ്. പർവതത്തിന്റെ ഉച്ചിയിൽത്തന്നെ നാം



**എതിർ ക്രിസ്തുവിന്റെ അനുയായികൾക്ക് രഹസ്യമായോ പരസ്യമായോ അവനെ സ്വീകരിക്കുവാനുള്ള സ്വാതന്ത്ര്യം ഉണ്ട്. അവനെ പരസ്യമായി പിന്തുടരുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ തങ്ങളുടെ നെറ്റിയിൽ അവർക്ക് അവന്റെ മുദ്ര വഹിക്കാം. അല്ല, ചില ക്രിസ്തീയ സഭകളിൽ അംഗത്വം വഹിച്ച് തങ്ങളുടെ സൽപ്പേരു നിലനിർത്തിക്കൊണ്ടുതന്നെ മൃഗത്തിന്റെ മുദ്രയുടെ പ്രയോജനം പ്രാപിക്കുവാനാണ് ആഗ്രഹിക്കുന്നതെങ്കിൽ അവർക്ക് ഉള്ളംകൈയിൽ ആ മുദ്ര സ്വീകരിക്കാം.**

ചെന്നെത്താൻ പോകുന്ന സമയം വളരെ സമീപിച്ചിരിക്കുന്നു. നാം ജീവിക്കുന്ന ഈ കാലഘട്ടത്തെ വിവേചിച്ചറിവാൻ കഴിവുള്ളവരായി ഇന്നു നാം ജീവിക്കേണ്ടത് അത്യാവശ്യമത്രേ (മത്തായി 16:3).

എതിർക്രിസ്തുവിന്റെ രാജ്യം രാഷ്ട്രീയവും സാമ്പത്തികവും മതപരവുമായിരിക്കും. അതിന്റെ മതപരമായ വശത്തെപ്പറ്റി മാത്രമാണ് ഇവിടെ ചിന്തിക്കുന്നത്. സാത്താൻ നിരീശ്വരഭരണകൂടങ്ങളിലൂടെയെന്നതിലധികമായി വ്യാജമതങ്ങളിലൂടെ തന്റെ ലക്ഷ്യങ്ങൾ നിറവേറ്റിയിട്ടുണ്ട്. മാത്രമല്ല, വ്യാജമതങ്ങളിലൂടെ സാധിച്ചതിൽ വളരെയധികം വ്യാജമായ ക്രിസ്തുമാർഗത്തിലൂടെയും അവൻ പ്രവർത്തിച്ചിട്ടുണ്ട്. ഈ കാരണത്താലാണ് ആദിമശതകങ്ങളിലെ ക്രൈസ്തവസഭകളിൽ എതിർക്രിസ്തുക്കൾ സ്ഥാനം പിടിച്ചിരുന്നതായി അപ്പോസ്തലനായ യോഹന്നാൻ പറയുന്നത്. എങ്കിലും അപ്പോസ്തലന്മാരുടെ ശക്തിയേറിയ പ്രസംഗത്താൽ ഈ എതിർക്രിസ്തുക്കൾ പുറത്താക്കപ്പെടുകയുണ്ടായി. 'അവർ നമ്മുടെ ഇടയിൽനിന്നു പുറപ്പെട്ടു (പുറത്തേക്കു വന്നു)' എന്ന് അദ്ദേഹം പറയുന്നുണ്ടല്ലോ (1 യോഹന്നാൻ 2:19).

**എതിർക്രിസ്തുവിനെ അധർമ്മമൂർത്തി എന്നാണു വിളിച്ചിട്ടുള്ളത്. ക്രൈസ്തവ ലോകത്തിൽ പാപത്തിന്റെ നേർക്ക് പ്രദർശിപ്പിക്കപ്പെടുന്ന ലാഘവ ബുദ്ധിയിൽ അവന്റെ ആത്മാവ് വെളിപ്പെടുന്നു. ക്രിസ്തുവിന്റെ ആഗമനത്തിനുമുമ്പുള്ള ഈ അന്ത്യതലമുറയിൽ പാപത്തിനെതിരായി പ്രസംഗിക്കുക എന്നത് ജനങ്ങൾ തീരെ ഇഷ്ടപ്പെടാത്ത ഒരു കാര്യമായിത്തീർന്നിട്ടുണ്ട്.**

ഈ എതിർക്രിസ്തുവിന്റെ ആത്മാവ് ഇന്നു ക്രൈസ്തവലോകത്തിൽ വളരെയധികമായി കാണപ്പെടുന്നുണ്ട്. അതിനെ അതിന്റെ ഉള്ള അവസ്ഥയിൽ നാം മനസ്സിലാക്കുകയും തിരിച്ചറിയുകയും ചെയ്യേണ്ടത് ആവശ്യമത്രേ. അപ്പോൾ മാത്രമേ അതിനെ ആദ്യം നമ്മുടെ ജഡത്തിൽനിന്നും അനന്തരം സഭകളിൽനിന്നും പുറത്താക്കുവാൻ നമുക്കു സാധിക്കുകയുള്ളൂ.

എതിർക്രിസ്തുവിന്റെ സ്വഭാവഘടകങ്ങൾ 2 തെസ്സ. 2:3-12 വാക്യങ്ങളിൽ നമുക്കുവേണ്ടി സംക്ഷിപ്തമായി വിവരിക്കപ്പെട്ടിരിക്കുന്നു:

1) അവനെ അധർമ്മമൂർത്തി എന്നു വിളിച്ചിരിക്കുന്നു (വാ. 3).
2) അവൻ ദൈവമെന്നു നടിച്ച് തന്നെത്താൻ ഉയർത്തുന്നവനാണ് (വാ. 4).
3) അവൻ വ്യാജം പറയുന്നവനും വഞ്ചകനുമാണ് (വാ. 9,10).

യോഹന്നാന്റെ കാലത്തെന്നപോലെ ഇന്നും നമ്മുടെ ക്രിസ്തീയസഭകളിൽ സ്ഥാനം പിടിച്ചിരിക്കുന്ന എതിർക്രിസ്തുക്കളിൽ എന്തു കണ്ടെത്തുവാൻ നമുക്കു കഴിയുമെന്ന് ഈ ഭാഗങ്ങൾ സൂചിപ്പിക്കുന്നു.

**പാപം:**

എതിർക്രിസ്തുവിനെ അധർമ്മമൂർത്തി എന്നാണു വിളിച്ചിട്ടുള്ളത്. ക്രൈസ്തവലോകത്തിൽ പാപത്തിന്റെ നേർക്ക് പ്രദർശിപ്പിക്കപ്പെടുന്ന ലാഘവബുദ്ധിയിൽ അവന്റെ ആത്മാവ് വെളിപ്പെടുന്നു. ക്രിസ്തുവിന്റെ ആഗമനത്തിനുമുമ്പുള്ള ഈ അന്ത്യതലമുറയിൽ പാപത്തിനെതിരായി പ്രസംഗിക്കുക എന്നത് ജനങ്ങൾ തീരെ ഇഷ്ടപ്പെടാത്ത ഒരു കാര്യമായിത്തീർന്നിട്ടുണ്ട്. സാമൂഹികസമത്വം, ദാരിദ്ര്യനിർമ്മാർജ്ജനം, സാക്ഷരതായജ്ഞം, പ്രളയദുരിതനിവാരണം തുടങ്ങിയവയെക്കുറിച്ചെല്ലാം ധാരാളം പ്രസംഗങ്ങൾ ഉണ്ടായിരിക്കും. ഇതെല്ലാം നല്ല കാര്യങ്ങളു





മാണ്. എന്നാൽ പണക്കൊതി, ഭൗതികലാഭേച്ഛ, ലൈംഗികദുർമ്മോഹം, ക്ഷമിക്കാത്ത മനോഭാവം, ക്രോധം, മാനമന്വേഷിക്കൽ, പരദൂഷണം, വ്യർത്ഥസംസാരം തുടങ്ങിയ പാപങ്ങൾക്കെതിരേ പ്രസംഗിക്കുന്ന ഏർപ്പാട് ഇക്കാലത്ത് ഒട്ടുംതന്നെ ഉണ്ടായിരിക്കുകയില്ല. (മത്തായി 5 മുതൽ 7 വരെ അദ്ധ്യായങ്ങളിൽ പരാമർശിച്ചിട്ടുള്ള കാര്യങ്ങൾ ഇവയാണല്ലോ). ആളുകൾ ഒരിക്കൽ യേശുവിനെ സ്വീകരിച്ചിട്ടുള്ളതുമൂലം ഇന്ന് അവർ പാപത്തിൽ ജീവിച്ചുകൊണ്ടിരുന്നാലും അവർ സുരക്ഷിതരാണെന്ന് ഉറപ്പു നൽകുന്ന വ്യാജകൃപയിലൂടെയാണ് അധർമ്മത്തിന്റെ മർമ്മം ഇന്നു വ്യാപരിച്ചുകൊണ്ടിരിക്കുന്നത് (2 തെസ്സ. 2:7). ഇത്തരം പ്രസംഗം കർണ്ണരസമുളവാക്കുന്നതാകയാൽ ധാരാളം വിശ്വാസികൾ സന്തോഷപൂർവ്വം അതു കേൾക്കുന്നു. (2 തിമോ. 4:3,4).

എതിർക്രിസ്തുവിന്റെ വാഴ്ചയെ വിവരിക്കുന്ന വെളിപ്പാട് 13-ാമദ്ധ്യായത്തിൽ അവന്റെ അനുയായികൾക്ക് രഹസ്യമായോ പരസ്യമായോ അവനെ സ്വീകരിക്കുവാനുള്ള സ്വാതന്ത്ര്യം നൽകപ്പെടുമെന്നു പ്രസ്താവിച്ചിട്ടുണ്ട്. അവർ അവനെ പരസ്യമായി പിന്തുടരുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ തങ്ങളുടെ നെറ്റിയിൽ അവർക്ക് അവന്റെ മുദ്ര വഹിക്കാം. അല്ല, ചില ക്രിസ്തീയ സഭകളിൽ അംഗത്വം വഹിച്ച് തങ്ങളുടെ സൽപ്പേരു നിലനിർത്തിക്കൊണ്ടു തന്നെ മൃഗത്തിന്റെ മുദ്രയുടെ പ്രയോജനം പ്രാപിക്കുവാനാണ് ആഗ്രഹിക്കുന്നതെങ്കിൽ അവർക്ക് ഉള്ളംകൈയിൽ ആ മുദ്ര സ്വീകരിക്കാം. (വെളിപ്പാട് 13:16,17). എന്നാൽ അതിന്റെ അടുത്ത വാക്യത്തിൽ വിവരിക്കുന്ന ക്രിസ്തുശിഷ്യന്മാർക്കാകട്ടെ, ഇപ്രകാരമൊരു സ്വാതന്ത്ര്യം നല്കപ്പെടുന്നില്ല (വെളി.14:1).

എതിർക്രിസ്തുവിന്റെ വാഴ്ചക്കാലത്ത് മൃഗത്തിന്റെ മുദ്ര കൂടാതെ അത്യാവശ്യഭക്ഷണസാധനങ്ങൾ പോലും വാങ്ങുവാൻ സാധ്യമല്ലാതായിത്തീരും. ആ അന്ത്യഘട്ടത്തിൽ നാമിനിയും എത്തിച്ചേർന്നിട്ടില്ല. എങ്കിലും അതിനോടു നാം വളരെ അടുത്തിട്ടുണ്ട്. ഇന്ന് ഒരു കൈക്കൂലി (മൃഗത്തിന്റെ മുദ്ര) കൊണ്ട് നമ്മുടെ കൈ അശുദ്ധമാക്കാതെ പല ജോലികളും വിദ്യാഭ്യാസസ്ഥാപനങ്ങളിലുള്ള പല അഡ്മിഷനും ലഭിക്കുവാൻ സാധ്യമല്ലാതായിത്തീർന്നിട്ടുണ്ട്. ഓരോ വർഷവുമുള്ള ആയുധപൂജോത്സവത്തിന് സംഭാവന നൽകാത്ത ആളുകൾക്ക് ഫാക്ടറികളിലെ വിഷമംപിടിച്ച ജോലികളിൽ നിയോഗിക്കപ്പെടുക എന്ന ശിക്ഷ സഹിക്കേണ്ടിവരുന്നുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ വിശ്വാസികളെന്നറിയപ്പെടുന്ന പലരും ഒത്തുതീർപ്പിനു സന്നദ്ധരാവുകയും എന്നിട്ടും ഞായറാഴ്ചയുള്ള സഭയുടെ ആരാധനകളിൽ 'ആത്മീയരായ' വിശ്വാസികളെന്ന ഭാവേന സന്നിഹിതരാകയും ചെയ്യുന്നു. ഇതെങ്ങനെ സാധ്യമാകും? ആഴ്ചയിലെ മറ്റു ദിവസങ്ങളിൽ അവർ ചെയ്യുന്ന അനീതിയും പാപവും സഭയിലെ മറ്റാളുകൾ ആരും അറിയുന്നില്ല

**എല്ലാ രൂപത്തിലുമുള്ള പാപത്തോട് ഒരു സന്ധിയില്ലാ സമരം പ്രഖ്യാപിക്കുകയും യേശു പാപത്തെ വെറുത്തതുപോലെ പാപത്തെ വെറുക്കുകയും ചെയ്യുന്നവർക്കു മാത്രമേ പാപത്തെ വെളിച്ചത്തു കൊണ്ടുവരുവാനും അതിനെ സഭയിൽനിന്നു പുറത്താക്കുവാനും കഴിവുണ്ടാവുകയുള്ളൂ.**

എന്നതുതന്നെയാണ് ഇതിനു കാരണം. അവരുടെ വലംകൈമേലുള്ള മൃഗത്തിന്റെ മുദ്ര ആർക്കും കാണുവാൻ സാധിക്കുന്നില്ല. ജീവിക്കുവാൻ വേറേ നിവൃത്തിയില്ലെന്നു പറഞ്ഞ് അവർ തങ്ങളുടെ പ്രവൃത്തി ന്യായീകരിച്ചെന്നു വരാം. സാത്താന്റെ മുമ്പിൽ മുട്ടുമടക്കുന്നത് ഒരുവന്റെ സാക്ഷ്യം നഷ്ടപ്പെടുത്താതെ രഹസ്യമായിട്ടാണ് ചെയ്യപ്പെടുന്നതെങ്കിൽ ന്യായീകരിക്കത്തക്കതാണെന്നു ചിന്തിക്കുന്നവരാണ് ഇക്കൂട്ടർ. ഇന്ന് പുതിയനിയമസഭകളിലെ മൂപ്പന്മാരുടെ ഇടയിൽപ്പോലും മൃഗത്തിന്റെ മുദ്ര കൈവെള്ളയിൽ രഹസ്യമായി ധരിച്ചിരിക്കുന്ന ആളുകളെ കണ്ടെത്താൻ കഴിയും. തൽഫലമായി എതിർക്രിസ്തുവിന്റെ ആത്മാവ് ഈ സഭകളിൽ വാഴുവാൻ ഇടയാകുന്നു. പുതിയ നിയമസഭകളിൽ വളരെയധികം ഭിന്നതയും കലഹവും ആത്മീയമരണവും കാണപ്പെടുന്നതിന്റെ കാരണം ഇവിടെയാണ് ഒളിഞ്ഞിരിക്കുന്നത്.

> **ക്രിസ്തീയലോകത്തിലും റവറണ്ട്, ഫാദർ, റവറണ്ട് ഡോക്ടർ, പാസ്റ്റർ മുതലായ സ്ഥാനമാനങ്ങൾ സ്വീകരിച്ച് മറ്റുള്ളവർക്കുപരിതങ്ങളെ തന്നെ ഉയർത്തുന്ന ആളുകളെ നാം കാണുന്നുണ്ട്. ഇത്തരം സ്ഥാനനാമങ്ങളുടെയെല്ലാം അടിയിൽ മറ്റുള്ളവരുടെ ആരാധന നേടുവാനുള്ള പൈശാചികമായ ആഗ്രഹമാണ് ഒളിഞ്ഞുകിടക്കുന്നത്.**

എല്ലാ രൂപത്തിലുമുള്ള പാപത്തോട് ഒരു സന്ധിയില്ലാസമരം പ്രഖ്യാപിക്കുകയും യേശു പാപത്തെ വെറുത്തതുപോലെ പാപത്തെ വെറുക്കുകയും ചെയ്യുന്നവർക്കു മാത്രമേ പാപത്തെ വെളിച്ചത്തു കൊണ്ടുവരുവാനും അതിനെ സഭയിൽനിന്നു പുറത്താക്കുവാനും കഴിവുണ്ടാവുകയുള്ളൂ.

**തന്നെത്താൻ ഉയർത്തുന്ന സ്വഭാവം:**

തന്നോടൊപ്പമുണ്ടായിരുന്ന മറ്റു ദൂതന്മാരുടെ ബഹുമതി ലഭിക്കുമാറ് ലൂസിഫർ തന്നെത്താൻ ഉയർത്തിയതുമൂലമാണ് അവൻ സാത്താനായിത്തീർന്നത്. ഇപ്രകാരം ബഹുമതിക്കുവേണ്ടിയുള്ള ആഗ്രഹം മനുഷ്യവർഗ്ഗത്തിലെല്ലായിടത്തും നമുക്കു കാണുവാൻ കഴിയും. രാഷ്ട്രീയമണ്ഡലത്തിലും വ്യാപാരരംഗത്തുമെന്നപോലെ ആത്മീയമണ്ഡലത്തിലും അതു കാണപ്പെടുന്നുണ്ട്. വ്യാജമതങ്ങളിൽ മറ്റുള്ളവരാൽ അക്ഷരികമായിത്തന്നെ ആരാധിക്കപ്പെടുന്ന ദൈവമനുഷ്യരുണ്ട്.

ക്രിസ്തീയലോകത്തിലും റവറണ്ട് ഫാദർ, റവറണ്ട് ഡോക്ടർ, പാസ്റ്റർ മുതലായ സ്ഥാനമാനങ്ങൾ സ്വീകരിച്ച് യേശുവിന്റെ നിന്ദനത്തിനു പാത്രരായ യഹൂദറബ്ബിമാരെപ്പോലെ മറ്റുള്ളവർക്കുപരി തങ്ങളെത്തന്നെ ഉയർത്തുന്ന ആളുകളെ നാം കാണുന്നുണ്ട്. ഇത്തരം സ്ഥാനനാമങ്ങളുടെയെല്ലാം അടിയിൽ മറ്റുള്ളവരുടെ ആരാധന നേടുവാനുള്ള പൈശാചികമായ ആഗ്രഹമാണ് ഒളിഞ്ഞുകിടക്കുന്നത്. തന്നെത്തന്നെ ദൈവമായി പ്രദർശിപ്പിച്ചുകൊണ്ട് സ്വയം ഉയർത്തുന്ന എതിർക്രിസ്തുവിനും ഇതേ ആത്മാവുതന്നെയാണുള്ളത്. (2 തെസ്സ. 2:4).

ഒരാൾ തന്റെ പ്രവർത്തനത്തെക്കുറിച്ചു ധാരാളം സ്ഥിതിവിവരക്കണക്കുകളും ഫോട്ടോഗ്രാഫുകളും നിറഞ്ഞ റിപ്പോർട്ടുകൾ എഴുതി പ്രസിദ്ധീകരിക്കുക തുടങ്ങി കൗശലം നിറഞ്ഞ പല മാർഗങ്ങളിൽക്കൂടെ മറ്റുള്ളവരുടെ ആരാധന നേടുവാനുള്ള ആഗ്രഹം പ്രകടമാക്കാറുണ്ട്. ചിലപ്പോൾ പ്രാർത്ഥിക്കയും പ്രസംഗിക്കുകയും ചെയ്യുന്ന വിവിധ ഭംഗികളിൽ ഒരേ





വ്യക്തിയുടെ തന്നെ പല ഫോട്ടോകളും ഇത്തരം പ്രസിദ്ധീകരണങ്ങളിൽ കാണാൻ കഴിയും.

തന്റെ സഹവിശ്വാസികൾക്കുപരി തന്നെത്തന്നെ ഉയർത്തുവാനുള്ള ഈ ആഗ്രഹം പല രൂപങ്ങളിൽ കാണപ്പെടാറുണ്ട്. ഒരു സഭയുടെ മൂപ്പനായിരിക്കുവാനുള്ള ആഗ്രഹം, സുപ്രസിദ്ധനായ ഒരു പ്രസംഗകനെന്ന നിലയിൽ ലോകസഞ്ചാരം നടത്തുവാനുള്ള മോഹം, വിവിധ കാര്യങ്ങളെപ്പറ്റി മറ്റുള്ളവർക്ക് ഉപദേശം നൽകുവാനുള്ള മോഹം, (മറ്റുള്ളവർ അത് ആഗ്രഹിക്കാത്തപ്പോൾ പോലും), സ്വയം നിയമിതരായ വിധികർത്താക്കളെപ്പോലെ മറ്റുള്ളവരുടെ പ്രവർത്തനത്തെ വിമർശിക്കുവാനും വിധികല്പിക്കുവാനുമുള്ള ആഗ്രഹം (യാക്കോബ് 3:1 ), മറ്റുള്ളവരിൽനിന്നുള്ള ബഹുമതി ലഭിപ്പാനായി സുചിന്തിതമായ നല്ല പ്രസംഗങ്ങൾ നടത്തുവാനുള്ള മോഹം ഇതര ദൈവദാസന്മാരെ അനുകരിച്ച് മറ്റുള്ളവരെക്കാൾ മികച്ച ഒരു പ്രസംഗകനും രോഗശാന്തിശുശ്രൂഷകനുമെന്നു പുകഴ്ത്തപ്പെടുവാനുള്ള മോഹം, സ്ത്രീകൾക്കു പുരുഷന്മാരെപ്പോലെ പ്രസംഗകർത്രികളാകുവാനുള്ള മോഹം, താൻ വീണുപോകുമ്പോൾ തന്നെയും സ്വയം നീതീകരിക്കുവാനുള്ള ആഗ്രഹം ഇവയെല്ലാം പ്രശസ്തിയാർജ്ജിക്കുവാനുള്ള പരിശ്രമങ്ങളുടെ വിവിധ രൂപങ്ങളാണ്.

> **മറ്റുള്ളവരെക്കാൾ മികച്ച ഒരു പ്രസംഗകനും രോഗശാന്തിശുശ്രൂഷകനുമെന്നു പുകഴ്ത്തപ്പെടുവാനുള്ള മോഹം, സ്ത്രീകൾക്കു പുരുഷന്മാരെപ്പോലെ പ്രസംഗകർത്രികളാകുവാനുള്ള മോഹം, സ്വയം നീതീകരിക്കുവാനുള്ള ആഗ്രഹം ഇവയെല്ലാം പ്രശസ്തിയാർജ്ജിക്കുവാനുള്ള പരിശ്രമങ്ങളുടെ വിവിധ രൂപങ്ങളാണ്.**

ഇവയും ഇവയെക്കാൾ ഹീനമായ മറ്റനേകം ആഗ്രഹങ്ങളും നമ്മുടെ ജഡത്തിൽ നിദ്രാണാവസ്ഥയിൽ ലയിച്ചുകിടക്കുന്നുണ്ടെന്നും അവയിൽനിന്നു വിടുതൽ നേടണമെങ്കിൽ അവയെ നാം നിർദ്ദാക്ഷിണ്യം വിധിക്കേണ്ടതാണെന്നും വ്യക്തമായി നാം മനസ്സിലാക്കണം. അപ്പോൾ മാത്രമേ എതിർക്രിസ്തുവിന്റെ ഈ ആത്മാവിനെ സഭയിൽനിന്നും നിഷ്കാസനം ചെയ്യുവാനുള്ള അധികാരവും ശക്തിയും നമുക്കു ലഭിക്കുകയുള്ളൂ.

**വ്യാജം:**

എതിർക്രിസ്തു 'വ്യാജമായ സകല ശക്തിയോടും അടയാളങ്ങളോടും അത്ഭുതങ്ങളോടും അനീതിയുടെ സകല വഞ്ചനയോടും കൂടെ ആയിരിക്കും' ലോകത്തെ വഞ്ചിക്കുന്നത് (2 തെസ്സ. 2:9,10).

സാത്താൻ എല്ലാ വ്യാജത്തിന്റെയും പിതാവത്രേ (യോഹന്നാൻ 8:44). കള്ളം പറയുന്ന ഒരു ദൈവപൈതൽ വ്യാജത്തെ ഗർഭം ധരിക്കുവാനായി തന്റെ നാവിനെ ഒരു ഗർഭപാത്രമായി സാത്താനു നൽകുകയാണു ചെയ്യുന്നത്. നമെല്ലാവരും വൈദഗ്ദ്ധ്യം സമ്പാദിച്ചിട്ടുള്ള ഒരു പാപമാണ് വ്യാജം. നാം 'ഗർഭം മുതൽ ഭോഷ്ക് (വ്യാജം) പറഞ്ഞു തെറ്റി നടക്കുന്നു (സങ്കീ. 58:3). പല രൂപത്തിലുള്ള വ്യാജഭാഷണമുണ്ട്. അർദ്ധസത്യങ്ങൾ പറയുക, നമ്മെത്തന്നെ ന്യായീകരിക്കുവാനായി ചിത്രത്തിന്റെ ഒരു വശം മാത്രം കാണിക്കുക, നമ്മുടെ പ്രവർത്തനത്തെപ്പറ്റിയുള്ള റിപ്പോർട്ടിൽ അതിശയോക്തി പ്രയോഗിക്കുക, ചില സംഭവങ്ങളെ ഭാവനാവൈഭവത്തോടെ ചിത്രീകരിക്കുക, (ഇത് ഇന്നത്തെ പല ക്രിസ്തീയ ജീവചരിത്രങ്ങളിലും നാം കാണുന്നു;

*(ശേഷം പേജ് 40 ൽ)*

അനുഭവം

# പുതിയനിയമമാതൃക

**സാക്പുന്നൻ**

**ഇ**ൻഡ്യയിലെ ഞങ്ങളുടെ ക്രിസ്തീയപ്രവർത്തനങ്ങളുടെ തുടക്കം മുതൽ തന്നെ ഒരു കാര്യം ഞങ്ങൾ തീരുമാനിച്ചിരുന്നു. ചുറ്റുപാടുമുള്ള സഭകളിൽ കണ്ടുവരുന്ന കാര്യങ്ങളെക്കാൾ ശുശ്രൂഷയുടെ എല്ലാ തലങ്ങളിലും പുതിയനിയമമാതൃക പിൻപറ്റണം എന്നായിരുന്നു ആ തീരുമാനം. ഒന്നാം നൂറ്റാണ്ടിൽ തന്റെ സഭയെ പണിയുവാൻ കർത്താവ് അപ്പോസ്തലന്മാരെയും, പ്രവാചകന്മാരെയും, സുവിശേഷകന്മാരെയും, ഇടയന്മാരേയും, ഉപദേഷ്ടാക്കന്മാരെയും ഉപയോഗിച്ചു. (എഫെ. 4:11). നമ്മുടെ കാലഘട്ടത്തിലും ഈ അഞ്ച് ശുശ്രൂഷകളും ലഭ്യമാകണം എന്നായിരുന്നു ഞങ്ങളുടെ പ്രാർത്ഥന. അപ്പോസ്തലന്മാർ സഭകൾ സ്ഥാപിക്കുന്നവരും സഭകളെ നയിക്കുവാൻ മൂപ്പന്മാരെ നിയമിക്കുന്നവരുമാണ്. (പ്രവൃത്തി 14:23). അവർ മൂപ്പന്മാർക്ക് ആത്മീയപിതാക്കന്മാരും അവർ സ്ഥാപിച്ച സഭകളുടെ ആത്മീയ വളർച്ചയിൽ വഴികാട്ടികളും ആയിരുന്നു. അപ്പൊസ്തലന്മാർ സഭകളെ ഒരു സംഘടന ആക്കാതെ ഓരോ സഭയേയും ഒരു സ്വയംഭരണ സമൂഹമായി നിലനില്ക്കാൻ അനുവദിച്ചു. ചുറ്റുമുള്ള സഭകളിൽ ഇത്തരത്തിലുള്ള അപ്പൊസ്തലികശുശ്രൂഷ കാണാൻ കഴിഞ്ഞില്ല. മിക്കപ്പോഴും സഭാഭരണത്തിൽ മനുഷ്യനിർമ്മിതമായ രണ്ട് ഭരണവ്യവസ്ഥിതികളാണ് കണ്ടത്.

**അല്പകാര്യങ്ങളുടെ ദിവസം -44**

**1)പിരമിഡ് സമ്പ്രദായം:** കേന്ദ്രീകൃതനിയന്ത്രണത്തിലുള്ള സഭാഭരണവ്യവസ്ഥിതിയാണ് ഒന്നാമത്തേത്. ഒരു പോപ്പോ, സുപ്രണ്ടോ, പ്രസിഡന്റോ പിരമിഡ്തലപ്പത്ത് ഉണ്ടായിരിക്കും. ആ തലവന്റെ കീഴിൽ ബിഷപ്പുമാരോ പാസ്റ്റർമാരോ സഭകളെ നടത്തുന്നു. ഈ തസ്തികകളെല്ലാം തന്നെ തെരഞ്ഞെടുപ്പിലൂടെയാണ് നികത്തുന്നത്! ഈ അധികാര ശ്രേണി ബിസ്സിനസ്സ് ലോകത്തിന്റെ കൃത്യമായ അനുകരണമാണ്.

**2) സ്വതന്ത്രസമ്പ്രദായം:** ഈ വ്യവസ്ഥിതിയിൽ ഓരോ സഭയും പൂർണ്ണമായും സ്വതന്ത്രവും ആരോടും ഉത്തരവാദിത്വം ഇല്ലാത്തതുമാണ്. തെരഞ്ഞെടുക്കപ്പെട്ട ഒരു ഭരണസമിതി ബൈബിൾ കോളജ് ബിരുദമുള്ള ഒരാളെ ശമ്പളത്തിന് പാസ്റ്ററായി സേവനം അനുഷ്ഠിക്കുവാൻ ക്ഷണിക്കുന്നു. ചില വർഷങ്ങൾക്കുശേഷം കുറെക്കൂടെ മെച്ചമായ ശമ്പളം കിട്ടുന്ന ഒരു വലിയ സഭ പാസ്റ്റർ കണ്ടെത്തുകയും അവിടെ ശുശ്രൂഷയ്ക്കായി പോകുകയും ചെയ്യുന്നു. അപ്പോൾ ആദ്യത്തെ സഭ വീണ്ടും പരസ്യത്തിലൂടെ മറ്റൊരു യോഗ്യനായ പാസ്റ്ററെ കണ്ടെത്തുന്നു.

മേൽപ്പറഞ്ഞ രണ്ട് സഭാ വ്യവസ്ഥിതികളിലും ആത്മീയ പിതാക്കന്മാരില്ല





-തെരഞ്ഞെടുക്കപ്പെടുന്ന, പ്രതിഫലംപറ്റുന്ന നേതാക്കന്മാരേ ഉള്ളൂ. മനുഷ്യനിർമ്മിതമായ ഈ രണ്ടു വ്യവസ്ഥകളേയും തള്ളിക്കളഞ്ഞ് പുതിയനിയമത്തിൽ കാണുന്ന അപ്പൊസ്തലികമാതൃക പിൻപറ്റാൻ ഞങ്ങൾ തീരുമാനിച്ചു.

**പ്രവാചകന്മാർ:**അവരുടെ ശുശ്രൂഷയാൽ ഒരു സഭയിലെ രഹസ്യപാപങ്ങളെയും പരാജയമേഖലകളെയും വെളിച്ചത്തുകൊണ്ടുവരികയും അവയ്ക്ക് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്നവരാണ്. (1 കൊരി. 12:28, 14:25). അവരുടെ ശുശ്രൂഷ ആത്മീയാഭിവൃദ്ധിക്കും, പ്രബോധനത്തിലും, ആശ്വാസത്തിനും ഉള്ളതത്രേ. (1 കൊരി.14:3).

**കേന്ദ്രീകൃതനിയന്ത്രണത്തിലുള്ള സഭാഭരണവ്യവസ്ഥിതിയാണ് പിരമിഡ്സമ്പ്രദായം. ഒരു പോപ്പോ, സുപ്രണ്ടോ, പ്രസിഡന്റോ പിരമിഡ്തലപ്പത്ത് ഉണ്ടായിരിക്കും. ആ തലവന്റെ കീഴിൽ ബിഷപ്പുമാരോ പാസ്റ്റർമാരോ സഭകളെ നടത്തുന്നു. ഈ അധികാര ശ്രേണി ബിസ്സിനസ്സ് ലോകത്തിന്റെ കൃത്യമായ അനുകരണമാണ്.**

എന്നാൽ മേൽപ്പറഞ്ഞ വിധത്തിലുള്ള പ്രവചനശുശ്രൂഷ നമ്മുടെ കാലഘട്ടത്തിൽ അപൂർവ്വമായിമാത്രമേ കാണുന്നുള്ളൂ. കൈനോട്ടക്കാരെപ്പോലെ വിശ്വാസികളുടെ ഭാവികാര്യങ്ങൾ പ്രവചിക്കുന്നമട്ടിൽ വഞ്ചിക്കുന്ന കള്ളപ്രവാചകരെ മാത്രമേ ഞങ്ങൾ കണ്ടുള്ളൂ. അത്തരം വ്യാജപ്രവാചകരിൽ നിന്ന് ദൈവം ഞങ്ങളെ സംരക്ഷിക്കയും യഥാർത്ഥത്തിലുള്ള പ്രവാചകശുശ്രൂഷ ഞങ്ങളുടെ ഇടയിൽ നൽകുകയും ചെയ്തു.

**സുവിശേഷകന്മാർ:** ആത്മാക്കളെ ക്രിസ്തുവിങ്കലേക്ക് നയിക്കുന്നവരും അവരെ പ്രദേശികസഭയോട് ചേർക്കുന്നവരുമത്രേ. ഇന്ന് നാം കാണുന്നതെന്താണ്? പുതിയനിയമവ്യവസ്ഥയിലുള്ള ഒരു പ്രാദേശികസഭയോട് പുതിയ ആത്മാക്കൾ ചേർത്തു പണിയപ്പെടുന്ന കാര്യത്തിൽ താത്പര്യമില്ലാതെ സുവിശേഷമഹായോഗങ്ങൾ നടത്തുന്നതിന് മാത്രം അനേകർ ഉത്സാഹിക്കുന്നു. അപ്പൊസ്തലപ്രവൃത്തികളിൽ കാണുന്ന മിക്ക മാനസാന്തരങ്ങളും വ്യക്തിഗത സുവിശേഷീകരണത്തിലൂടെ നടന്നവയായിരുന്നു. വ്യക്തികളെ രക്ഷകനായ യേശുവിന്റെ അടുത്തേക്ക് നയിക്കുക മാത്രമല്ല, അവരെ പ്രാദേശികസഭയിൽ ഉറപ്പിക്കയും ചെയ്യുന്ന സമർത്ഥരായ ചില സുവിശേഷകന്മാരെ ദൈവം ഞങ്ങൾക്കു നൽകി. ദൈവഭക്തിയുള്ള ഒരു ജീവിതം നയിക്കാൻ താത്പര്യമുള്ളവരുടെ അടുത്തേക്ക് പരിശുദ്ധാത്മാവ് അവരെ നയിക്കേണ്ടതിനായി പ്രാർത്ഥിക്കാൻ ഞങ്ങൾ സഹോദരീസഹോദന്മാരെ ഉത്സാഹിപ്പിച്ചിരുന്നു. ദൈവം അവരുടെ പ്രാർത്ഥനയ്ക്ക് ഉത്തരമായി അനേകം ശിഷ്യരെ സഭകളിലേക്ക് അയച്ചിട്ടുണ്ട്. 1975 ഓഗസ്റ്റ് മാസം എന്റെ ഭവനത്തിൽ കേവലം നാല് കുടുംബങ്ങൾ മാത്രമാണ് ആദ്യമായി കൂടിവന്നത്. അതിനുശേഷം ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നും ആയിരക്കണക്കിന് ആളുകളെ ഞങ്ങളോട് ചേർത്തിട്ടുണ്ട്. ഇവരിൽ സിംഹഭാഗവും വ്യക്തിഗത സുവിശേഷീകരണത്തിലൂടെ കടന്നുവന്നവരാണ്.

**ഇടയന്മാർ:** സഭയ്ക്ക് ദൈവം നൽകിയിരിക്കുന്ന ദാനങ്ങളിൽ ഒന്നാണ് (എഫെസ്യർ 4:11 ൽ 'പാസ്റ്റർ' എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്നു). ഇന്ന് സഭകളിൽ കണ്ടുവരുന്നതുപോലെ

സഭയുടെ ആത്മീയനേതൃത്വം വഹിക്കുന്ന ആളിന്റെ പേരല്ല ഇടയൻ അഥവാ പാസ്റ്റർ. പുതിയനിയമസഭകളുടെ നേതാക്കന്മാരെ മൂപ്പൻമാർ (പാസ്റ്റർമാർ എന്നല്ല) എന്ന് വിളിച്ചിരുന്നു എന്നു മാത്രമല്ല, ഓരോ സഭയ്ക്കും ഒന്നിലധികം മൂപ്പന്മാർ ഉണ്ടായിരുന്നു താനും. അതിനാൽ ഞങ്ങളുടെ ശുശ്രൂഷാഫലമായി ഉടലെടുക്കുന്ന സഭകളിൽ കുറഞ്ഞപക്ഷം രണ്ട് മൂപ്പന്മാർ എങ്കിലും ഉണ്ടായിരിക്കണം എന്ന് ഞങ്ങൾ തീരുമാനിച്ചു. ചിലപ്പോൾ മൂപ്പന്മാരായിരിക്കാൻ യോഗ്യരായ സഹോദരന്മാർ വളർന്നുവരാൻ ഞങ്ങൾക്ക് കാത്തിരിക്കേണ്ടി വന്നിട്ടുണ്ട്. എന്നാൽ ക്രമേണ ഓരോ സഭയേയും നയിക്കുവാൻ ദൈവഭക്തരായ മൂപ്പന്മാരെ ദൈവം ഞങ്ങൾക്കു നൽകി. എന്നാൽ ഓരോ സഭയിലേയും കർത്താവിന്റെ ആട്ടിൻകൂട്ടത്തെ നടത്തുവാൻ മൂപ്പന്മാരെ സഹായിക്കാൻ ധാരാളം ഇടയന്മാരെ (പാസ്റ്റേഴ്സ്) ആവശ്യമുണ്ടായിരുന്നു. യേശുവിന്റെ മാതൃക അനുസരിച്ചാണെങ്കിൽ ഒരാൾക്ക് ഫലപ്രദമായി 12 പേരേ മാത്രമേ പരിപാലിക്കാൻ കഴിയൂ. അങ്ങനെയെങ്കിൽ 120 പേരുള്ള ഒരു സഭയ്ക്കു കുറഞ്ഞപക്ഷം പത്ത് ഇടയന്മാർ (പാസ്റ്റേഴ്സ്)ആവശ്യമുണ്ട്. കുഞ്ഞാടുകളെയും മറ്റ് ആടുകളെയും കരുതുവാൻ ഇടയഹൃദയമുള്ള അനേകം സഹോദരന്മാരെ ദൈവം നൽകിയിട്ടുള്ളപ്പോൾ തന്നെ 12 പേർക്ക് ഒരു ഇടയൻ എന്ന അനുപാതത്തിൽ ഞങ്ങൾ ഇതുവരെ എത്തിയിട്ടില്ല എന്നതാണ് സത്യം.

> **ഇൻഡ്യയിൽ മിക്കവാറും എല്ലാക്രിസ്തീയവേലക്കാരും ഒന്നുകിൽ ശമ്പളത്തിന് ശുശ്രൂഷചെയ്യുന്നവരോ വിശ്വാസികളുടെ ദാനങ്ങൾ കൊണ്ട് ഉപജീവനം കഴിക്കുന്നവരോ അത്രേ. ആയതിനാൽ രണ്ടാമത്തെ പുതിയനിയമവ്യവസ്ഥ അനുസരിച്ച് ഇൻഡ്യയിലെ ചില ക്രിസ്തീയവേലക്കാർ സാമ്പത്തികമായി സ്വന്തം കാലിൽ നിന്ന് സന്തുലിതാവസ്ഥ വീണ്ടെടുക്കണമെന്ന് ഞങ്ങൾക്ക് തോന്നി.**

**ഉപദേഷ്ടാക്കന്മാർ:** പുതിയനിയമത്തിൽ യേശു കൽപ്പിച്ചതൊക്കെയും വിശ്വാസികളെ പഠിപ്പിക്കുന്നവരാണ് സഭയിൽ ഉപദേഷ്ടാവ്. (മത്താ. 28:20). അവർ കേവലം സൈദ്ധാന്തികമായി തിരുവചനം പഠിപ്പിക്കുന്നവരല്ല. അവരുടെ പഠിപ്പിക്കൽ പ്രായോഗികവും കർത്താവിന്റെ കൽപ്പനകൾ അനുസരിക്കാൻ വിശ്വാസികളെ സഹായിക്കുന്നവയും ആയിരിക്കും. ഉദാഹരണത്തിന്, കോപിക്കരുത്, സ്ത്രീയേ നോക്കി മോഹിക്കരുത്, നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കണം, മനുഷ്യന്റെ മാനം അന്വേഷിക്കരുത്, ധനത്തെ സ്നേഹിക്കരുത് തുടങ്ങിയവ (മത്താ.5:22, 28, 44, 6:1-18, 24). ചുറ്റുമുള്ള മിക്കസഭകളിലും ഇത്തരം സത്യങ്ങൾ പഠിപ്പിക്കുന്നതേയില്ല. എന്നാൽ കർത്താവിന്റെ ഈ വിധമായ കൽപ്പനകൾ എങ്ങനെയാണ് അനുസരിക്കേണ്ടത് എന്നതിനേപ്പറ്റി പഠിപ്പിക്കുന്ന ഉപദേഷ്ടാക്കന്മാരെ ദൈവം ഞങ്ങൾക്ക് നൽകിയിട്ടുണ്ട്.

**ക്രിസ്തീയവേലക്കാരുടെ സാമ്പത്തിക ഉതവി:** പുതിയനിയമത്തിൽ കർത്താവിന്റെ വേലക്കാരുടെ സന്ധാരണം രണ്ടുവിധത്തിലാണ്. ചിലർ ക്രിസ്തീയവിശ്വാസികളുടെ ദാനങ്ങളാൽ ജീവിതസന്ധാരണം നടത്തിയപ്പോൾ, മറ്റുചിലർ പൗലോസിനെപ്പോലെ വേല ചെയ്ത് സ്വന്തം ആവശ്യങ്ങൾ നടത്തിയവരായിരുന്നു. ഇൻഡ്യയിൽ മിക്കവാറും എല്ലാക്രിസ്തീയവേലക്കാരും ഒന്നുകിൽ ശമ്പളത്തിന് ശുശ്രൂഷ ചെയ്യുന്നവരോ





അല്ലെങ്കിൽ വിശ്വാസികളുടെ ദാനങ്ങൾ കൊണ്ട് ഉപജീവനം കഴിക്കുന്നവരോ അത്രെ. ആയതിനാൽ രണ്ടാമത്തെ പുതിയനിയമവ്യവസ്ഥ അനുസരിച്ച് ഇൻഡ്യയിലെ ചില ക്രിസ്തീയവേലക്കാർ സാമ്പത്തികമായി സ്വന്തം കാലിൽ നിന്ന് സന്തുലിതാവസ്ഥ വീണ്ടെടുക്കാൻ ശ്രമിക്കേണ്ടതാണെന്ന് ഞങ്ങൾക്കു തോന്നി. ആദ്യമായി ഞാൻ സാമ്പത്തികമായി സ്വന്തം കാലിൽ നിന്നുകൊണ്ട് ഇൻഡ്യയിലെ സഭകളെ പ്രതിഫലം കൂടാതെ ശുശ്രൂഷിപ്പാൻ തീരുമാനിച്ചു. മാത്രമല്ല, എന്റെ പുസ്തകങ്ങൾക്കോ പ്രസംഗങ്ങളുടെ ഓഡിയോ-വീഡിയോ ടേപ്പുകൾക്കോ ഒന്നും തന്നെ റോയൽറ്റിവേണ്ട എന്ന് ആദ്യംമുതലേ ഒരു നിലപാടെടുത്തു. എന്റെ കൂടെയുള്ള മറ്റുമൂപ്പന്മാരെയും ഈ മാതൃക അനുകരിക്കാൻ ഞാൻ ഉത്സാഹിപ്പിച്ചിരുന്നു. അനേകവർഷങ്ങളായി യാതൊരു പ്രതിഫലവും പറ്റാതെ സഭകളിൽ ശുശ്രൂഷ ചെയ്യുന്ന എഴുപതിൽ അധികം മൂപ്പന്മാർ ഇൻഡ്യയിൽത്തന്നെ ഉണ്ടെന്നുള്ളതാണ് അത്ഭുതകരമായ വസ്തുത. അവരിൽ ചിലർ ഇൻഡ്യയിലെ ഏറ്റവും ദരിദ്രമായ ഗ്രാമങ്ങളിലാണ് കർത്താവിനെ സേവിക്കുന്നത്.

> **മിക്കവാറും എല്ലാ ക്രിസ്തീയ സംഘടനകളും അവരുടെ പ്രവർത്തനങ്ങളെപ്പറ്റി തുടർച്ചയായി റിപ്പോർട്ടുകൾ അയക്കുകയും യാതൊരു മടിയുംകൂടാതെ ആളുകളോട് പണം ആവശ്യപ്പെടുകയും ചെയ്യുന്നുണ്ട്. അപ്പൊസ്തലന്മാർ അവരുടെ വേലയുടെ വൃത്താന്തങ്ങളോ, ചിത്രങ്ങളോ മറ്റുള്ളവർക്ക് അയയ്ക്കുകയോ, സാമ്പത്തിക ആവശ്യങ്ങൾ അറിയിക്കുകയോ ചെയ്തില്ല.**

**റിപ്പോർട്ടുകൾ:** അപ്പൊസ്തലന്മാർ എഴുതിയ പല കത്തുകളും പുതിയനിയമത്തിലുണ്ട്. അവരുടെ ക്രിസ്തീയപ്രവർത്തനങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടുകൾ അവയിൽ നാം കാണുന്നില്ല. അവർക്കുവേണ്ടിയോ ക്രിസ്തീയവേലയ്ക്കായോ പണം ചോദിക്കുന്നതായി നാം കാണുന്നില്ല. നാം അറിയുന്നിടത്തോളം മിക്കവാറും എല്ലാ ക്രിസ്തീയ സംഘടനകളും അവരുടെ പ്രവർത്തനങ്ങളെപ്പറ്റി തുടർച്ചയായി റിപ്പോർട്ടുകൾ അയക്കുകയും യാതൊരു മടിയുംകൂടാതെ ആളുകളോട് പണം ആവശ്യപ്പെടുകയും ചെയ്യുന്നുണ്ട്. അപ്പൊസ്തലന്മാർ അവരുടെ വേലയുടെ വൃത്താന്തങ്ങളോ, ചിത്രങ്ങളോ മറ്റുള്ളവർക്ക് അയയ്ക്കുകയോ, സാമ്പത്തിക ആവശ്യങ്ങൾ അറിയിക്കുകയോ ചെയ്തില്ല. സ്വർഗ്ഗത്തിലെ പിതാവിനോടു മാത്രം അവർ ആവശ്യങ്ങൾ അറിയിച്ചിരുന്നു. ആ മാതൃക പിൻപറ്റാനായിരുന്നു ഞങ്ങളുടെ തീരുമാനം. 1975ൽ നാം പുതിയ വേല ആരംഭിച്ച സമയം മുതൽ ഈ വിധം പ്രവർത്തിക്കാൻ കർത്താവ് സഹായിച്ചു. ദൈവം ഞങ്ങളുടെ എല്ലാ ആവശ്യങ്ങളും സമൃദ്ധമായി നിറവേറ്റി. പൗലോസ് തന്റെ വേലയുടെ വിവരങ്ങൾ സഹപ്രവർത്തകരുമായി മാത്രം പങ്കുവച്ചതുപോലെ ഞങ്ങളും ചെയ്തുവരുന്നുണ്ട്.

**കൂട്ടായ്മ:** യോഹന്നാൻ 17-ാം അദ്ധ്യായത്തിൽ നാം കാണുന്ന യേശുവിന്റെ പ്രാർത്ഥനയിലെ മുഖ്യ ഭാരം തന്റെ ശിഷ്യന്മാർ തമ്മിലുള്ള കൂട്ടായ്മയും ഐക്യവും ആയിരുന്നു. അപ്പൊസ്തലന്മാരുടെയും പ്രധാന ഭാരം ഇതുതന്നെയായിരുന്നു. ചുറ്റുമുള്ള മിക്കസഭകളും കൂട്ടായ്മയ്ക്കും ഐക്യത്തിനുമല്ല ഇടതടവില്ലാത്ത പ്രവർത്തനങ്ങൾക്കും മീറ്റിംഗുകൾക്കുമാണ് ഊന്നൽ കൊടുക്കുന്നത്. ഞങ്ങൾ തീർച്ചയായും മീറ്റിംഗുകളെ

## തുരങ്കത്തിൽ പ്രതിധ്വനിച്ച ശബ്ദം

**ജി**ബ്രാൾട്ടറിലെ നീണ്ടതുരങ്കത്തിൽ കാവൽ നിന്ന രണ്ടു പട്ടാളക്കാരുടെ അനുഭവകഥ സി.എച്ച്. സ്പർജൻ 'ട്രഷറി ഓഫ് ദി ബൈബി'ളിൽ എഴുതിയിട്ടുണ്ട്.

തുരങ്കത്തിന്റെ ഇരുവശത്തും ഒരു രാത്രി കാവൽ നിന്ന രണ്ടു പട്ടാളക്കാരും ക്രിസ്തുവിനെ അറിഞ്ഞവരായിരുന്നു. പക്ഷേ ഒരുവൻ, ദൈവത്തോടു മത്സരിച്ചു താൻ പാപം ചെയ്തുപോയതിനെക്കുറിച്ചുള്ള വലിയ കുറ്റബോധത്തിലായിരുന്നു. അവൻ വലിയ ദുഃഖത്തിലും നിരാശയിലും അങ്ങനെ നില്ക്കുമ്പോൾ ദൈവത്തോട് എങ്ങനെ നിരക്കാം എന്നവന് സത്യത്തിൽ അറിഞ്ഞുകൂടായിരുന്നു.

തുരങ്കത്തിന്റെ മറ്റെ അറ്റത്തുനിന്നിരുന്ന ഗാർഡാകട്ടെ, യേശുവിന്റെ രക്തത്തിന്റെ രക്ഷണ്യശക്തിയെക്കുറിച്ചു ധ്യാനിച്ചും പ്രാർത്ഥിച്ചും നില്ക്കുകയായിരുന്നു. പെട്ടെന്ന് അവന്റെ മുമ്പിലേക്ക് ഒരു പട്ടാളമേധാവി ഇരുട്ടിൽ നിന്നു കയറിവന്ന് അന്നു രാത്രിയിലെ 'കോഡു വാക്ക്' എന്താണെന്നു ചോദിച്ചു (ശത്രുക്കളെയും ചാരന്മാരെയും തിരിച്ചറിയാൻ പട്ടാളകാവല്ക്കാർക്ക് ദിവസവും ഓരോ വ്യത്യസ്ത 'കോഡുവാക്കു'ണ്ടായിരുന്നു). അവൻ ധൃതിയിൽ ഇങ്ങനെയാണു പറഞ്ഞത്. "യേശുക്രിസ്തുവിന്റെ വിലയേറിയ രക്തം". പറഞ്ഞു കഴിഞ്ഞതും അവനു തെറ്റു മനസ്സിലായി. അവൻ ശരിയായ കോഡു വാക്കു പറഞ്ഞ് പട്ടാളമേധാവിയോടു ക്ഷമചോദിച്ചു.

പക്ഷേ ഓർക്കാപ്പുറത്ത് അവൻ ഉറച്ചു പറഞ്ഞ 'യേശുക്രിസ്തുവിന്റെ വിലയേറിയരക്തം' എന്ന വാക്കുകൾ ഇതിനകം തുരങ്കത്തിലൂടെ പ്രതിദ്ധ്വനിച്ച് മറ്റേ അറ്റത്ത് കാവൽ നിന്ന പടയാളിയുടെ ചെവിയിൽ എത്തിയിരുന്നു- "യേശുക്രിസ്തുവിന്റെ വിലയേറിയ രക്തം". ദൈവത്തോട് എങ്ങനെ നിരക്കാം എന്നറിയാതെ നിരാശയിലും കുറ്റബോധത്തിലും നിന്ന ആ പടയാളിയുടെ പ്രശ്നത്തിനു പരിഹാരമായി. അവൻ യേശുവിന്റെ രക്തത്തിന്റെ കഴുകലിൽ അഭയം തേടി. ദൈവമുൻപാകെ സമാധാനവും നിറപ്പും ലഭിച്ച് അവൻ സന്തുഷ്ടനായിത്തീർന്നു.

നിരാശയിൽ പതിച്ച ഒരു വിശ്വാസിയെ യഥാസ്ഥാനപ്പെടുത്താൻ ദൈവം കണ്ടെത്തിയ വഴി എത്ര വിചിത്രം!

'ദൈവത്തിന്റെ വഴി തികവുള്ളത്' (സങ്കീർത്തനം 18:30)

വിലമതിക്കുന്നുണ്ട്. എന്നാൽ കൂട്ടായ്മയാണ് കൂടുതൽ പ്രധാനം എന്ന് ഞങ്ങൾക്കു തോന്നി. പിക്നിക്കുകളും മറ്റ് കൂട്ടായ പ്രവൃത്തികളും അന്യോന്യം കൂടുതൽ അറിയാനുള്ള അവസരം ഉണ്ടാക്കി. കുട്ടികളുമൊത്ത് പിക്നിക് വേളകളിൽ വിനോദങ്ങളിൽ ഏർപ്പെടുകയും തമ്മിലുള്ള കൂട്ടായ്മ വർദ്ധിക്കാൻ ഇടയാകുകയും ചെയ്തു. വിലയേറിയതും മറ്റിടങ്ങളിൽ കാണാത്തവിധത്തിലുള്ളതും ആയ ആഴമേറിയ കൂട്ടായ്മാബന്ധം ഞങ്ങളുടെ ഇടയിൽ ഉളവായി.

ഇതുപോലെ ചുറ്റുമുള്ളസഭകളിൽ നിന്നും ഞങ്ങൾ വ്യത്യസ്തമായി ചെയ്ത പലകാര്യങ്ങളുമുണ്ട്. പുതിയ നിയമസഭാരീതികളിലേക്കുള്ള മടങ്ങിവരവ് എളുപ്പമായിരുന്നില്ല. പലപ്പോഴും തീവ്രമായ ആത്മീയപോരാട്ടം അതിന് ആവശ്യമായിവന്നു. സാത്താൻ ശക്തമായി ഞങ്ങളെ എതിർക്കയും പല ക്രിസ്താനികളും രൂക്ഷമായി വിമർശിക്കയും ചെയ്തു. എന്നാൽ ഇക്കാലമത്രയും വലിയവനായ ദൈവം ഞങ്ങളോടൊപ്പം ഉണ്ടായിരുന്നു-അതു മാത്രമാണല്ലോ യഥാർത്ഥത്തിൽ പ്രധാനപ്പെട്ടകാര്യം.

●





# പീറ്റർ സ്കോട്ട് : നിലത്തു വീണുമരിച്ച കോതമ്പുമണി

മാത്യു ജോർജ്

**നി**ലത്തുവീണു ചാകാൻ തയ്യാറാകുന്ന ഒരു കോതമ്പുമണിയാകാൻ നാം തയ്യാറല്ലെങ്കിൽ-ഭാവിജീവിതത്തിലെ നേട്ടങ്ങൾക്കുള്ള സാദ്ധ്യത ത്യജിക്കാൻ മനസ്സില്ലെങ്കിൽ, സൽപ്പേര് അപകടപ്പെടുത്താൻ തയ്യാറല്ലെങ്കിൽ, സമ്പത്തും ആരോഗ്യവും നഷ്ടപ്പെടുത്താൻ മടിയാണെങ്കിൽ, ക്രിസ്തുനിമിത്തം സ്വന്തഭവനം ഉപേക്ഷിക്കാൻ, കുടുംബബന്ധങ്ങൾ വേണ്ടെന്നുവയ്ക്കാൻ മനസ്സില്ലെങ്കിൽ- നാം എന്നും തനിയേ ഇരിക്കും. നിലത്തു വീണ് മരണം വരിക്കാൻ തയ്യാറാണെങ്കിൽ അനേകം ധാന്യമണികൾ ഉളവാകും. ആഫ്രിക്കയിലെ വളരെ ഇടങ്ങളിൽ പ്രത്യേകിച്ച് കെനിയയിൽ പിൽക്കാലത്ത് ലക്ഷക്കണക്കിന് ക്രിസ്തീയസാക്ഷികൾ എഴുന്നേൽക്കാൻ ഇടയായതിന്റെ പിന്നിൽ സ്വന്തം പ്രാണനെ വിലയേറിയതായി എണ്ണാതെയിരുന്ന നിരവധി മിഷനറിവീരന്മാരുണ്ട്. അവരിൽ എന്തുകൊണ്ടും എടുത്തുപറയേണ്ട വ്യക്തിത്വമാണ് പീറ്റർ സ്കോട്ടിന്റേത്.

കേവലം 29 വർഷം മാത്രം നീണ്ടു നിന്ന ഹ്രസ്വമായ ഒരു ജീവിതം. പീറ്റർ കാമറൂൺ സ്കോട്ട്. 1896 ഡിസംബർ മാസം കെനിയയിൽ "ബ്ലാക് വാട്ടർ ഫീവർ" ബാധിച്ച് അദ്ദേഹം മരണമടയുമ്പോൾ യേശുവിന്റെ വാക്കുകൾ അന്വർത്ഥമാക്കിക്കൊണ്ട് ആഫ്രിക്കയുടെ മണ്ണിൽ അക്ഷരാർത്ഥത്തിൽ വീണ് ഒരു കോതമ്പുമണിയായി അഴിയുകയായിരുന്നു. യേശുവിന്റെ സ്നേഹം നിറഞ്ഞ ശക്തമായ വിളിക്ക് ചെറുപ്രായത്തിലേ ക്രിയാത്മകമായി പ്രതികരിച്ച പീറ്റർ തന്റെ അർപ്പണത്തിന്റെ പ്രതിഫലമായി നിത്യതയിൽ ഇരുണ്ടഭൂഖണ്ഡത്തിൽ നിന്നും ആയിരക്കണക്കിന് 'കറുത്ത'ധാന്യമണികൾ കണ്ട് സന്തോഷിക്കും!

1867 ൽ ക്രിസ്തീയമാതാപിതാക്കളുടെ മകനായി സ്കോട്ട്ലന്റിലെ ഗ്ലാസ്ഗോയിൽ പീറ്റർ സ്കോട്ട് ജനിച്ചു. പതിമൂന്നുവയസ്സ് പ്രായമുള്ളപ്പോൾ കുടുംബത്തോടൊപ്പം അമേരിക്കൻ ഐക്യനാടുകളിലേക്ക് കുടിയേറി. ഫിലദൽഫിയയിലായിരുന്നു സ്കോട്ട് കുടുംബം താമസമാക്കിയത്. ബാലനായ പീറ്റർ സ്നേഹിതരോടൊത്ത് ഒരിക്കൽ പ്രസിദ്ധ ഉണർവ്വുപ്രസംഗകനായ ഡി.എൽ.മൂഡി ഒരു സുവിശേഷസമ്മേളനത്തിൽ ശ്രോതാക്കൾക്കായി പാടിയത് കേൾക്കാൻ ഇടയായി. യേശുവിന്റെ സ്നേഹത്തെക്കുറിച്ചുള്ള ഒരു ഗാനം പീറ്റർ സ്കോട്ടിന്റെ ഹൃദയത്തെ സ്പർശിച്ചു. അവന്റെ കണ്ണുകൾ നിറഞ്ഞു. അനുഗൃഹീതമായ ശബ്ദത്തിന്റെ ഉടമയായിരുന്ന പീറ്റർ ചെറുപ്പത്തിലേ ഇറ്റലിക്കാരനായ ഒരു സംഗീതജ്ഞന്റെ ശിക്ഷണത്തിൽ സംഗീതം

അഭ്യസിച്ചു. പ്രസിദ്ധനായ ഒരു 'ഓപ്പറാ' ഗായകൻ ആകണം എന്നായിരുന്നു അവന്റെ മോഹം. ക്രിസ്തീയവിശ്വാസികളായ മാതാപിതാക്കന്മാർക്ക് മകന്റെ താത്പര്യത്തോട് ഒട്ടും യോജിക്കാൻ കഴിഞ്ഞില്ല. പീറ്റർ അച്ചടിവിദ്യ അഭ്യസിക്കണം എന്ന് അവർ ആഗ്രഹിച്ചു. പക്ഷേ പീറ്റർ സ്ക്കോട്ടിനെ സംബന്ധിച്ചിടത്തോളം ഓപ്പറാ സ്റ്റേജിന്റെ ആകർഷണം വളരെ ശക്തമായിരുന്നു. ഒരിക്കൽ ഒരു

**ആഫ്രിക്കയിലെ വളരെ ഇടങ്ങളിൽ പ്രത്യേകിച്ച് കെനിയയിൽ പിൽക്കാലത്ത് ലക്ഷക്കണക്കിന് ക്രിസ്തീയസാക്ഷികൾ എഴുന്നേൽക്കാൻ ഇടയായതിന്റെ പിന്നിൽ സ്വന്തം പ്രാണനെ വിലയേറിയതായി എണ്ണാതെയിരുന്ന നിരവധി മിഷനറിവീരന്മാരുണ്ട്. അവരിൽ എന്തുകൊണ്ടും എടുത്തുപറയേണ്ട വ്യക്തിത്വമാണ് പീറ്റർ സ്കോട്ടിന്റേത്.**

സംഗീതപരിപാടിക്കായി ഓപ്പറാഹൗസിന്റെ പടികൾ കയറുമ്പോൾ ആ ചെറുപ്പക്കാരൻ വളരെ വ്യക്തമായി ഒരു ശബ്ദം കേട്ടു. ദൈവം വ്യക്തിപരമായി അവനോട് സംസാരിക്കുന്നതുപോലെ.

"സ്വയപ്രശംസയുടെയും ആളുകളുടെ കൈയടിയുടെയും അടിമയായി ലോകത്തിന്റെ വിനോദങ്ങൾക്കായി നീ ജീവിതം ഉഴിഞ്ഞുവയ്ക്കുമോ?" ആ പടികളിൽ വച്ചുതന്നെ പീറ്റർ നിർണ്ണായകമായ ആ തീരുമാനമെടുത്തു. സംഗീതലോകത്തേക്കാൾ മിഷനറി ലോകത്തെ അവൻ തെരഞ്ഞെടുത്തു.

ഈ തീരുമാനത്തിന്റെ ഫലമായി എ. ബി. സിംപ്സൺ സ്ഥാപിച്ച ന്യൂയോർക്ക് മിഷനറി ട്രെയിനിംങ് കോളജിൽ ആഫ്രിക്കയിലെ മിഷനറി വേലയ്ക്കായുള്ള തയ്യാറെടുപ്പിനായി പീറ്റർ സ്ക്കോട്ട് ചേർന്നു. 1890 ൽ 23 വയസ്സുമാത്രം പ്രായമുള്ളപ്പോൾ സിംപ്സൺ പീറ്ററിനെ മിഷനറിവേലക്കായി 'കൈവപ്പ്' നൽകിയാത്രയാക്കി. ആഫ്രിക്കയുടെ പടിഞ്ഞാറൻ തീരത്തേക്കാണ് യുവാവായ പീറ്റർ യാത്ര തിരിച്ചത്. ചില മാസങ്ങൾക്കു ശേഷം കോംഗോയുടെ തീരത്ത് കപ്പലിറങ്ങി. ചെറിയ ഇടവേളയ്ക്കു ശേഷം സഹോദരനായ ജോൺ സ്ക്കോട്ട് മിഷനറിയായി കോംഗോയിലെത്തി. സഹോദരന്മാരുടെ പുനസ്സമാഗമം അത്യന്തം ഹൃദ്യമായിരുന്നെങ്കിലും ഹ്രസ്വമായിരുന്നു. വെള്ളക്കാരന്റെ ശവകുടീരത്തിൽ ഒരു ജീവിതം കൂടി അലിഞ്ഞുചേർന്നു. ജോൺ രോഗബാധിതനായി മരണമടഞ്ഞപ്പോൾ പീറ്റർ സ്വന്തസഹോദരനുവേണ്ടി ഒരു ശവപ്പെട്ടി സ്വയം ഉണ്ടാക്കി സ്വന്തകൈകൊണ്ട് ശവക്കുഴിതോണ്ടി സംസ്ക്കാരം നടത്തി. ആ ശവസംസ്ക്കാര 'ശുശ്രൂഷയ്ക്ക്' പള്ളിമണികളോ, ചരമപ്രസംഗമോ, പൂക്കളോ ഉണ്ടായിരുന്നില്ല! ഏകനായി സ്വന്തം സഹോദരന്റെ ശവക്കുഴിയുടെ അരികെ നിന്ന് പീറ്റർ ആഫ്രിക്കയിൽ സുവിശേഷം പ്രസംഗിക്കുവാൻ പുനർസമർപ്പണം നടത്തുകയായിരുന്നു.

ആഫ്രിക്കയിലെ തുടർച്ചയായ അദ്ധ്വാനം പീറ്റർ സ്ക്കോട്ടിന്റെ ആരോഗ്യം താറുമാറാക്കി. സഹോദരന്റെ മരണത്തിനു ശേഷം ചിലമാസങ്ങൾക്കുള്ളിൽ ഇംഗ്ലണ്ടിലേക്ക് വിശ്രമത്തിനായി കപ്പൽകയറാൻ പീറ്റർ നിർബന്ധിതനായി. ഈ കാലത്ത് മറ്റുള്ളവരുടെ മിഷനറിവേലകളെപ്പറ്റി വികാരഭരിതനായി വായിക്കാൻ ഇടയായി. ആഫ്രിക്കയിലേക്ക് എങ്ങനെയും മടങ്ങിപ്പോകണം എന്ന അദമ്യമായ ആശ ഉള്ളിൽ കത്തിയപ്പോഴും, തികച്ചും ക്ഷീണിതനായ താൻ





എങ്ങനെ അത് ചെയ്യും എന്ന ചിന്ത പീറ്ററിനെ അലട്ടിക്കൊണ്ടിരുന്നു. വെസ്റ്റ് മിനിസ്റ്റർ ആബിയിലുള്ള ഡേവിഡ് ലിവിംഗ്സ്റ്റന്റെ കല്ലറയ്ക്കരികെ മുട്ടുകുത്തി ആ ശവകുടീരത്തിൽ ആലേഖനം ചെയ്തിരുന്ന ബൈബിൾ വചനങ്ങൾ പീറ്റർ വായിക്കാൻ ഇടയായി. യോഹന്നാന്റെ സുവിശേഷത്തിൽ നിന്നുള്ള യേശുവിന്റെ ആ വചനങ്ങൾ ഇപ്രകാരമായിരുന്നു: "ഈ തൊഴുത്തിൽ ഉൾപ്പെടാത്ത വേറേ ആടുകളും എനിക്കുണ്ട്; അവയേയും ഞാൻ നടത്തേണ്ടതാകുന്നു....." പുതുക്കപ്പെട്ട നിശ്ചയദാർഢ്യത്തോടും പ്രത്യാശയോടും കൂടെയായിരുന്നു പീറ്റർ സ്ക്കോട്ട് മുഴങ്കാലിൽ നിന്ന് എഴുന്നേറ്റത്. ലിവിംഗ്സ്റ്റൻ ഏതൊരു ദൗത്യത്തിനായി ജീവിക്കയും മരിക്കയും ചെയ്തുവോ അതേ ദൗത്യത്തിനായി വേണ്ടിവന്നാൽ ജീവൻ വച്ചുകൊടുക്കാനുള്ള തീരുമാനമായിരുന്നു അപ്പോൾ ഉള്ളിൽ.

പീറ്റർ സ്ക്കോട്ട് വൈകാതെ അമേരിക്കയിലെത്തി. സമാനചിന്താഗതിക്കാരായ ചിലർ കൂടിയാലോചിച്ചു. ആഫ്രിക്കൻ ഭൂഖണ്ഡത്തെ കിഴക്കേ തീരത്തുനിന്നും സുവിശേഷത്തിനായി കീഴടക്കാനുള്ള ഒരു പദ്ധതി ആയിരുന്നു അവരുടെ ചർച്ചാ വിഷയം. തീരപ്രദേശങ്ങളിൽ ആംഗ്ലിക്കൻ മിഷനറിമാർ പ്രവർത്തിക്കുന്നുണ്ടായിരുന്നു. ആഫ്രിക്കയുടെ ഉൾഭാഗങ്ങളിൽ സുവിശേഷസന്ദേശം എത്തിയിട്ടില്ലാത്ത ഗോത്രങ്ങളായിരുന്നു അവരുടെ ലക്ഷ്യം. ആഫ്രിക്കൻ ഇൻലാന്റ് മിഷന്റെ (A I M) തുടക്കം ഇങ്ങനെയായിരുന്നു. പെൻസിൽവേനിയായിലെ ബൈബിൾ ഇൻസ്റ്റിട്യൂട്ട് പുതിയ മിഷനറിപ്രസ്ഥാനത്തിന്റെ ആസ്ഥാനമായി. എ.റ്റി. പിയേഴ്സൺ, സി.ഇ.ഹോൾബർട്ട് എന്നിവർ പീറ്റർ സ്ക്കോട്ടിനോടൊപ്പം പ്രാരംഭ ആലോചനകളിൽ പങ്കാളികളായിരുന്നു. പിൽക്കാലത്ത് AIM ൽ ഇരുവരും നിർണ്ണായകമായ പങ്കുവഹിക്കുകയുണ്ടായി. 1895 ൽ പെൻസിൽവേനിയയിൽ നിന്നും പീറ്റർ സ്ക്കോട്ടും മറ്റ് ഏഴുപേരും ആഫ്രിക്കയിലെ മിഷനറി വേലയ്ക്കായി A I M ന്റെ കൊടിക്കീഴിൽ യാത്ര പുറപ്പെട്ടു. പീറ്ററിന്റെ സഹോദരി മാർഗററ്റും ഈ സംഘത്തിൽ ഒരാളായിരുന്നു.

ഈ മിഷനറി സംഘം സാൻസിബാറിൽ എത്തി. അവിടെ നിന്നും ഉൾപ്രദേശങ്ങളിലേക്ക് സഞ്ചരിച്ച്



*ആഫ്രിക്കൻ വനാന്തരത്തിൽ വീണ കോതമ്പു മണി:*
**പീറ്റർ സ്കോട്ട്**

കെനിയയിലെ ആദ്യത്തെ മിഷനറി കേന്ദ്രത്തിന് തുടക്കമിട്ടു. ആറുമാസത്തിനുള്ളിൽ പീറ്റർ പുതിയ മിഷൻ സ്റ്റേഷനുകൾക്കായുള്ള അന്വേഷണം ആരംഭിച്ചു കഴിഞ്ഞിരുന്നു. തന്റെ മാതാപിതാക്കളും ഇളയ സഹോദരി 'ഇനാ'യും ഇതിനകം സ്വദേശത്തുനിന്നും കെനിയയിലേക്ക് മിഷനറിവേലയ്ക്കായി യാത്ര തിരിച്ചിരുന്നു. 1896 ൽ എ.ഐ.എം. ന്റെ ആദ്യത്തെ വാർഷികറിപ്പോർട്ട് തയ്യാറാക്കുമ്പോൾ നിരവധി നേട്ടങ്ങൾ പീറ്ററിന് ദൈവസന്നിധിയിൽ ഓർക്കാനുണ്ടായിരുന്നു. നാല് മിഷനറികേന്ദ്രങ്ങൾ, പലഭവനങ്ങൾ ഇവ പണികഴിപ്പിച്ചിരുന്നു. ആതുരസേവനം നൽകാനുള്ള സമഗ്രമായ

ഒരുപദ്ധതി തുടങ്ങി. ഭാഷാപഠനത്തിൽ ഗണ്യമായ പുരോഗതി മിഷനറിമാർ കൈവരിച്ചുകഴിഞ്ഞിരുന്നു. ഒന്നാം വാർഷികറിപ്പോർട്ട് അമേരിക്കയിൽ എത്തി അധികം വൈകാതെ മിഷനറി നേതാവായ പീറ്റർ സ്കോട്ട് രോഗബാധിതനായ വാർത്തയും എത്തി. ആഫ്രിക്കയുടെ അതികഠിനമായ ചുറ്റുപാടുകൾ പീറ്ററിനെ തളർത്തിയിരുന്നു. ഒരു വർഷം 2600 മൈലുകൾ കാൽനടയായി നടന്ന ഒരു മിഷനറിയുടെ ജീവിതം എത്ര ക്ലേശകരവും തിരക്കുള്ളതും ആയിരുന്നു എന്ന് ഊഹിക്കാ

> **ആഫ്രിക്കയുടെ അതികഠിനമായ ചുറ്റുപാടുകൾ പീറ്ററിനെ തളർത്തിരുന്നു. ഒരു വർഷം 2600 മൈലുകൾ കാൽനടയായി നടന്ന ഒരു മിഷനറിയുടെ ജീവിതം എത്ര ക്ലേശകരവും തിരക്കുള്ളതും ആയിരുന്നു എന്ന് ഊഹിക്കാവുന്നതേയുള്ളൂ. മാരകമായ ബ്ലാക് വാട്ടർ ജ്വരം പീറ്ററിനെ കീഴടക്കുകയായിരുന്നു. പ്രിയ മാതാവ്, പീറ്ററിനെ അത്യന്തം ശ്രദ്ധയോടെ പരിചരിച്ചെങ്കിലും ഫലമുണ്ടായില്ല.**

വുന്നതേയുള്ളൂ. മാരകമായ ബ്ലാക് വാട്ടർ ജ്വരം പീറ്ററിനെ കീഴടക്കുകയായിരുന്നു. പ്രിയ മാതാവ്, പീറ്ററിനെ അത്യന്തം ശ്രദ്ധയോടെ പരിചരിച്ചെങ്കിലും ഫലമുണ്ടായില്ല. 1896 ഡിസംബർ മാസം എട്ടാം തീയതി പീറ്റർ മരണത്തിന്റെ കരങ്ങളിൽ ഉറങ്ങി. രണ്ടാമത്തെ ആഫ്രിക്കൻ ദൗത്യം തുടങ്ങി കേവലം പതിനാലു മാസങ്ങൾക്കുള്ളിൽ മിഷനറിസംഘത്തിന്റെ തലവനെ അങ്ങനെ മരണം കവർന്നെടുത്തു. എ.ഐ.എം ന്റെ ജീവരക്തമായിരുന്ന പീറ്ററിന്റെ അകാലനിര്യാണം മിഷനറിപ്രസ്ഥാനത്തെ പ്രതിസന്ധിയിലാഴ്ത്തി. ഒന്നിനു പിൻപേ ഒന്നായി മിഷനറിസംഘത്തിലുണ്ടായിരുന്ന എല്ലാവരും മരണമടഞ്ഞു.

1899 ആയപ്പോഴേക്കും വില്യംഹാം ഗ്രെറ്റ് എന്ന മിഷനറിമാത്രം സുവിശേഷവയലിൽ ശേഷിച്ചു. ദൈവകൃപയാൽ രണ്ടുപുതിയ മിഷനറിമാർ വൈകാതെ കെനിയയിലെത്തി. പ്രവർത്തനങ്ങൾക്ക് വീണ്ടും ജീവൻ വച്ചു. മരണമടഞ്ഞ മിഷനറിമാർക്ക് പകരക്കാരായി വന്ന പലരും അവരുടെ സാമാനങ്ങൾ ശവപ്പെട്ടികളിൽ ഉള്ളടക്കം ചെയ്താണ് എത്തിയിരുന്നത്! മരണത്തെ മുഖത്തുനോക്കി വെല്ലുവിളിച്ച ധീരയോദ്ധാക്കൾ!!

ഈ മിഷനറിമാരുടെ ഇത്തരം സമർപ്പണം ഒടുവിൽ ആഫ്രിക്കക്കാരുടെ ഹൃദയം തുറന്നു. 1900-ാമാണ്ടിൽ കെനിയയിൽ കേവലം ഒരു ശതമാനത്തിൽ താഴെ ക്രിസ്ത്യാനികൾ ഉണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് 80% പേർ ക്രിസ്തീയവിശ്വാസം ഏറ്റുപറയുന്നവരാണ്. ഈ വിധത്തിലുള്ള സഭാവളർച്ചയ്ക്ക് ബീജാവാപം നടത്തിയത് പീറ്റർ സ്ക്കോട്ട് ആണെന്ന ചരിത്രസത്യം ഒരിക്കലും വിസ്മരിച്ചുകൂടാ.

സുവിശേഷം പ്രസംഗിക്കാനുള്ള തീക്ഷ്ണമായ ആഗ്രഹം നിമിത്തം പഠനം പാതിവഴിയിൽ ഉപേക്ഷിച്ച പീറ്റർ സ്ക്കോട്ട് തന്റെ അദ്ധ്വാനശീലം, ഏകാഗ്രത എന്നീ കാര്യങ്ങൾക്കൊണ്ട് ആ കുറവ് നികത്തി. പീറ്റർ സ്ക്കോട്ട് വിവാഹം കഴിച്ചിരുന്നില്ല. ദൈവനിയോഗം തികയ്ക്കാനുള്ള ഓട്ടത്തിൽ വിവാഹക്കാര്യം മറന്നുപോയി എന്നു പറയുന്നതാവും ശരി.

യേശുവിന്റെ സ്നേഹാഹ്വാനം വ്യക്തമായി കേൾക്കാൻ പീറ്റർ കാമറൂൺ സ്ക്കോട്ടിന്റെ ഹ്രസ്വമായ ജീവിതത്തെപ്പറ്റിയുള്ള ഈ വരികൾ വായിക്കുന്ന ഓരോരുത്തർക്കും കഴിഞ്ഞെങ്കിൽ!

●



ധ്യാനം

# സൗമ്യതയുടെ മാർഗ്ഗം

ജോസ് മാത്യു, തിരുവനന്തപുരം

'ഞാൻ സൗമ്യതയും താഴ്മയും ഉള്ളവനാകുന്നു' എന്ന് കർത്താവായ യേശു പ്രസ്താവിച്ചിരിക്കുന്നു. സൗമ്യത യേശുവിന്റെയും തന്റെ മണവാട്ടിയായ സഭയുടെയും സ്വഭാവവൈശിഷ്ട്യമാണ്. "സൗമ്യതയുള്ളവർ അസൂയാർഹമാംവിധം അനുഗൃഹീതരാകുന്നു", (1) എന്നും യേശു അരുളിച്ചെയ്തിട്ടുണ്ട്. സൗമ്യതയുടെ മാർഗ്ഗം സ്വർഗ്ഗത്തിലേക്കുള്ള മാർഗ്ഗം തന്നെയാണെന്നു പറയാം.

അങ്ങനെയെങ്കിൽ എന്താണീ സൗമ്യത? താഴ്മയെ ഒരാളുടെ ഹൃദയത്തിന്റെ ആഴത്തിലുള്ള ഒരു മനോഭാവമെന്നു വിശേഷിപ്പിക്കാം; താഴ്മയുള്ള വ്യക്തിയുടെ ഒരു ബാഹ്യഭാവമായി നമുക്കു സൗമ്യതയെ കാണാനും കഴിയും. സൗമ്യതയുള്ള ഒരാൾ ശാന്തനും മൃദുസ്വഭാവിയും പിടിവാശിയില്ലാത്തവനുമായിരിക്കും; തന്റെ ദൃഷ്ടിയിൽ എളിയവനായതുകൊണ്ട് സദാ തന്റെ കാര്യങ്ങൾ ദൈവത്തിൽ ഭരമേല്പിക്കാൻ അവൻ മനസ്സുള്ളവനായിരിക്കും.

## അതിസൗമ്യനായിരുന്ന മോശെ

"മോശെ എന്ന പുരുഷനോ ഭൂതലത്തിലുള്ള സകലമനുഷ്യരിലുംവച്ച് അതിസൗമ്യനായിരുന്നു"(2) ദൈവപുരുഷനായ മോശെയുടെ സൗമ്യതയെക്കുറിച്ച് പരാമർശിക്കുന്ന പശ്ചാത്തലം ശ്രദ്ധിക്കുക. എപ്പോഴാണ് മോശെയുടെ സൗമ്യത പ്രകടമായത്? തന്റെ സ്വന്ത സഹോദരനും സഹോദരിയും ജനലക്ഷങ്ങളുടെ നേതാവായ തനിക്കെതിരായി ആരോപണങ്ങൾ ഉന്നയിച്ചപ്പോൾ സ്വയം ന്യായീകരിക്കാൻ തുനിയാതെ മോശെ മൗനമായിരുന്നു. എന്നാൽ ഉടനെതന്നെ ദൈവം ഇടപെടുന്നതും തന്റെ ദാസനെ ന്യായീകരിച്ച് സംസാരിക്കുന്നതും ശ്രദ്ധിക്കുക. നാം

> **എന്താണീ സൗമ്യത? താഴ്മയെ ഒരാളുടെ ഹൃദയത്തിന്റെ ആഴത്തിലുള്ള ഒരു മനോഭാവമെന്നു വിശേഷിപ്പിക്കാം. താഴ്മയുള്ള വ്യക്തിയുടെ ഒരു ബാഹ്യഭാവമായി നമുക്കു സൗമ്യതയെ കാണാനും കഴിയും. സൗമ്യതയുള്ള ഒരാൾ ശാന്തനും മൃദുസ്വഭാവിയും പിടിവാശി ഇല്ലാത്തവനുമായിരിക്കും. തന്റെ ദൃഷ്ടിയിൽ എളിയവനായതുകൊണ്ട് സദാ തന്റെ കാര്യങ്ങൾ ദൈവത്തിൽ ഭരമേല്പിക്കാൻ അവൻ മനസ്സുള്ളവനായിരിക്കും.**

സൗമ്യതയുള്ളവരാണെങ്കിൽ മറ്റുള്ളവർ നമുക്കെതിരെ ആരോപണങ്ങൾ ഉന്നയിക്കുമ്പോൾ തെല്ലും അസ്വസ്ഥരാകാതെ, കാര്യങ്ങൾ ദൈവമുമ്പാകെ സമർപ്പിച്ച് സ്തോത്രം ചെയ്തുകൊണ്ടിരിക്കാൻ നമുക്കു കഴിയും!

## യേശുവിന്റെ സൗമ്യത

പ്രതാപശാലികളായ രാജാക്കന്മാരും സൈന്യാധിപന്മാരും കുതിരപ്പുറത്തുകയറി പ്രൗഢിയോടെ യാത്രചെയ്യുന്നു. രാജാവായ യേശുവാകട്ടെ, "സൗമ്യനായി കഴുതപ്പുറത്തുകയറി" (3) യാണ് യെരുശലേമിലേക്ക് യാത്രചെയ്തത്.

ശാന്തമായി നടന്നു പോകുന്ന കഴുതയെ സൗമ്യതയുടെ ഒരു ബാഹ്യപ്രതീകമായി ചിത്രീകരിച്ചിരിക്കുന്നു.

തന്റെ ക്രൂശീകരണത്തിനു തൊട്ടുമുമ്പായി യേശുവിന്റെ സൗമ്യത പ്രകടമാകുന്നതു ശ്രദ്ധിക്കുക:“മഹാപുരോഹിതന്മാരും മൂപ്പന്മാരും കുറ്റം ചുമത്തുകയിൽ അവൻ ഒന്നും ഉത്തരം പറഞ്ഞില്ല. പീലാത്തോസ് അവനോട്: ഇവർ നിന്റെ നേരേ എന്തെല്ലാം സാക്ഷ്യം പറയുന്നു എന്നു കേൾക്കുന്നില്ലയോ എന്നു ചോദിച്ചു. അവൻ ഒരു വാക്കിനും ഉത്തരം പറയായ്കയാൽ നാടുവാഴി അത്യന്തം ആശ്ചര്യപ്പെട്ടു.”(4) അതിമനോഹരമായ ഈ ജീവിതമാതൃകയെ നമുക്കു ധ്യാനിക്കാം. മറ്റുള്ളവർക്ക് ആശ്ചര്യമുളവാക്കുന്ന സൗമ്യത! ഈ സൗമ്യതയുടെ ഉടമകളായിരിക്കാനാണ് ഓരോ ക്രിസ്ത്യാനിയും വിളിക്കപ്പെട്ടിരിക്കുന്നത്. ഈ മാർഗ്ഗത്തിൽ മുന്നേറുന്നതിൽ നിന്ന് നമ്മെ തടയുന്നത് നമ്മുടെ നിഗളം, അഹങ്കാരം, ഉന്നതഭാവം എന്നിവയാണെന്നതിൽ സംശയം വേണ്ട.

**സൗമ്യതയുള്ള ഒരാൾ എല്ലായ്പ്പോഴും ഒരു ‘പച്ചപ്പാവം’ ആയിരിക്കണമെന്നല്ല ഇപ്പറഞ്ഞതിന്റെ അർത്ഥം. ആവശ്യഘട്ടങ്ങളിൽ ദൃഢതയോടും കർക്കശതയോടുംകൂടെ ഇടപെടാനും അവർക്കു കഴിയും. മോശെയും യേശുവും അപ്പോസ്തലന്മാരുമെല്ലാം എല്ലായ്പ്പോഴും വായടച്ച് ശാന്തരായി ഇരിക്കുകയല്ലല്ലോ ചെയ്തത്. പാപം, തിന്മ, ദുഷ്ടത, ലോകമയത്വം, പണസ്നേഹം എന്നിത്യാദികൾക്കെതിരായി ആഞ്ഞടിക്കാനും ശബ്ദമുയർത്താനും സൗമ്യനായ ഒരാൾക്കു വിഷമമുണ്ടാവില്ല.**

നമ്മുടെ കർത്താവിന്റെ വാക്കുകൾ വീണ്ടും കേൾക്കുക:“ഞാൻ സൗമ്യതയും താഴ്മയും ഉള്ളവനാകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോട് പഠിക്കുവിൻ; എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും.” (5) പണ്ടേയുള്ള ദൈവത്തിന്റെ സ്വഭാവത്തിനും പദ്ധതികൾക്കും ഇന്നും യാതൊരു മാറ്റവും വന്നിട്ടില്ല. ഇതാ നോക്കുക:

“സൗമ്യതയുള്ളവരെ അവൻ ന്യായത്തിൽ നടത്തുന്നു; സൗമ്യതയുള്ളവർക്ക് തന്റെ വഴി പഠിപ്പിച്ചു കൊടുക്കുന്നു” (6) സാധാരണക്കാരനായ ഓരോ ക്രിസ്ത്യാനിക്കും ഇന്ന് ഈ അനുഗൃഹീതജീവിതം സാധ്യമാണ്.

**ആത്മാവിന്റെ ഫലം**

ആത്മഫലപ്പട്ടികയിൽ അപ്പൊസ്തലനായ പൗലൊസ് താഴ്മയെ ഉൾക്കൊള്ളിക്കാതെ പകരം താഴ്മയുടെ ബഹിർസ്ഫുരണമായ ‘സൗമ്യത’യെ എടുത്തു പറഞ്ഞിരിക്കുന്നത് ശ്രദ്ധേയമാണ്. “ആത്മാവിന്റെ ഫലമോ: സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം.” (7) സൗമ്യതയെന്ന ഈ ആത്മഫലത്തിന്റെ വേരുകൾ ആഴമായ താഴ്മയിലേക്കാണ് ഇറങ്ങിപ്പോയിരിക്കുന്നത്. യഥാർത്ഥമായ ഹൃദയത്താഴ്മയുടെ അഭാവത്തിലും ചിലപ്പോൾ സൗമ്യശീലം പ്രകടമായെന്നു വരാം; എങ്കിലും അതുവെറും പുറംപൂച്ചും അഭിനയവും മാത്രമാകുന്നു.

**ജ്ഞാനലക്ഷണം**

യഥാർത്ഥജ്ഞാനിയുടെ ലക്ഷണമെന്താണ് യാക്കോബ് അപ്പോസ്തലൻ വ്യക്തമാക്കുന്നു: “നിങ്ങളിൽ ജ്ഞാനിയും വിവേകിയുമായവൻ ആർ? അവൻ ജ്ഞാനലക്ഷണമായ സൗമ്യതയോടെ നല്ല നടപ്പിൽ തന്റെ





പ്രവൃത്തികളെ കാണിക്കട്ടെ.” (8) അങ്ങനെ ക്രിസ്തുവിന്റെ മനത്താഴ്മയും സൗമ്യതയും ഇല്ലാത്തവർ ദൈവത്തിന്റെ വിലയിരുത്തലിൽ കേവലം ഭോഷന്മാരെന്നു വ്യക്തമാകുന്നു. പകരത്തിനുപകരം ചെയ്യുക, തിരിച്ചടിക്കുക, പ്രതികാരം ആലോചിക്കുക, ഭീഷണിപ്പെടുത്തുക, കുറ്റപ്പെടുത്തപ്പെടുമ്പോൾ പ്രതിരോധിക്കുക, സ്വയം ന്യായീകരിക്കുക ഇവയെല്ലാം നമ്മിലുള്ള സൗമ്യതയില്ലായ്മയെയും ഭോഷത്തത്തെയുമാണ് വിളിച്ചറിയിക്കുന്നത്.

ഇനി, നാം എപ്രകാരമാണ് ദൈവവചനത്തെ സ്വീകരിക്കേണ്ടത് എന്നും യാക്കോബ് പ്രസ്താവിക്കുന്നു: “...നിങ്ങളുടെ ആത്മാക്കളെ രക്ഷിപ്പാൻ ശക്തിയുള്ളതും ഉൾനട്ടതുമായ വചനം സൗമ്യതയോടെ കൈക്കൊള്ളുവിൻ” (9) സൗമ്യതയോടെ സ്വീകരിക്കുമ്പോൾ മാത്രമേ വചനം ഒരു വ്യക്തിയുടെ ആത്മാവിനു പോഷണമായിത്തീരുകയുള്ളൂ; അല്ലാത്തപക്ഷം ബുദ്ധിയും വികാരങ്ങളും മാത്രമേ പോഷിപ്പിക്കപ്പെടുകയുള്ളൂ. നീണ്ടവർഷങ്ങൾ വചനം പഠിച്ചശേഷവും വിശ്വാസികൾ ക്രിസ്തുവിന്റെ സൽഗുണങ്ങൾ നേടാതിരിക്കുന്നത് ഇക്കാരണത്താലാണ്.

**സ്ത്രീകളുടെ അലങ്കാരം**

ദൈവഭക്തിയുള്ള ഭാര്യമാർ അഥവാ സത്രീകളെക്കുറിച്ച് പത്രോസ് അപ്പൊസ്തലൻ എന്താണു പറയുന്നതെന്നു നോക്കാം. “നിങ്ങളുടെ അലങ്കാരം....പുറമേയുള്ളതല്ല, സൗമ്യതയും സാവധാനതയുമുള്ള മനസ്സ് എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നേ ആയിരിക്കണം; അതു ദൈവസന്നിധിയിൽ വിലയേറിയതാകുന്നു.” (10) കേശാലങ്കാരം, പൊന്നാഭരണങ്ങൾ, ശ്രദ്ധിക്കപ്പെടുന്ന വസ്ത്രങ്ങൾ എന്നിങ്ങനെയുള്ള പുറമേയുള്ള അലങ്കാരങ്ങൾ മനുഷ്യരുടെ മുമ്പാകെ വിലപ്പെട്ടവയാകുന്നുവെങ്കിലും അവ ദൈവദൃഷ്ടിയിൽ വിലയുള്ളവയല്ല. അവയ്ക്ക് പരിമിതമായ പ്രാധാന്യമേയുള്ളൂവെന്നു സാരം. എന്നാൽ ദൈവഭക്തമാരായ സ്ത്രീകളിൽ ദൈവം നോക്കുന്ന അലങ്കാരം പുറമേയുള്ളതല്ല, പ്രത്യുത സൗമ്യതയും സാവധാനതയുമുള്ള (ശാന്തതയും അടക്കവുമുള്ള) ഒരു മനസ്സ് (പ്രകൃതം, സ്വഭാവം) അത്രേ.

സൗമ്യതയുള്ള ഒരാൾ എല്ലായ്പ്പോഴും ഒരു ‘പച്ചപ്പാവം’ ആയിരിക്കണമെന്നല്ല ഇപ്പറഞ്ഞതിന്റെ അർത്ഥം. ആവശ്യഘട്ടങ്ങളിൽ ദൃഢതയോടും കർക്കശതയോടുംകൂടെ ഇടപെടാനും അവർക്കു കഴിയും. മോശെയും യേശുവും അപ്പോസ്തലന്മാരുമെല്ലാം എല്ലായ്പ്പോഴും വായടച്ച് ശാന്തരായി ഇരിക്കുകയല്ലല്ലോ ചെയ്തത്. പാപം, തിന്മ, ദുഷ്ടത, ലോകമയത്വം, പണസ്നേഹം എന്നിത്യാദികൾക്കെതിരായി ആഞ്ഞടിക്കാനും ശബ്ദമുയർത്താനും സൗമ്യനായ ഒരാൾക്കു വിഷമമുണ്ടാവില്ല. കുഞ്ഞാടായ നമ്മുടെ കർത്താവ് യഹൂദയുടെ സിംഹവും കൂടി ആകുന്നുവല്ലോ.

ചുരുക്കിപ്പറഞ്ഞാൽ ആത്മനിറവിന്റേയും ഉയരത്തിൽനിന്നുള്ള ജ്ഞാനത്തിന്റേയും പ്രത്യക്ഷലക്ഷണമാണ് സൗമ്യത. ഓരോ ക്രിസ്ത്യാനിക്കും സ്ത്രീപുരുഷഭേദമെന്യേ സൗമ്യത നിറഞ്ഞ മനസ്സും വാക്കും പ്രവൃത്തിയും അത്യന്താപേക്ഷിതമായിരിക്കുന്നു. അതേ, സൗമ്യതയുള്ളവർ വാസ്തവമായും അനുഗൃഹീതർ തന്നെ; അവർ സ്വർഗ്ഗത്തിലേക്കുള്ള മാർഗ്ഗത്തിലാണ്, സംശയമില്ല.

---

1. മത്തായി 5:5, 2) സംഖ്യാ 12:3, 3) മത്താ.21:4, 4) മത്താ. 27:12–14, 5) മത്താ. 11:29, 6) സങ്കീ. 25:9, 7) ഗലാ.5:22, 8) യാക്കോ.3:13, 9) യാക്കോ. 1:21, 10) 1 പത്രോ. 3: 3,4.

■

ചിന്തയ്ക്ക്

# ക്രിസ്തീയത കളിയും ചിരിയുമോ?

**എ.ഡബ്ല്യൂ. ടോസർ**

*"തീർച്ചയായും ദൈവികതയുടെ എല്ലാ മർമ്മങ്ങളും അറിയുവാൻ മനുഷ്യന് സാധ്യമല്ല. എന്നാൽ അവന് ഈ ജീവിതത്തിൽ ദൈവത്തെക്കുറിച്ച് അറിയുവാൻ കഴിയുന്നതെല്ലാം തന്നെ യേശുക്രിസ്തുവിൽ വെളിപ്പെട്ടിരിക്കുന്നു."*

**1. നഷ്ടപ്പെട്ട മനുഷ്യാ, ക്രിസ്തുവിൽ നീ വിശ്രമം കണ്ടെത്തുക**

ഏതോ പുതിയതരം കളിയും ചിരിയും എന്ന മട്ടിൽ, ആഴമേറിയ ക്രിസ്തീയ ജീവിതത്തെക്കുറിച്ച് അന്തമില്ലാത്ത സംവാദത്തിലേർപ്പെടുന്ന ചില വിശ്വാസികളുണ്ട്. "ആഴമായ ജീവിതം" എന്ന പദപ്രയോഗം കേൾക്കുന്നതുതന്നെ ചിലപ്പോൾ എന്നിൽ അസ്വസ്ഥതയുളവാക്കുന്നു; കാരണം, പലർക്കും സംസാരിക്കുവാൻ താത്പര്യമുള്ള ഒരു വിഷയം മാത്രമാണിത്. എന്നാൽ സ്വാർത്ഥലാഭേച്ഛയില്ലാതെ ദൈവത്തെ അറിയുവാനും സ്നേഹിക്കുവാനും തത്പരരായവർ ആരും തന്നെ ഇവരിൽ ഇല്ലെന്ന് തോന്നുന്നു!

ദൈവമാണ് ആഴമായ ജീവിതം. യേശുക്രിസ്തുതന്നെയാണ് ആഴമായ ജീവിതം. ത്രിയേകദൈവത്തെ അറിയുവാനായി ഞാൻ എന്നെത്തന്നെ സമർപ്പിക്കുമ്പോഴാണ് താനുമായുള്ള അനുഗൃഹീതകൂട്ടായ്മയിലേക്ക് എന്റെ ഹൃദയം ഉയർന്നുചെല്ലുന്നത്. തത്ഫലമായി ഞാൻ കുറയുന്നു; അവിടുന്ന് വളരുന്നു-എന്റെ ആത്മീയജീവിതത്തിന്റെ ആഴം കൂടുകയും ദൈവേഷ്ടത്തിന്റെ പരിജ്ഞാനത്തിൽ ഞാൻ ശക്തിപ്പെടുകയും ചെയ്യുന്നു.

"അവനെ....അനുഭവിച്ചറിയേണ്ടതിനും" (ഫിലി.3:10), എന്നുള്ള തന്റെ തീവ്രമായ ആഗ്രഹം പ്രകടിപ്പിച്ചതിലൂടെ പൗലോസ് അർത്ഥമാക്കിയത് ഇതുതന്നെയാണെന്ന് ഞാൻ ചിന്തിക്കുന്നു. ഒരു പരിചയത്തിനുവേണ്ടിയുള്ള ആഗ്രഹത്തേക്കാളുപരി, രക്ഷാപദ്ധതിയിൽ ദൈവം നൽകിയിട്ടുള്ള ദൈവികകൂട്ടായ്മയുടെ സമ്പൂർണ്ണ പരിജ്ഞാനത്തിലേക്ക് ആകർഷിക്കപ്പെടുവാനുള്ള അദമ്യമായ ഹൃദയവാഞ്ഛയായിരുന്നു അദ്ദേഹത്തിന്റേത്.

മറ്റൊരു സൃഷ്ടിക്കും അനുഭവവേദ്യമല്ലാത്തവണ്ണം അതുല്യവും ഉന്നതവുമായ ദൈവികകൂട്ടായ്മ അറിയുവാനും അനുഭവിക്കുവാനും വേണ്ടിയാണ് ആദിയിൽ തന്റെ സ്വരൂപത്തിൽ ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. എന്നാൽ പാപത്തിന്റെ പരിണതഫലമായി, ഈ അറിവ്-ദിനം തോറുമുള്ള ദൈവികപങ്കാളിത്തം-അവന് നഷ്ടപ്പെട്ടു. വ്യർത്ഥനിരൂപണങ്ങളാൽ ഇരുണ്ട ഹൃദയവുമായി, ദൈവികപരിജ്ഞാനത്തെ ഹൃദയത്തിൽ ധരിക്കുവാൻ ഇഷ്ടമില്ലാത്ത മൂഢന്മാരെ ദൈവം നികൃഷ്ടബുദ്ധിയിൽ ഉചിതമല്ലാത്തതു ചെയ്യുവാൻ ഏല്പിച്ചതിന്റെ സ്പഷ്ടമായ ചിത്രം റോമാലേഖനം ഒന്നാം അധ്യായത്തിൽ നാം കാണുന്നു. ഇതാണ് ബൈബിൾ നൽകുന്ന മനുഷ്യന്റെ രേഖാചിത്രം.







**മുമ്പെങ്ങുമില്ലാത്തവണ്ണം മനുഷ്യർ അന്യോന്യം പോരാടിക്കൊണ്ടിരിക്കുന്നു. ലോകചരിത്രത്തിൽതന്നെ ഏറ്റവും കൂടുതൽ വിദ്വേഷവും, സംശയവും, അരാജകത്വവും, വഞ്ചനയും, ഒറ്റിക്കൊടുക്കലും, കൊലയും മറ്റെല്ലാ കുറ്റകൃത്യങ്ങളും ഇന്ന് വ്യാപകമാണ്.**

മറ്റൊരു സൃഷ്ടിക്കും കഴിയാത്തവണ്ണം ദൈവത്തെ അറിയുവാനുള്ള വലിയ സാധ്യത അവനിൽ അന്തർലീനമായിരിക്കുന്നു. എങ്കിലും, അവൻ നഷ്ടപ്പെട്ടിരിക്കുന്നു. ദൈവികപരിജ്ഞാനത്തിന്റെ അഭാവത്തിൽ തന്റെ ഉന്നതമായ ഉത്ഭവത്തിന് നിരക്കാത്ത പ്രകൃതവും, തന്നെ ചുറ്റിമൂടുന്ന ശൂന്യതയുമായി അവൻ നിരാശാമഗ്നനാകുന്നു. ധിഷണയും ധാർമ്മികബോധവുമുള്ളവനായി സൃഷ്ടിക്കപ്പെട്ട മനുഷ്യൻ, ദൈവം നൽകിയ ഉന്നതമായ സ്ഥാനവും, തന്റെ നിവാസസ്ഥലവും നഷ്ടമാക്കിയതിലൂടെ അനുഭവിക്കുന്ന വലിയ ആന്തരികസംഘർഷത്തിന്റെ പ്രതിഫലനമാണ് ഈ നിരാശയും, ശൂന്യതയും, നഷ്ടബോധവും. താൻ സൃഷ്ടിക്കപ്പെട്ടതിന്റെ ഉന്നതമായ ഉദ്ദേശ്യം നിറവേറ്റുവാൻ കഴിയാത്ത പാപിയായ മനുഷ്യന് അന്തമില്ലാത്ത പരാജയവും വേദനയുമല്ലാതെ മറ്റെന്താണ് അറിയുവാൻ കഴിയുക?

തനത് വ്യക്തിത്വവും പ്രത്യേകതയുമുള്ള ജീവനോടെയാണ് ദൈവം ഓരോ ജീവജാലത്തെയും സൃഷ്ടിച്ചതെന്ന് നാം വിശ്വസിക്കുന്നു. അതിന്റേതായ ചുറ്റുപാടിൽ ജീവിക്കുവാനുള്ള പ്രത്യേക സജ്ജീകരണം ദൈവം ഓരോ ജീവനും നൽകിയിരിക്കുന്നു. അതുകൊണ്ടുതന്നെ, തന്റെ ചുറ്റുപാടിൽ നിലനിന്നുകൊണ്ട് സൃഷ്ടിക്കപ്പെട്ട തരത്തിൽ ജീവിക്കുമ്പോഴാണ് ഓരോ ജീവജാലത്തിനും സൃഷ്ടിയുടെ ഉദ്ദേശ്യം നിറവേറ്റുവാൻ കഴിയുക. അതിനാൽ, ഏതു സൃഷ്ടിയെക്കുറിച്ചും പറയുവാൻ കഴിയുന്ന ഏറ്റവും ഉന്നതമായ കാര്യം, അത് "ദൈവം സൃഷ്ടിച്ചതിന്റ ഉദ്ദേശ്യം നിറവേറ്റി" എന്നുള്ളതാണ്.

തിരുവെഴുത്തിൻപ്രകാരം മനുഷ്യൻ മാത്രമാണ് ദൈവസ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടത്. സാറാഫുകളോ, കെരൂബുകളോ, ദൂതന്മാരോ, പ്രധാനദൂതന്മാരോ ദൈവസ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടു എന്ന് സൂചിപ്പിക്കുന്ന ഒരു വേദഭാഗവും ബൈബിളിൽ കാണുന്നില്ല. സൃഷ്ടിക്കപ്പെട്ട ഏത് സൃഷ്ടിയേക്കാളും ദൈവസാദൃശ്യമുള്ളത് മനുഷ്യനാണ്. മനുഷ്യൻ സൃഷ്ടിക്കപ്പെട്ടവിധം ശ്രദ്ധിച്ചാൽ, മനുഷ്യാത്മാവിനെപ്പോലെ ദൈവസാദൃശ്യത്തിലുള്ള മറ്റൊന്നും തന്നെ ഈ പ്രപഞ്ചത്തിലില്ല. മനുഷ്യന്റെ പാപത്തിന്റെയും നഷ്ടപ്പെട്ട അവസ്ഥയുടെയും മുമ്പിൽപോലും, കൃപയാൽ, ഈ പ്രപഞ്ചത്തിലെ മറ്റെന്തിനേക്കാളും അധികം

ദൈവസാദൃശ്യം പ്രാപിക്കുവാനുള്ള സാധ്യത അവന്റെ ആത്മാവിലും സ്വഭാവത്തിലും ഉണ്ട്.

മനുഷ്യന്റെ പാപത്തെക്കുറിച്ചോ, തത്ഫലമായുള്ള അവന്റെ നഷ്ടാവസ്ഥയെക്കുറിച്ചോ, നമുക്ക് ചോദ്യങ്ങളില്ല. മാനസാന്തരപ്പെടാത്ത മനുഷ്യൻ, ശൂന്യതയുടെ തീവ്രമായ അന്ധകാരത്തിൽ മുങ്ങി നഷ്ടപ്പെട്ടിരിക്കുന്നു. ദൈവത്തെ അറിയുവാനായി സൃഷ്ടിക്കപ്പെട്ട മനുഷ്യർ, ദുർഗന്ധം വമിക്കുന്ന ഓടയിലേക്ക് ഓടിക്കൊണ്ടിരിക്കുന്നു. കൂട്ടിലടയ്ക്കപ്പെട്ട കിളിയെപ്പോലെയും കരയിലിടപ്പെട്ട മീനിനെപ്പോലെയും അവൻ ആയിരിക്കുന്നത് ഇതുകൊണ്ടാണ്. യുദ്ധവും വിദ്വേഷവും, കൊലയും അത്യാഗ്രഹവും! സഹോദരൻ സഹോദരനെതിരെ!! മനുഷ്യന്റെ ഈ അധമമായ പ്രവൃത്തികൾക്ക് മറ്റൊരു കാരണവുമില്ല.

തത്വശാസ്ത്രവും മനഃശാസ്ത്രവും സാമൂഹികശാസ്ത്രവും മറ്റ് ശാസ്ത്രവിഷയങ്ങളുമെല്ലാം, ലോകത്തെ മെച്ചമായ വാസസ്ഥലമാക്കുമെന്നാണ് സമർത്ഥരായ മനുഷ്യർ ഒരിക്കൽ നമ്മോട് പറഞ്ഞത്. എന്നാൽ കാലം മുന്നോട്ടു നീങ്ങുമ്പോൾ മുമ്പെങ്ങുമില്ലാത്തവണ്ണം മനുഷ്യർ അന്യോന്യം പോരാടിക്കൊണ്ടിരിക്കുന്നു. ലോകചരിത്രത്തിൽതന്നെ ഏറ്റവും കൂടുതൽ വിദ്വേഷവും, സംശയവും, അരാജകത്വവും, വഞ്ചനയും, ഒറ്റിക്കൊടുക്കലും, കൊലയും മറ്റെല്ലാ കുറ്റകൃത്യങ്ങളും ഇന്ന് വ്യാപകമാണ്. ഈ നഷ്ടപ്പെട്ട അവസ്ഥയിൽ മനുഷ്യന് ഒരു നല്ല വാർത്ത അവശേഷിച്ചിട്ടുണ്ടോ? നഷ്ടപ്പെട്ടുപോയ ദൈവികസാദൃശ്യത്തിനായും നിത്യനായ ദൈവത്തെക്കുറിച്ചുള്ള അറിവിനായും ഉള്ള മനുഷ്യന്റെ ഉൾവിളിക്കും അന്വേഷണത്തിനും ഒരു ഉത്തരമുണ്ടോ? ഉണ്ട്. ദൈവത്തെ വീണ്ടും അറിയുവാനുള്ള സാധ്യതയുണ്ടെന്ന് പാപിയായ മനുഷ്യനെ പഠിപ്പിക്കുന്ന വ്യക്തമായ ഒരു ഉത്തരം ദൈവവചനത്തിൽ നാം കാണുന്നു. പാപം ചെയ്ത് തങ്ങളുടെ വാസസ്ഥലത്തെ ഉപേക്ഷിച്ച ദൂതന്മാരെ തള്ളിക്കളഞ്ഞതുപോലെ ദൈവം മനുഷ്യവർഗ്ഗത്തെ തള്ളിക്കളഞ്ഞിട്ടില്ലെന്ന് വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു. പാപം ചെയ്ത ദൂതന്മാരെ ദൈവം തള്ളിക്കളഞ്ഞത്, അവർ ദൈവസ്വരൂപത്തിൽ സൃഷ്ടിക്കപ്പെടാത്തതുകൊണ്ടാണെന്നതിലേക്കാണ് തിരുവെഴുത്തുകൾ വിരൽചൂണ്ടുന്നത്. ധാർമ്മികസൃഷ്ടികളായ ദൂതന്മാർക്ക് ധാർമ്മികവും ആത്മികവുമായ തിരിച്ചറിവിനുള്ള കഴിവുണ്ടായിരുന്നെങ്കിലും ദൈവസ്വരൂപത്തിലായിരുന്നില്ല സൃഷ്ടക്കപ്പെട്ടത്.

പാപിയായ മനുഷ്യന് ഒരു രക്ഷകന്റെ മേന്മയിലൂടെ വിഭാവനം ചെയ്ത രക്ഷാപദ്ധതിയാൽ മറ്റൊരവസരം ദൈവം കൊടുത്തത് എന്തുകൊണ്ടാണ്? തന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടതിനാൽ മാത്രമാണ് സ്വപുത്രനെ നൽകി തന്റെ നിത്യമായ സ്നേഹം മനുഷ്യവർഗ്ഗത്തിന്മേൽ അവിടുന്നു ചൊരിഞ്ഞത്.

യേശുക്രിസ്തുവിൽ കണ്ടെത്തുന്ന പാപക്ഷമയിലൂടെയും കൃപയിലൂടെയും വീണ്ടുംജനനത്തിലൂടെയും നീതീകരണത്തിലൂടെയും ദൈവിക സാന്നിധ്യം അനുഭവിച്ചുകൊണ്ട് ദൈവികകൂട്ടായ്മയിലേക്ക് പാപിയായ മനുഷ്യന് എങ്ങനെ കടന്നുവരാം എന്നതിനെക്കുറിച്ച് വേദപുസ്തകത്തിന് വളരെയധികം പറവാനുണ്ട്! ഇതെല്ലാം തന്നെ ദൈവത്വത്തിന്റെ എല്ലാമെല്ലാം യേശുക്രിസ്തു ആണ് എന്ന സത്യത്തിലേക്ക് വിരൽചൂണ്ടുന്നു! അദൃശ്യനായ ദൈവത്തിന്റെ സാദൃശ്യം, അവിടുത്തെ മഹത്വത്തിന്റെ പ്രഭ, അവിടുത്തെ വ്യക്തമായ ആൾരൂപം–ഇതെല്ലാം നാം യേശുക്രിസ്തുവിലും യേശുക്രിസ്തുവിലൂടെയും കണ്ടെത്തുന്നു.

യേശുക്രിസ്തു പിതാവിന്റെ ഏകജാതനും സർവ്വകാലങ്ങൾക്കും മുമ്പുള്ള





വനും, വെളിച്ചത്തിന്റെ വെളിച്ചവും ദൈവാധിദൈവവും ആണ് എന്ന് നാം സന്തോഷത്തോടെ വിശ്വസിക്കുന്നു. സൃഷ്ടിയല്ലാത്ത, ദൈവത്തിന്റെ തന്നെ ഭാഗമായ അവനാലാണ് സകലവും ഉളവായത്!

യേശുക്രിസ്തുവിന്റെ അന്തസ്സിനെ കുറച്ചുകാണിക്കുവാനായി സമയം ചെലവഴിക്കുന്നവരെ ശ്രദ്ധിക്കരുതെന്ന് ഞാൻ നിങ്ങളെ ഉപദേശിക്കുന്നു. യഥാർത്ഥത്തിൽ യേശുക്രിസ്തു ആരായിരുന്നെന്ന് തങ്ങൾക്കുതന്നെ അറിയാത്തവർ ഉപയോഗിക്കുന്ന അവ്യക്തമായ ആധുനിക പദപ്രയോഗങ്ങൾക്കുമപ്പുറത്തേക്ക് നോക്കുക.

**യേശുക്രിസ്തുവിൽ തന്നെയാണ് നമ്മുടെ ഉറവിടവും ഊർജ്ജവും നാം കണ്ടെത്തുന്നത്. “നാളുകളായി വിഭജിക്കപ്പെട്ടിരുന്ന എന്റെ ഹൃദയമേ-നീ വിശ്രമിക്കുക-സന്തോഷപൂർണ്ണതയുടെ ഈ കേന്ദ്രത്തിൽ ഉറച്ച് നിന്ന്- നീ വിശ്രമിക്കുക!” എന്ന് ജോൺ ന്യൂട്ടൻ പാടിയത്, വീണ്ടും ജനനമെന്ന അത്ഭുതത്തിലൂടെ ഈ ഉറവിടം കണ്ടെത്തിയതിനാലാണ്.**

“യേശുക്രിസ്തുവിലൂടെ ദൈവം തന്നെത്തന്നെ വെളിപ്പെടുത്തി എന്ന് ഞാൻ വിശ്വസിക്കുന്നു” എന്ന് മാത്രം പറയുവാൻ കഴിയുന്ന മനുഷ്യനെ നിങ്ങൾക്ക് വിശ്വസിക്കുവാൻ കഴിയുകയില്ല. മനുഷ്യനായി അവതരിച്ച ദൈവപുത്രനെക്കുറിച്ച് അയാൾ യഥാർത്ഥത്തിൽ എന്ത് വിശ്വസിക്കുന്നു എന്ന് കണ്ടെത്തുക. ‘മറ്റുള്ളവരേക്കാൾ ദൈവത്തെ പ്രതിഫലിപ്പിക്കുന്നത് ക്രിസ്തുവാണ്’ എന്ന് മാത്രം പറയുന്ന മനുഷ്യനെയും വിശ്വസിക്കുവാൻ കഴിയുകയില്ല. മറ്റുള്ളവരേക്കാൾ അധികം ദൈവത്തെ ആഗിരണം ചെയ്ത് പ്രതിഫലിപ്പിക്കുവാൻ കഴിവുള്ള പരമോന്നതനായ ആത്മികബുദ്ധിജീവിയായിരുന്നു യേശുക്രിസ്തു എന്ന് പഠിപ്പിക്കുന്നവരും വിശ്വാസയോഗ്യരല്ല.

ഇത്തരത്തിലുള്ള സമീപനങ്ങളെല്ലാം തന്നെ യേശുക്രിസ്തുവിന്റെ ആളത്തത്തോടുള്ള അധിക്ഷേപമാണ്. ദൈവമായിരുന്നവനും, ആയിരിക്കുന്നവനും, ദൈവമല്ലാതിരിക്കുവാൻ സാധ്യമല്ലാത്തവനുമായ അവനെ കണ്ടെത്തി അറിയുമ്പോൾ നാം വീണ്ടും ആ പുരാതന ഉറവയിൽ എത്തിച്ചേരുന്നു! ദൈവത്വത്തിന്റെ പൂർണത ക്രിസ്തുതന്നെയാണ്!

ഇത് എത്ര ആശ്ചര്യകരമായിരിക്കുന്നു! ഇതെത്ര വലിയ അത്ഭുതമാണ്! വേഗതയോടും വ്യക്തതയോടുംകൂടി ആലോചിച്ച് ചെയ്ത വിശ്വാസത്തിന്റെ പ്രവൃത്തിയിലൂടെയും പ്രാർത്ഥനയിലൂടെയും ആ പുരാതനമായ ഉറവയിലേക്ക് നമ്മുടെ ആത്മാക്കൾ തിരികെ ചെല്ലുകയും, നാം ഒരു പുതിയ തുടക്കം കുറിക്കുകയും ചെയ്യുന്നു! ദൂതന്മാർക്കും മുമ്പേ ലോകസ്ഥാപനത്തിനും മുമ്പേ ആദാമിനും മുമ്പേ ഉള്ള ദൈവത്തിന്റെ ആളത്തത്തിലേക്ക് ത്രിയേകദൈവമെന്ന് നാം വിശേഷിപ്പിക്കുന്ന ആ മഹത്വപൂർണ്ണമായ ഒഴുകുന്ന ഉറവയിലേക്ക്, നാം മടങ്ങിവരുന്നു!

യേശുക്രിസ്തുവിൽ തന്നെയാണ് നമ്മുടെ ഉറവിടവും ഊർജ്ജവും നാം കണ്ടെത്തുന്നത്. “നാളുകളായി വിഭജിക്കപ്പെട്ടിരുന്ന എന്റെ ഹൃദയമേ–നീ വിശ്രമിക്കുക–സന്തോഷപൂർണ്ണതയുടെ ഈ കേന്ദ്രത്തിൽ ഉറച്ച് നിന്ന്–നീ വിശ്രമിക്കുക!” എന്ന് ജോൺ ന്യൂട്ടൻ പാടിയത്, വീണ്ടും ജനനമെന്ന അത്ഭുതത്തിലൂടെ ഈ ഉറവിടം കണ്ടെത്തിയതിനാലാണ്. (തുടരും)

**മൊഴിമാറ്റം: സന്തോഷ് മാത്യു**




**കൈചൂണ്ടി**

# കുടുംബം പണിയുന്ന 'കല്ലുകൾ'

**സാക് പുന്നൻ**

***കൂ**ട്ടായ ചിന്തകളും അന്യോന്യമുള്ള സംഭാഷണങ്ങളുമാണ് കുടുംബം പണിയുവാൻ സഹായിക്കുന്ന കല്ലുകൾ! മോശമായ കല്ലുകൾ ഒഴിവാക്കി നല്ല കല്ലുകൾ ഇന്നുമുതൽ ഉപയോഗിച്ചാൽ ഒരു വർഷത്തിനുള്ളിൽ മനോഹരമായ കുടുംബം പണിയാം.*

**ചി**ന്തകളും വാക്കുകളുമാണു കുടുംബം പണിയുന്ന കല്ലുകൾ. ഭർത്താവിനെക്കുറിച്ച്/ഭാര്യയെക്കുറിച്ച് അനുഭാവപൂർവ്വം ചിന്തിക്കുമ്പോൾ നിങ്ങളുടെ കുടുംബം പണിയപ്പെടുകയാണ്. ഇതുവരെ നിങ്ങൾ എങ്ങനെയാണു പണിതതെന്നു നിങ്ങൾക്കു തന്നെ അറിയാം! അനുഭാവത്തിന്റെ ചിന്തകൾക്കു പകരം വിദ്വേഷത്തിന്റെ ചിന്തകൾകൊണ്ടാണു ഇതുവരെ പണിഞ്ഞതെങ്കിൽ തന്മൂലം അതു തകർന്നു വീണെങ്കിൽ എന്താണ് ആശ്ചര്യപ്പെടുവാനുള്ളത്?

ഈ ലോകത്തിൽ വീട് പണിയുന്നവർ നന്നായി ചെത്തിയൊരുക്കിയ കല്ലുകൾകൊണ്ട് തന്നെ അതു പണിയുന്നു. എന്നാൽ ഈ വീടു നിത്യമായി നിലനിൽക്കുന്ന ഒന്നല്ലല്ലോ! അതേ, അതെല്ലാം ഒരു ദിവസം തകർന്നുപോകും. നിത്യതയോളം നിലനിൽക്കുന്ന വീട് അല്ലെങ്കിൽ കുടുംബം അന്യോന്യമുള്ള സ്നേഹബന്ധംകൊണ്ടാണ് പണിയപ്പെടുന്നത്.

അതിനാൽ നിങ്ങളുടെ ചിന്തകളായ കല്ലുകളെക്കുറിച്ച് ജാഗ്രതകാട്ടുക. അതു നന്മയും വിശുദ്ധിയും നിറഞ്ഞ ചിന്തകളാകട്ടെ! "ഭർത്താക്കന്മാരേ, നിങ്ങളുടെ ഭാര്യമാരോട് കയ്പ്പായിരിക്കരുത്" എന്ന് ദൈവവചനം പറയുന്നു. കയ്പ് പ്രധാനമായും ചിന്തകളിൽ നിന്നാണ് വരുന്നത്. അതിനാൽ, കയ്പുള്ള ചിന്ത വരാതിരിക്കുന്നതിന് ചിന്താജീവിതത്തെ രക്തത്താൽ, ക്രൂശിനാൽ മുദ്രവച്ചിരിക്കണം. അതേ, ഞാൻ എന്റെ സ്വാർത്ഥമായ, സ്നേഹശൂന്യമായ, ഭിന്നത ഉണ്ടാക്കുന്ന ചിന്തകൾക്കു മരിക്കട്ടെ!

എന്നാൽ സാത്താൻ നിങ്ങളുടെ അരികിൽ നിന്നുകൊണ്ട് അവന്റെ കല്ലുകളെ നിങ്ങൾക്കു തരുവാൻ ശ്രമിക്കും എന്നതാണു പ്രശ്നം. ഫലം, ചിന്താമണ്ഡലത്തിൽ ജീവിതപങ്കാളിയോടു കയ്പായിരിക്കാനും കഠിനമായിരിക്കാനും എന്തിന് അവരെ സംശയിക്കാനും നിങ്ങൾ പരീക്ഷിക്കപ്പെടും. ഇത്തരം സംശയങ്ങൾക്കു നിങ്ങൾ മരിക്കണം. ജീവിതപങ്കാളിയെ വിശ്വസിക്കാൻ തക്ക ചിന്ത ഉള്ളവരായിരിക്കുന്നതിനു നാം സ്വയം പരിശീലിക്കണം. ഇങ്ങനെ ശീലിച്ച് ശീലിച്ച് എപ്പോഴും നന്മതന്നെ ചിന്തിക്കുന്നതിന് ചിന്താമണ്ഡലത്തെ നമുക്ക് കാത്തുകൊള്ളാം.

ഇതുപോലെ തന്നെയായിരിക്കണം





വാക്കുകളും. അവയും കുടുംബത്തെ പണിയുന്നതായിരിക്കണം. ഭാര്യാഭർത്താക്കന്മാരുടെ അന്യോന്യമുള്ള സംഭാഷണം ഒരു കസെറ്റിൽ റിക്കാർഡ് ചെയ്തിട്ട് അതൊക്കെ ന്യായവിധി ദിവസം നാം കേൾക്കുകയാണെങ്കിൽ എങ്ങനെയിരിക്കും? അത് നിങ്ങൾക്ക് ആസ്വദിച്ചു കേൾക്കാൻ കഴിയുമോ? അതോ നിങ്ങളുടെ വാക്കുകൾ നിങ്ങൾക്ക് ലജ്ജ ഉണ്ടാകുന്നതായിരിക്കുമോ?

ഒരു പക്ഷേ നമ്മിൽ ചിലർക്ക് "ഞാൻ എന്റെ ഭാര്യയോട്/ഭർത്താവിനോട് സംസാരിച്ച വാക്കുകളെ ഈ ലോകം നന്നായി കേൾക്കട്ടെ!" എന്ന് വെല്ലുവിളിയോടെ പറയാൻ കഴിയുമായിരിക്കും. ഇങ്ങനെയുള്ള ഉത്തമരും സത്യസന്ധരുമായ ഭാര്യാഭർത്താക്കന്മാരുടെ വാക്കുകൾ നമ്മൾ ടേപ്പിൽ കേട്ടാൽ ഏറ്റവും കൂടുതൽ വാക്കുകളും "ഞാൻ ഖേദിക്കുന്നു", "എന്നോട് ക്ഷമിക്കണം" "തെറ്റ് എന്റേതാണ്" എന്നിവയായിരിക്കും. അതേ, നമ്മിൽ ആരും പരിപൂർണ്ണരല്ല. എന്നാൽ, ഉത്തമനായ ഭർത്താവ്/ ഭാര്യ, തങ്ങളെ താഴ്ത്തുന്നതിനും നന്മയുള്ള വാക്കുകൾ സംസാരിക്കുന്നതിനും, സാത്താൻ തങ്ങളുടെ നാവിൽ കൊണ്ടുവച്ച അശുദ്ധമായ വാക്കുകൾക്ക് മരിക്കുന്നതിനും തങ്ങളെത്തന്നെ പരിശീലിപ്പിച്ചവരായിരിക്കും!

ഇതിനു പകരം ഇന്നു ഭാര്യാഭർത്താക്കന്മാർ തമ്മിൽ പറയുന്ന തിന്മയുള്ള വാക്കുകൾ ഇങ്ങനെ: "നിന്റെ അപ്പൻ ഇങ്ങനെയുള്ളവനാണ്" "നിങ്ങളുടെ അമ്മ മോശമാണ്"....."നിന്റെ വീട്ടുകാരുടെ ലക്ഷണം കണ്ടില്ലേ?"...."രണ്ടു വർഷം മുമ്പ് നടന്ന ആ സംഭവം ഞാൻ മറക്കണോ?"..... ഇന്ന് അനേക കുടുംബങ്ങൾ ഇതുപോലുള്ള കല്ലുകൾ കൊണ്ടാണു പണിയുന്നത്. ഇങ്ങനെയുള്ള കുടുംബങ്ങൾക്കു മധ്യത്തിലാണ്, ദൈവത്തെ മഹത്വപ്പെടുത്തുന്ന മേന്മയുള്ള കുടുംബങ്ങളെ ദൈവത്തിന് ആവശ്യമായിരിക്കുന്നത്.

ആകയാൽ നിങ്ങളുടെ വാക്കുകളെക്കുറിച്ച് അധികം ജാഗ്രതയായിരിക്കുക. ദൈവവചനത്തിന്റെ മാതൃകപ്രകാരം നിങ്ങളുടെ ഭവനങ്ങളെ പണിയുക. വചനത്തിൽ കല്പിച്ചിരിക്കുന്ന പ്രകാരം നാം അന്യോന്യം സംസാരിക്കുന്നതിന് പരിശീലിക്കപ്പെട്ടിരുന്നാൽ, അത് എത്ര ശ്രേഷ്ഠമായിരിക്കും!

**ചിന്താമണ്ഡലത്തിൽ ജീവിതപങ്കാളിയോടു കയ്പായിരിക്കാനും കഠിനമായിരിക്കാനും എന്തിന് അവരെ സംശയിക്കാനും നിങ്ങൾ പരീക്ഷിക്കപ്പെടും. ഇത്തരം സംശയങ്ങൾക്കു നിങ്ങൾ മരിക്കണം. ജീവിതപങ്കാളിയെ വിശ്വസിക്കാൻ തക്ക ചിന്ത ഉള്ളവരായിരിക്കുന്നതിനു നാം സ്വയം പരിശീലിക്കണം. ഇങ്ങനെ ശീലിച്ച് ശീലിച്ച് എപ്പോഴും നന്മതന്നെ ചിന്തിക്കുന്നതിന് ചിന്താമണ്ഡലത്തെ നമുക്ക് കാത്തുകൊള്ളാം.**

എഫെസ്യർ 4:29 ൽ "നല്ല വാക്കല്ലാതെ ആകാത്തതൊന്നും നിങ്ങളുടെ വായിൽനിന്നു പുറപ്പെടരുത്" എന്ന് പറഞ്ഞിരിക്കുന്ന കല്പന നിങ്ങൾ കൈക്കൊള്ളുന്നുണ്ടോ? ആകാത്ത കല്ലുകൾ കൊണ്ട് നിങ്ങളുടെ വീട് പണിയേണ്ട എന്നാണ് ഈ വചനം അനുശാസിക്കുന്നത്. ഭർത്താവും ഭാര്യയും ഈയൊരു ലഘുവായ പ്രമാണം അനുസരിച്ചാൽ അത് എത്ര നന്നായിരിക്കും! അങ്ങനെയെങ്കിൽ നിങ്ങൾ എപ്പോഴും കൃപ നിറഞ്ഞ വാക്കുകൾ മാത്രം മേലിൽ അന്യോന്യം സംസാരിക്കും. ചുരുക്കത്തിൽ പല വർഷമായി കെട്ടിയുയർത്തിക്കൊണ്ടുവന്ന മോശമായ സാക്ഷ്യത്തിനു പകരം ഒരു വർഷത്തി

നുള്ളിൽ ഇമ്പകരമായ ഭവനം പണിയുന്ന വിസ്മയം നിങ്ങളുടെ വീട്ടിൽ സംഭവിക്കും! ഈ വിധമുള്ള ജീവിതം സാധ്യമാണ്! ദൈവം തന്നിരിക്കുന്ന പ്രമാണങ്ങളെ കൈക്കൊള്ളുന്നതിന് നിങ്ങൾ ശ്രദ്ധിച്ചാൽ മാത്രം മതി!

ഈ സന്ദർഭത്തിൽ നിങ്ങൾക്ക് വിവിധ പരീക്ഷകൾ വരാം. ഉദാഹരണമായി നിങ്ങളുടെ വീട്ടിൽ വരുന്ന ഒരു സന്ദർശകൻ പരദൂഷണം പറയുന്നു. അതിനോടു ചേർന്നു പരദൂഷണം പറയുന്നതിന് നിങ്ങളും പരീക്ഷിക്കപ്പെടുന്നു. ഈ ശോധനയിൽ നിങ്ങളെ

**നിങ്ങളുടെ വീട്ടിലെ കർട്ടൻ തുണികൾ അഴുക്കുള്ളതായിരിക്കാം. ദൈവത്തിന് അത് ഒരു വിഷയമല്ല. എന്നാൽ നിങ്ങളുടെ ചിന്തകളും, വാക്കുകളും ശുദ്ധിയുള്ളതായിരിക്കണം. അതാണ് ദൈവത്തിന് പ്രധാനം. പരീശന്മാർ ബാഹ്യമായി ശുദ്ധിയുള്ളവരായിരുന്നു. മറിച്ച് തങ്ങളുടെ ചിന്തകളും, വാക്കുകളും ശുദ്ധിയുള്ളതായിരിക്കണമെന്നാണ് ക്രിസ്തുശിഷ്യർ ആഗ്രഹിക്കുന്നത്.**

സൂക്ഷിക്കാതിരുന്നാൽ സാത്താൻ വീടു തേടിവന്നു ഏൽപ്പിച്ച മോശം കല്ലുകളെ നിങ്ങൾ സ്വീകരിച്ചിരിക്കുകയാണ്. അതുകൊണ്ടു തന്നെ നിങ്ങൾ നിങ്ങളുടെ കുടുംബത്തെയും പണിയും! നാം നമുക്കായി വീടുപണിയാതെ "ദൈവത്തിനായിട്ടാണല്ലോ ഭവനം പണിയുന്നത്! ആകയാൽ, സാത്താൻ തരുന്ന മോശപ്പെട്ട കല്ലുകളെ തള്ളിക്കളയാൻ ജാഗ്രത കാണിക്കുക.

*6. എല്ലാം ഭസ്മീകരിക്കുന്ന പരിശുദ്ധാത്മാവ് വസിക്കുന്ന വീടിന് അനീതിയും പാപവും ചുട്ടെരിച്ച് ദൈവഭവനമായി മാറാൻ കഴിയും.*

'മുൾപ്പടർപ്പിൽ വസിച്ചവന്റെ പ്രസാദം' എന്ന് ആവർത്തനം 33:16 ൽ നാം വായിക്കുന്നു. ദൈവം എരിയുന്ന മുൾപ്പർപ്പിൽനിന്നാണ് ആദ്യമായി മോശയോട് സംസാരിച്ചത്. അവിടെ ദൈവം അഗ്നിയായി! ഫലം അവിടുന്നു വസിച്ച മുൾപ്പടർപ്പും അഗ്നിയാൽ വലയം ചെയ്തിരുന്നു. അതുകൊണ്ട് ആ മുൾപ്പടർപ്പിൽ ഉള്ള എല്ലാ കൃമികീടങ്ങളും ഭസ്മമായിപ്പോയി. ചുട്ടെരിക്കുന്ന ഈ അഗ്നിയെയാണ് പരിശുദ്ധാത്മാവ് നമുക്ക് തരുന്നത്. നമ്മൾ പരിശുദ്ധാത്മാവിനാൽ നിറയപ്പെടുമ്പോൾ, നമ്മിലെ കൃമികീടങ്ങളെപ്പോലുള്ള എല്ലാ തിന്മയായ ചിന്തകളെയും ഈ അഗ്നി ചുട്ടെരിക്കുന്നു. അതെ, ഈ അഗ്നിതന്നെയാണു നമ്മുടെ ഭവനങ്ങളിൽ വസിക്കുന്നതിന് ആഗ്രഹിക്കുന്നത്. അപ്പോൾ നിങ്ങളുടെ ചിന്തകൾ, വാക്കുകൾ എല്ലാം ശുദ്ധീകരിക്കപ്പെടുമല്ലോ.

നിങ്ങളുടെ വീട്ടിലെ കർട്ടൻ തുണികൾ അഴുക്കുള്ളതായിരിക്കാം. ദൈവത്തിന് അത് ഒരു വിഷയമല്ല. എന്നാൽ നിങ്ങളുടെ ചിന്തകളും, വാക്കുകളും ശുദ്ധിയുള്ളതായിരിക്കണം. അതാണ് ദൈവത്തിന് പ്രധാനം. പരീശന്മാർ ബാഹ്യമായി ശുദ്ധിയുള്ളവരായിരുന്നു. മറിച്ച് തങ്ങളുടെ ചിന്തകളും, വാക്കുകളും ശുദ്ധിയുള്ളതായിരിക്കണമെന്നാണു ക്രിസ്തുശിഷ്യർ ആഗ്രഹിക്കുന്നത്.

"ദൈവം വസിക്കുന്ന ഭവനമായി" നമ്മുടെ കുടുംബങ്ങൾ കാണപ്പെടണം. സമാഗമനകൂടാരത്തിൽ ദൈവത്തിന്റെ തേജസ്സ് വന്നു തങ്ങിയതുപോലെ നമ്മുടെ ഭവനങ്ങളിലും തന്റെ മഹിമ വന്നുവസിച്ചാൽ അത് എത്ര ശ്രേഷ്ഠമായിരിക്കും! ഇത്തരം അനേക കുടുംബങ്ങൾ ഇന്നു പണിയപ്പെടണമെന്നു ദൈവം വാഞ്ഛിക്കുന്നു. അതെ, അന്ന് മുൾച്ചെടിയിൽ വസിച്ച





ദൈവം ഇപ്പോൾ ഓരോ ഭവനത്തിലും വസിച്ചാൽ അവിടെ അവരുടെ ചെയ്തികൾ, ചിന്തകൾ, വാക്കുകൾ എല്ലാം ശുദ്ധിയുള്ളതായി മാറും! എല്ലാറ്റിനും മീതെ അവിടെ ഐക്യവും ഉണ്ടാകും.

ഇന്ന് ധാരാളംപേർ യിരെമ്യാവ് 22:13,14 ൽ പറഞ്ഞിരിക്കുന്നതു പോലെ അനീതിയാൽ പണിയുന്നു. ഇത്തരം വീടുകൾക്ക് 'അയ്യോ കഷ്ടം' എന്നാണ് യിരെമ്യാവ് പറഞ്ഞത്. ചില വീടുകളിൽ "ദൈവമേ, ഞങ്ങളുടെ ഭവനത്തെ അനുഗ്രഹിക്കണമേ"! എന്ന വചനം എഴുതിതൂക്കിയിട്ടുണ്ട്. എന്നാൽ നിങ്ങളുടെ വീട് കറുത്തപണം കൊണ്ടു പണിയപ്പെട്ടിരുന്നാൽ, നീതിയുള്ള ദൈവം എങ്ങനെ നിങ്ങളുടെ ഭവനത്തെ അനുഗ്രഹിക്കും? പകരം നാം പാവപ്പെട്ടവരാണെങ്കിലും നീതിയുള്ളവരായി ഇരിക്കുന്നതാണ് നല്ലത്. അപ്പോൾ കർത്താവിന്റെ അനുഗ്രഹം അവിടെ വസിക്കും.

യെഹെസ്ക്കേൽ 47-ാം അധ്യായത്തിൽ, ദൈവാലയത്തിൽനിന്ന് ഒരു നദി പുറപ്പെടുന്നതു നാം കാണുന്നു. ആ നദി എവിടെയെല്ലാം ചെന്നോ അവിടെയെല്ലാം മരണമല്ല ജീവനാണുണ്ടായത്. എന്നാൽ ദൈവത്തിന്റെ വാസസ്ഥലമായിരുന്ന മനോഹരമായ ഏദൻ തോട്ടത്തിലുണ്ടായിരുന്ന ആദം-ഹവ്വമാരുടെ വീഴ്ചയെ തുടർന്ന് അവർക്ക് ആ തോട്ടം നഷ്ടപ്പെട്ടു. ഈ സ്ഥിതിക്ക് ഒരേയൊരു കാരണം-ആദമും ഹവ്വയും അന്യോന്യം കുറ്റം ആരോപിച്ചു! മറ്റെയാളെ കുറ്റപ്പെടുത്തുന്ന ഒരു ചെറിയ ചൂണ്ടുവിരൽ സ്വർഗ്ഗീയസമാധാനത്തെ എത്രമാത്രം നഷ്ടപ്പെടുത്തി! ആ വിരൽ ഇന്നു മുതൽ നിങ്ങൾ നിങ്ങൾക്കെതിരെ മാത്രം ചൂണ്ടിയിരുന്നെങ്കിൽ....!

നിങ്ങൾ ദൈവത്തെ നോക്കി, 'ദൈവമേ, ഞാനാണ് എല്ലാ പ്രശ്നങ്ങൾക്കും കാരണം' എന്ന് ഏറ്റുപറയുക. നിങ്ങൾ സ്വയം വിധിച്ചാൽ തിന്മകൾ പരിശുദ്ധാത്മാവിനാൽ ചുട്ടെരിക്കപ്പെട്ടിട്ട് നിങ്ങളിൽ നിന്ന് അനുഗ്രഹത്തിന്റെ നദികൾ പുറപ്പെടും.

***തങ്ങൾക്കായി പണിയുന്ന വീട് ഉപേക്ഷിക്കുന്ന ദമ്പതികൾക്കാണ് ദൈവം അനുഗ്രഹിക്കുന്ന പുതിയ വീട് പണിയാൻ കഴിയുന്നത്.***

ദൈവം അബ്രഹാമിനെ 'ഊർ' എന്ന പട്ടണം ഉപേക്ഷിച്ച് കനാൻ ദേശത്തേക്ക് വരുവാൻ വിളിച്ചു! അതുപോലെ ഇന്ന് നമുക്കായി പണിയുന്ന വീട് വിട്ട് വെളിയിൽ വന്ന് നാം ദൈവം

**ഏദൻ തോട്ടത്തിലുണ്ടായിരുന്ന ആദം-ഹവ്വമാരുടെ വീഴ്ചയെ തുടർന്ന് അവർക്ക് ആ തോട്ടം നഷ്ടപ്പെട്ടു. ഈ സ്ഥിതിക്ക് ഒരേയൊരു കാരണം-ആദമും ഹവ്വയും അന്യോന്യം കുറ്റം ആരോപിച്ചു! മറ്റെയാളെ കുറ്റപ്പെടുത്തുന്ന ഒരു ചെറിയ ചൂണ്ടുവിരൽ സ്വർഗ്ഗീയസമാധാനത്തെ എത്രമാത്രം നഷ്ടപ്പെടുത്തി! ആ വിരൽ ഇന്നു മുതൽ നിങ്ങൾ നിങ്ങൾക്കെതിരെ മാത്രം ചൂണ്ടിയിരുന്നെങ്കിൽ....!**

ആഗ്രഹിക്കുന്ന ഭവനത്തെ പണിയണം. അബ്രഹാമിനെപ്പോലെ പഴയ വാസസ്ഥലം ഉപേക്ഷിക്കുക. അപ്പോഴാണ് നിങ്ങൾക്ക് പുതിയവീട്ടിൽ പ്രവേശിക്കുവാൻ കഴിയുന്നത്.

ഇതുവരെ നിങ്ങൾ നിങ്ങൾക്കായി മാത്രം ജീവിച്ചു. എന്നാൽ ഇപ്പോൾ ദൈവം വസിക്കുന്ന ആലയത്തെക്കുറിച്ച് നിങ്ങൾ കേട്ടു. ഇനി നിങ്ങൾ എന്താണ് ചെയ്യേണ്ടത്? പഴയ, 'സ്വാർത്ഥം അന്വേഷിക്കുന്ന ഭവനത്തെ' ഉപേക്ഷിക്കുന്നതിന് നിങ്ങൾ തയ്യാറാണോ?

ദൈവവചനത്തിന് കീഴ്പ്പെട്ടുവാൻ

നിങ്ങൾക്ക് മനസ്സില്ലെങ്കിൽ, ദൈവത്തിന്റെ മഹിമ നിങ്ങളുടെ വീടിനെ ഒരിക്കലും നിറയ്ക്കുകയില്ല. എന്നാൽ ദൈവത്തിന്റെ കല്പന അനുസരിച്ചു പഴയ ഊരിലെ ഭവനം വിട്ട അബ്രഹാമിനെ ദൈവം ധാരാളമായി അനുഗ്രഹിച്ചു. "ഞാൻ നിന്നെ അനുഗ്രഹിക്കും നീ അനേകർക്ക് അനുഗ്രഹമായി ഇരിക്കും" എന്ന് അവിടുന്നു കല്പിച്ചു. ഇതുപോലെ നമ്മുടെ ഭവനവും ദൈവത്തിന്റെ വീടായും മറ്റുള്ളവർക്ക് അനുഗ്രഹമായും തീരണം.

**ആകയാൽ ദൈവവചനത്തെ ഉദാസീനമായി എടുക്കരുത്. ഭർത്താവിനും ഭാര്യയ്ക്കും ദൈവം ധാരാളം ആലോചനകൾ തന്റെ വചനത്തിൽ നൽകിട്ടുണ്ട്. അവയെല്ലാം നാം എളിമയുള്ള ഉത്തമഹൃദയത്തോടെ പിൻപറ്റുകയാണെങ്കിൽ നമ്മുടെ കുടുംബജീവിതം 'നല്ലത് അല്ല' എന്ന സ്ഥലത്തിൽനിന്നും 'നല്ലത്' എന്ന ഇടവും കടന്ന് 'വളരെ നല്ലത്' എന്ന ഉത്തമമായ സ്ഥാനത്ത് നിശ്ചയമായും എത്തിച്ചേരും.**

പാലും തേനും ഒഴുകുന്ന വാഗ്ദത്ത ഭൂമിയിൽ ''ദൈവം വസിക്കുന്ന വീടായി" നമ്മുടെ ഭവനം പണിയുന്നതിനുള്ള തീരാവാഞ്ഛയോടെ പുതിയ ഭൂമിയെ നോക്കി നമുക്കും പുറപ്പെടാം!

***യേശുവിന്റെ കാൽച്ചുവടുകളിൽ പ്രകാശപൂർണമായ കുടുംബജീവിതം!***

ഒരു ക്രിസ്തീയകുടുംബം ഏറ്റവും നന്നായിരിക്കണം എന്നതായിരുന്നു ആദിയിലെ ദൈവികോദ്ദേശ്യം. ആദിയിൽ ദൈവം ഓരോന്നും സൃഷ്ടിച്ചപ്പോൾ അത് "നല്ലത്" എന്നു ദൈവം കണ്ടു മനുഷ്യനെ സൃഷ്ടിച്ചപ്പോൾ അവൻ ഏകനായിരിക്കുന്നതു "നന്നല്ല" എന്നു പറഞ്ഞു (ഉൽപത്തി 2:18). എന്നാൽ ആറാം നാളിൽ ദൈവം ആദമിനു തക്ക തുണയായി ഹവ്വയെ സൃഷ്ടിച്ചതിനുശേഷം, "വളരെ നല്ലത്" എന്നു പറഞ്ഞു (ഉൽപ്പത്തി 1:31). നേരത്തേ 'നല്ലത്' എന്ന് പറഞ്ഞ ദൈവം "വളരെ നല്ലത്" എന്നു പറഞ്ഞതിനു കാരണമായി എന്താണവിടെ നടന്നത്?. നേരത്തേ തനിയേ ഇരുന്ന മനുഷ്യന് ഇപ്പോൾ വിവാഹം കഴിഞ്ഞു!! വിവാഹത്തെക്കുറിച്ച് ദൈവം എപ്പോഴും ഇതുതന്നെ പറയും.

വിവാഹത്തിനുമുമ്പുള്ളതിനെക്കാൾ ഒരുവന്റെ നിലവാരം വിവാഹാനന്തരം ദൈവദൃഷ്ടിയിൽ 'വളരെനല്ലതാ'ണ്. അതു പോലെ വിവാഹത്തിനു മുൻപുള്ളതിനെക്കാൾ വിവാഹാനന്തരം ഒരു സ്ത്രീയുടെ ജീവിതനിലവാരം 'വളരെ നല്ലതായി' മാറുന്നു! എന്നാൽ വിവാഹിതരുടെ ജീവിതത്തിൽ കാര്യങ്ങൾ ഇവ്വിധമാണോ സംഭവിക്കുന്നത്? 99 ശതമാനം പേരുടെ ജീവിതത്തിലും ഇതിനു വിപരീതമായാണു കാണുന്നത്. വിവാഹാനന്തരജീവിതത്തെക്കാൾ വിവാഹത്തിനു മുൻപുള്ള ജീവിതമായിരുന്നു 'വളരെ നല്ലത്' എന്നാണു മിക്കവരുടേയും സാക്ഷ്യം. ഇത് എത്ര വേദനാജനകമായ സാക്ഷ്യമാണ്!

ഒരാളുടെ വിവാഹജീവിതം ഇങ്ങനെയാകുന്നത് ഒരിക്കലും ദൈവഹിതം അല്ല. വിവാഹജീവിതത്തെക്കുറിച്ചുള്ള ദൈവികോദ്ദേശ്യം 'നല്ലതല്ല' എന്നതിൽ നിന്ന് 'വളരെ നന്നായിരിക്കുന്നു' എന്ന ലക്ഷ്യത്തിൽ എത്തിച്ചേരുക എന്നതാണ്. എന്നാൽ ഇതിന് നേർ വിപരീതമായി വിവാഹജീവിതം തീരുന്നതിന് എന്താണ് കാരണം? അതേ, തങ്ങളെ സൃഷ്ടിച്ച സൃഷ്ടികർത്താവിന്റെ പ്രമാണങ്ങളെ പിൻതുടരാതെ ഇവർ തങ്ങളുടെ സ്വയത്തിന്റെ വഴിയേ പോയതാണു കാരണം. സൃഷ്ടികർത്താവിന്റെ വചനപ്രകാരം ഇവർ നടന്നിരുന്നുവെങ്കിൽ,





കുടുംബജീവിതം 'നല്ലതല്ല' എന്ന സ്ഥലത്തു നിന്നും 'വളരെ നന്നായിരിക്കുന്നു' എന്ന സ്ഥലത്തേക്ക് നിശ്ചയമായും വരുമായിരുന്നു!

ആകയാൽ ദൈവവചനത്തെ ഉദാസീനമായി എടുക്കരുത്. ഭർത്താവിനും ഭാര്യയ്ക്കും ദൈവം ധാരാളം ആലോചനകളെ തന്റെ വചനത്തിൽ നൽകിയിട്ടുണ്ട്. അവയെല്ലാം നാം എളിമയുള്ള ഉത്തമഹൃദയത്തോടെ പിൻപറ്റുകയാണെങ്കിൽ നമ്മുടെ കുടുംബജീവിതം 'നല്ലതല്ല' എന്ന സ്ഥലത്തിൽനിന്നും 'നല്ലത്' എന്ന ഇടവും കടന്ന് 'വളരെ നല്ലത്' എന്ന ഉത്തമമായ സ്ഥാനത്ത് നിശ്ചയമായും എത്തിച്ചേരും.

***സാത്താന്റെ തലയെ തകർത്ത് എത്രയും ശ്രേഷ്ഠമായ കുടുംബജീവിതം നമുക്കുസ്വായത്തമാക്കുവാൻ കഴിയും എന്നതാണ് യേശു നമുക്കു തരുന്ന സുവിശേഷം.***

'ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത്' എന്ന ദൈവവചനം നമുക്ക് അറിയാം. എന്നാൽ ഭാര്യാഭർത്താക്കന്മാർക്കിടയിൽ വേർപാട് ആദ്യമായി കൊണ്ടുവന്നത് പിശാചാണ്. ഇത് നാം ചുരുക്കിപ്പറഞ്ഞാൽ വിവാഹിതരാകുന്ന ദമ്പതിമാരുടെ ഇടയിൽ സാത്താൻ അടുത്ത ക്ഷണം തന്നെ പ്രവേശിക്കാൻ കാത്തിരിക്കുന്നു! അവരുടെ ജീവിതം "നല്ലത്" എന്ന സ്ഥലത്തുനിന്ന് "വളരെ നല്ലത്" എന്ന ഇടത്തു ചെന്നുചേരാതിരിക്കാൻ പിശാച് പരിശ്രമിക്കും. ഇതുതന്നെയാണ് നാം നമ്മുടെ പ്രായോഗികജീവിതത്തിൽ കാണുന്നതും. വിവാഹത്തിന്റെ ആരംഭനാളുകളിൽ ദമ്പതികൾ വഴക്ക് ഉണ്ടാക്കുന്നില്ല. എന്നാൽ നാളുകൾ പലതും കടന്നുപോയതിനുശേഷം "നല്ലത്" എന്ന സ്ഥലത്തുനിന്നുവിവാഹജീവിതം "മോശമായത്" എന്ന സ്ഥലത്താണ് ചെന്നുചേരുന്നത്. വിവാഹനാളുകളിൽ അന്യോന്യം സ്നേഹിച്ച് വഴക്കുണ്ടാക്കാതിരുന്ന ഇവരുടെ ജീവിതത്തിൽ സർപ്പം (സാത്താൻ) പ്രവേശിച്ചതുകൊണ്ട് വഴക്കും സ്നേഹശൂന്യമായ പെരുമാറ്റവും ഉണ്ടാകുന്നു.

ഈ ദുരവസ്ഥ മാറ്റുന്നതിനാണ് യേശു വന്നത്. യേശുവിന്റെ വരവുമൂലം ദൈവം നമുക്ക് തന്ന വാഗ്ദാനം എന്താണെന്നറിയാമോ? സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല തകർക്കും എന്നതാണത്! ദൈവത്തിനു സ്തോത്രം!! സുവിശേഷം നമുക്കു തരുന്ന പറഞ്ഞറിയിക്കാൻ കഴിയാത്ത നന്മകൾ നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ? ആദമിനും ഹവ്വയ്ക്കും നടുവിൽ വന്ന സാത്താന്റെ

**ആദമിനും ഹവ്വയ്ക്കും നടുവിൽ വന്ന സാത്താന്റെ തലയെ യേശു തകർത്തു. ഇപ്പോൾ നാം പരിശുദ്ധാത്മാവിന്റെ ബലത്തോടെ യേശുവിനോട് ചേർന്ന് അവിടുത്തെ കർത്തൃത്വത്തിനു വിധേയപ്പെട്ടു ജീവിച്ചാൽ നമുക്കും നമ്മുടെ വിവാഹജീവിതത്തെ നശിപ്പിക്കാൻ വന്നിരിക്കുന്ന സാത്താന്റെ തലയെ കാല്ക്കീഴെ ചതച്ചുകളയാൻ കഴിയും.**

തലയെ യേശു തകർത്തു. ഇപ്പോൾ നാം പരിശുദ്ധാത്മാവിന്റെ ബലത്തോടെ യേശുവിനോട് ചേർന്ന് അവിടുത്തെ കർത്തൃത്വത്തിനു വിധേയപ്പെട്ടു ജീവിച്ചാൽ നമുക്കും നമ്മുടെ വിവാഹജീവിതത്തെ നശിപ്പിക്കാൻ വന്നിരിക്കുന്ന സാത്താന്റെ തലയെ നമ്മുടെ കാല്ക്കീഴെ ചതച്ചുകളയാൻ കഴിയും. ഇതാണ് വിവാഹജീവിതത്തിൽ ദൈവം നമുക്കായി തന്നിരിക്കുന്ന സന്ദേശത്തിലെ സുവാർത്ത! ഈ സുവിശേഷം കൈക്കൊള്ളാനുള്ള വിശ്വാസം ഉള്ളവരുടെ ജീവിതം 'നല്ലത്' എന്ന സ്ഥലത്തുനിന്ന് "വളരെ നല്ലത്" എന്ന സ്ഥലത്തെത്തും സംശയമില്ല. (തുടരും)

**മൊഴിമാറ്റം: ക്രിസ്റ്റി പീരുമേട്**

വചനം

### ആഴം ആഴത്തെ വിളിക്കുന്നു-II

# ഉപരിപ്ലവമായ ജീവിതം

വാച്ച്മാൻ നീ

**ഹി**സ്കീയാവിന്റെ രോഗസൗഖ്യത്തെക്കുറിച്ചു കേട്ടിട്ട് ബാബേൽ രാജധാനിയിൽനിന്ന് ആളുകൾ സമ്മാനങ്ങളും എഴുത്തുമായി വന്ന ചരിത്രം നമ്മൾ യെശയ്യാവ് 39 ൽ കാണുന്നു. ദൈവത്തിന്റെ കൃപ അനുഭവിക്കാനിടയായ ഹിസ്കീയാവിനു ആ കൃപയുടെ പിന്നാലെയുണ്ടായ പരീക്ഷയെ അതിജീവിപ്പാൻ കഴിഞ്ഞില്ല. ദൈവവചനത്തിൽ അതേപ്പറ്റി രേഖപ്പെടുത്തിയിരിക്കുന്നത് 'ഹിസ്കീയാവ് അവരെക്കുറിച്ചു സന്തോഷിച്ചു തന്റെ ഭണ്ഡാരഗൃഹവും പൊന്നും വെള്ളിയും സുഗന്ധവർഗ്ഗവും പരിമളതൈലവും ആയുധശാല ഒക്കെയും തന്റെ ഭണ്ഡാരത്തിലുള്ള സകലവും അവരെ കാണിച്ചു. തന്റെ രാജധാനിയിലും തന്റെ ആധിപത്യത്തിൽപ്പെട്ട സകലത്തിലും ഹിസ്കീയാവ് അവരെ കാണിക്കാത്ത ഒരു വസ്തുവും ഇല്ലായിരുന്നു" എന്നാണ്. എല്ലാം തുറന്നുകാട്ടാനുള്ള പ്രലോഭനത്തെ അതിജീവിക്കുവാൻ ഹിസ്കീയാവിനു കഴിഞ്ഞില്ല. വളരെ അത്ഭുതകരമായ നിലയിൽ രോഗസൗഖ്യം ലഭിച്ചതുകൊണ്ട് ഈ ലോകത്തിൽത്തന്നെ വളരെ ചുരുക്കംപേർക്കു മാത്രമേ ഇത്തരത്തിലുള്ള അസാധാരണമായ അനുഭവം ഉണ്ടായിട്ടുള്ളൂ എന്ന് അവൻ കരുതിയിരിക്കണം. അതുകൊണ്ടു തന്നെ താൻ വളരെ പ്രധാനപ്പെട്ട ഒരാളാണെന്നും അവനു തോന്നിയിരിക്കാം. ശരിയാണ്. സൂര്യഘടികാരത്തിൽ മുന്നോട്ടു പോയിരുന്ന സമയത്തെ പത്തുപടി പുറകോട്ടുകൊണ്ടുവരുന്ന അടയാളം ഹിസ്കീയാവിനുവേണ്ടി മാത്രമല്ലേ ദൈവം ചെയ്തിട്ടുള്ളൂ? തന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള പുതിയ അവബോധത്തോടെ ഹിസ്കീയാവു തന്റെ ഭണ്ഡാരത്തിലുള്ള സകലവും ബാബേൽ രാജധാനിയിൽ നിന്നു വന്നവരുടെ മുമ്പിൽ തുറന്നുകാട്ടി. തന്റെ കൈവശം എന്തെല്ലാമുണ്ടെന്ന് അവർക്കു മനസ്സിലായി. ആ പ്രദർശനത്തിന്റെ ഫലം എന്തായിരുന്നു? യെശയ്യാവു ഹിസ്കീയാവിനോടു പറഞ്ഞതു കേൾക്കുക "നിന്റെ രാജധാനിയിൽ ഉള്ളതൊക്കെയും നിന്റെ പിതാക്കന്മാർ ഇന്നുവരെ ശേഖരിച്ചുവെച്ചിട്ടുള്ളതും ഒട്ടൊഴിയാതെ ബാബേലിലേക്ക് എടുത്തുകൊണ്ടു പോകുന്ന കാലം വരുന്നു" നാം മറ്റുള്ളവരുടെ മുന്നിൽ പരസ്യപ്പെടുത്തുന്നതിന് ആനുപാതികമായി നമുക്കു നഷ്ടം സംഭവിക്കും.

നിർഭാഗ്യവശാൽ പല ആളുകൾക്കും തങ്ങളുടെ അനുഭവങ്ങൾ കൊട്ടിഘോഷിക്കാതിരിപ്പാൻ വയ്യാ. ഒരു സഹോദരൻ ഒരിക്കൽ പറഞ്ഞു "പല സഹോദരന്മാരും രോഗികളാകുന്നു. എന്നാൽ രോഗസൗഖ്യം പ്രാപിക്കുമ്പോൾ അവർക്കു പറയാൻ അത്ഭുതകരമായ ഒരു സാക്ഷ്യമുണ്ട്. എനിക്കും എന്തെ





ങ്കിലും അസുഖം വരികയും (തീർച്ചയായും മാരകമായതല്ല) ദൈവം അതു സൗഖ്യമാക്കുകയും ചെയ്തെങ്കിൽ എന്നു ഞാൻ ആശിക്കുന്നു. എങ്കിൽ അടുത്ത സാക്ഷ്യയോഗത്തിൽ പറയുവാൻ എനിക്കും എന്തെങ്കിലും ഉണ്ടാകുമായിരുന്നു." ഈ സഹോദരന്റെ മനോഭാവം എന്താണ്? ഒരു അത്ഭുതകരമായ സാക്ഷ്യം പ്രസ്താവിക്കുക. ചർച്ചചെയ്യപ്പെടാൻ വേണ്ടി തനിക്ക് ഒരനുഭവം ഉണ്ടാകുക-അതാണവന്റെ വാഞ്ഛ. ഓ! ഇത്തരം ഉപരിപ്ലവമായ ജീവിതം ദൈവമക്കൾക്ക് എത്ര വലിയ നഷ്ടമാണു വരുത്തുന്നത്. ആത്മിക പുരോഗതിക്കുള്ള സാധ്യതയെ അത് അടച്ചു കളയുന്നു.

എന്നാൽ ദൈവകൃപയുടെ സാക്ഷ്യം നാം പ്രസ്താവിക്കേണ്ടതല്ലേ? തീർച്ചയായും അതു വേണ്ടതു തന്നെ. പൗലോസ് അങ്ങനെ ചെയ്തിരുന്നു. ആയിരക്കണക്കിനു ദൈവമക്കൾ തലമുറയായി അതു ചെയ്തുപോരുന്നു. എന്നാൽ കൃപയുടെ സാക്ഷ്യം വഹിക്കുന്നത് ഒരു കാര്യം. സ്വന്തം അനുഭവം തുറന്നുകാട്ടുന്നതിലുള്ള വ്യഗ്രത മറ്റൊരു കാര്യം. സാക്ഷ്യം പ്രസ്താവിക്കുമ്പോൾ നമ്മുടെ ഉദ്ദേശ്യം എന്താണ്? മറ്റുള്ളവർക്കു പ്രയോജനം ഉണ്ടാകണമെന്നതാണോ അതോ സംസാരിക്കുന്നതിലുള്ള സന്തോഷമാണോ നമ്മുടെ പ്രേരണ? സ്വന്തം സ്വരം കേൾക്കുന്നതിന്റെ രസവും മറ്റുള്ളവർ അനുഗ്രഹിക്കപ്പെടണമെന്ന വാഞ്ഛയും തികച്ചും വ്യത്യസ്തമായ രണ്ടു കാര്യങ്ങളാണ്. നാം സാക്ഷ്യം പ്രസ്താവിക്കുന്നതിനു മടിക്കരുത്. എന്നാൽ എല്ലാം തുറന്നു കാട്ടുന്നതിൽനിന്നു മാറി നില്ക്കണം.

യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷാകാലയളവിലും ഇങ്ങനെയായിരുന്നു. താൻ രോഗികളെ സൗഖ്യമാക്കിയ ശേഷം രോഗസൗഖ്യത്തിന്റെ കാര്യം ആരോടും പറയരുതെന്നു ഒന്നിലേറെ പ്രാവശ്യം പറഞ്ഞതായി മർക്കോസിന്റെ സുവിശേഷത്തിൽ കാണുന്നു. എന്നാൽ ഭൂതഗ്രസ്തനെ സൗഖ്യമാക്കിയശേഷം 'നിന്റെ വീട്ടിൽ നിനക്കുള്ളവരുടെ അടുക്കൽ ചെന്നു കർത്താവു നിനക്ക് ചെയ്തത് ഒക്കെയും നിന്നോടു കരുണകാണിച്ചതും പ്രസ്താവിക്ക' എന്ന് അവനോടു പറഞ്ഞതായി മർക്കൊസ് 5:19 ൽ രേഖപ്പെടുത്തിയിരിക്കുന്നു. ദൈവം നമുക്കു ചെയ്ത വൻകാര്യങ്ങളെ നാം പ്രസ്താവിക്കണം. എന്നാൽ അവയെ വാർത്തയാക്കി കൊട്ടിഘോഷിക്കരുത്.

എല്ലാം തുറന്നു കാട്ടുന്നതു നമ്മുടെ വേരുകളെ പിഴുതു കാട്ടുന്നതിനു തുല്യമാണ്. നമ്മുടെ ചില അനുഭവങ്ങൾ മറഞ്ഞിരിക്കേണ്ടത് ആവശ്യമാണ്. എല്ലാം പ്രദർശിപ്പിച്ചാൽ എല്ലാം നഷ്ടപ്പെടും.

നമ്മുടെ നിക്ഷേപകങ്ങളെല്ലാം വെളിവാക്കിയാൽ അപഹരണം നമുക്ക് ഒഴിവാക്കാനാവില്ല. നാം നമ്മുടെ വേരുകളെ നഗ്നമാക്കിയാൽ അവ ശത്രുവിന്റെ ആക്രമണത്തിനു പാത്രമാകുമെന്നു മറന്നുപോകരുത്. ദൈവം നമ്മെ സഹായിക്കുകയുമില്ല. നാം സാക്ഷ്യം പ്രസ്താവിക്കാൻ അവിടുന്ന് ആഗ്രഹിച്ചാൽ ദൈവകൃപ അനുഭവിച്ച ആ പ്രത്യേക അനുഭവം നമുക്കു വെളിപ്പെടുത്താതെ തരമില്ല. എന്നാൽ മറ്റനേകം അനുഭവങ്ങൾ മറഞ്ഞുതന്നെ ഇരിക്കണം.

വേലയെ സംബന്ധിച്ചും ഇതു പ്രസക്തമാണ്. തന്റെ കൃപയാൽ നമ്മിലൂടെ ചില കാര്യങ്ങൾ ദൈവം ചെയ്തെന്നിരിക്കും. പക്ഷേ അവിടുന്നു ചെയ്തത് പരസ്യപ്പെടുത്താൻ വേണ്ടിയല്ലെന്നതു മറന്നുപോകരുത്. ദൈവവേലയെ നാം പ്രദർശിപ്പിച്ചാൽ ഉടനെതന്നെ മരണത്തിന്റെ സ്പർശം അതിന്മേലുണ്ടാകും. ദാവീദ് യിസ്രായേൽ ജനത്തെ എണ്ണിയപ്പോൾ തന്നെ മരണം കടന്നു വരികയും ആയിരങ്ങൾ സംഹരിക്കപ്പെ

ടുകയും ചെയ്തു (2 ശമുവേൽ 24). തുറന്നുകാട്ടാൻ ദൈവം പറയുന്നതൊഴിച്ചുള്ള ദൈവവുമായുള്ള നമ്മുടെ ബന്ധത്തിന്റെ ചരിത്രം രഹസ്യമായിത്തന്നെ സൂക്ഷിക്കപ്പെടണം. അവിടുന്നു നമ്മിൽ പ്രവർത്തിച്ച് ചിലതു വെളിപ്പെടുത്താൻ പറഞ്ഞാൽ അതിനു മടിക്കരുത്. ഒരു സഹോദരനോട് ചില അനുഭവങ്ങൾ പങ്കിടാൻ ദൈവം നമ്മെ പ്രേരിപ്പിക്കുമ്പോൾ അതിനു തയ്യാറാകാതിരിക്കുന്നത് ക്രിസ്തുവിന്റെ ശരീരത്തിന്റെ നിയമങ്ങൾക്കെതിരാണ്. ഒരാളിൽ ഉയരുന്ന ജീവൻ മറ്റൊരാളിലേക്കു പകരപ്പെടണം. അതിനെ മൂടിവയ്ക്കരുത്. ഇക്കാര്യത്തിൽ നിഷേധാത്മകമായ മനോഭാവം പുലർത്തരുത്. ജീവനു ശുശ്രൂഷിപ്പാൻ നാം സദാ തയ്യാറായിരിക്കണം. നിങ്ങളുടെ രഹസ്യജീവിതത്തിന് ആഴം കൂടുന്തോറും ആഴം ആഴത്തെ വിളിക്കുന്നു എന്നതു കണ്ടെത്തിക്കൊണ്ടിരിക്കും. ആന്തരികജീവന്റെ അഗാധതയിൽനിന്നു നാം നൽകുന്നതു മറ്റു ജീവിതങ്ങളെ ആഴത്തിൽ സ്പർശിക്കും. അതേസമയം നിങ്ങളുടെ ജീവിതത്തിന് ആഴം കുറവാണെങ്കിൽ ഉപരിപ്ലവമായ നിങ്ങളുടെ പ്രവർത്തനം മറ്റൊരു ജീവിതത്തിന്റെ ഉപരിതലത്തെ മാത്രമേ സ്പർശിച്ചു കടന്നു പോകൂ. ആഴത്തിനു മാത്രമേ ആഴത്തെ വിളിക്കാനാവുകയുള്ളൂ.

(അവസാനിച്ചു) ●

## *എഡിറ്റോറിയൽ (പേജ് 4 ൽ നിന്ന്)*

വരും എന്നറിക. മനുഷ്യർ സ്വസ്നേഹികളും, ദ്രവ്യാഗ്രഹികളും....ആയി ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവരുമായിരിക്കും' (2 തിമൊഥെയോസ് 3:1). ഇവിടെ ലോകമനുഷ്യരെക്കുറിച്ചല്ല മറിച്ചു വിശ്വാസികളെക്കുറിച്ചാണു പറഞ്ഞിരിക്കുന്നതെന്ന് 'ഭക്തിയുടെ വേഷം ധരിച്ച്' എന്ന പദപ്രയോഗത്തിൽനിന്നു വ്യക്തമാണല്ലോ. അങ്ങനെയെങ്കിൽ അന്ത്യകാലത്ത് വിശ്വാസി എന്തുകൊണ്ടാണ് ഈ ഒരു പതനത്തിൽ എത്തിച്ചേരുന്നത്? 'യേശു ജഡത്തിൽ വെളിപ്പെട്ടു, ആത്മാവിൽ നീതീകരിക്കപ്പെട്ടു' എന്ന സത്യം അവർ കാണാത്തതു കൊണ്ടല്ലേ? ഫലം ഈ ലോകജീവിതത്തിൽ തനിക്കും യേശുവിനെ അനുഗമിച്ച് ജയകരമായ ഒരു ജീവിതം നയിക്കാൻ കഴിയും എന്ന വിശ്വാസം അവർക്കു കയ്യാളാൻ കഴിയുന്നില്ല. 'വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ' യേശുവിനെ നോക്കി, തന്നെ മാതൃകയാക്കി, സ്വന്തജീവിതത്തെ യേശുവിന്റെ ജീവിതത്തിന്റെ വെളിച്ചത്തിൽ വിധിച്ച് ദിനന്തോറും മുന്നോട്ടു പോയാൽ മാത്രമേ ഒരുവനു തന്റെ ജഡത്തിലെ തിന്മകളെ കാണാനും അവയിൽ നിന്നു ശുദ്ധീകരണം പ്രാപിച്ചുകൊണ്ടിരിക്കുവാനും കഴിയുകയുള്ളൂ. പിശാചിന് ഈ കാര്യം വളരെ നന്നായി അറിയാം എന്നതുകൊണ്ട് അവൻ ഈ സത്യത്തിനു നേരേ വിശ്വാസികളുടെ കണ്ണിനെ ഇന്നു കുരുടാക്കിയിരിക്കുന്നു. ഇതിന്റെ ഫലമായി വിശ്വാസി ഇന്ന് സ്വസ്നേഹിയും, ദ്രവ്യാഗ്രഹിയും, വമ്പുപറയുന്നവനും, അഹങ്കാരിയും, ദൂഷകനും....ഭക്തിയുടെ വേഷം മാത്രം ഉള്ളവനും പാപത്തെ ജയിച്ചു ജീവിക്കാൻ ശക്തിയില്ലാത്തവനുമായി മാറിയിരിക്കുന്നു! എത്ര പരിതാപകരം!!

യഥാർത്ഥവിശ്വാസം ജയകരമായ ജീവിതത്തിനു ശക്തിനൽകുന്ന വിശ്വാസമാണ്. പ്രധാനപ്പെട്ട ഈ കാര്യത്തിൽ നിന്നു നമ്മുടെ ശ്രദ്ധയെ മാറ്റുന്ന എതിർക്രിസ്തുവിന്റെ ആത്മാവ് ഇന്നു ക്രൈസ്തവലോകത്തു ശക്തമാണ്. നാം ഇതു തിരിച്ചറിയുമോ? ദൈവഭക്തിയുടെ രഹസ്യം മനസ്സിലാക്കി ഈ അന്ത്യകാലത്ത് എതിർക്രിസ്തുവിന്റെ ആത്മാവിനെതിരെ ഒരു നിലപാടെടുക്കുമോ? ●



# ആ പാദമുദ്രകളിൽ പദമൂന്നി...



ചാൾസ് എം. ഷെൽഡൺ
മൊഴിമാറ്റം:ബോബി ചെറിയാൻ

*വായിച്ചു തുടങ്ങുംമുൻപ്......*

***റെയ്മണ്ട് ഒന്നാം സഭയിലെ ശുശ്രൂഷകനാണ് ഹെൻട്രി മാക്സ്വെൽ. ഞായറാഴ്ച. 'യേശുവിനെ അനുഗമിക്കുക' എന്ന പ്രസംഗത്തിനുശേഷം അദ്ദേഹം ഇരുന്നപ്പോൾ തൊഴിലന്വേഷിച്ച് നടന്ന ഒരാൾ പ്രസംഗപീഠത്തിലേക്ക് കയറിവന്നു. 'നിങ്ങൾ പ്രായോഗികതലത്തിൽ എങ്ങനെയാണ് യേശുവിനെ അനുഗമിക്കുന്നത്?' എന്ന ചോദ്യം സഭാജനങ്ങളോട് അയാൾ ഉന്നയിച്ചു. എന്നാൽ സംസാരം പൂർത്തിയാക്കുന്നതിനുമുമ്പുതന്നെ ഹൃദയാഘാതംമൂലം അയാൾ മരിച്ചു. പിറ്റേ ആഴ്ച റവ.ഹെൻട്രി മാക്സ്വെൽ തന്റെ സഭാജനങ്ങൾക്ക് ഒരു ആഹ്വാനം നൽകി-അടുത്ത ഒരു വർഷത്തേക്ക് നിങ്ങളുടെ സ്ഥാനത്ത് 'യേശു ആയിരുന്നെങ്കിൽ എന്തുചെയ്യുമായിരുന്നു' എന്നു ചോദിച്ചശേഷം മാത്രമേ ഏതു പ്രവൃത്തിയും ചെയ്യാവൂ എന്ന പ്രതിജ്ഞ എടുക്കുക. സഭയിലെ ഒരു സംഘം വിശ്വാസികൾ അങ്ങനെ പ്രതിജ്ഞയെടുത്തു. നഗരത്തിലെ ഡെയ്‌ലി ന്യൂസ് പത്രത്തിന്റെ പത്രാധിപർ നോർമൻ ആകൂട്ടത്തിൽ ഒരാളായിരുന്നു. അദ്ദേഹം തന്റെ പ്രതിജ്ഞയനുസരിച്ച് പത്രത്തിൽ ചില മാറ്റങ്ങൾ വരുത്തുവാൻ തുടങ്ങി. അത് ഓഫീസിൽ ചില കോളിളക്കങ്ങൾ ഉണ്ടാക്കിയെങ്കിലും അദ്ദേഹം മുന്നോട്ടുതന്നെ പോയി.***

***പ്രതിജ്ഞ എടുത്തവരിൽ ഒരാളായ അലക്സാണ്ടർ പവേഴ്സ് തന്റെ കമ്പനി ചില നികുതിവെട്ടിപ്പുകൾ നടത്തുന്നതായി യാദൃച്ഛികമായി മനസ്സിലാക്കി. അദ്ദേഹം അത് അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവന്നു. പക്ഷേ പവേഴ്സിന് അതിനൊരു വില കൊടുക്കേണ്ടിവന്നു-അദ്ദേഹത്തിന്റെ ജോലി നഷ്ടപ്പെട്ടു. സഭയിലെ ഗായികയായ റേച്ചലും ധനികയുവതിയായ വെർജീനിയായും പ്രതിജ്ഞയെടുത്ത മറ്റുരണ്ടുപേരാണ്. ഇതിനിടെ റേച്ചലിന് ഒരു സംഗീതട്രൂപ്പിൽ ജോലി ലഭിച്ചു. പക്ഷേ പ്രതിജ്ഞമൂലം അത് അവൾ സ്വീകരിക്കാൻ വിസമ്മതിക്കുന്നു. പകരം ടൗണിൽ അധോലോക സംഘങ്ങൾ വിഹരിക്കുന്ന ചത്വരത്തിൽ നടക്കുന്ന സുവിശേഷയോഗങ്ങളിൽ പാടാൻ തുടങ്ങി. വെർജീനിയായും ഈ യോഗങ്ങളിൽ സംബന്ധിക്കുവാൻ ആരംഭിച്ചു. ചത്വരത്തിലെ മദ്യപയായ ലൊറീൻ എന്ന പെൺകുട്ടിയെ അവൾ വീട്ടിലേയ്ക്ക് കൂട്ടിക്കൊണ്ടുവന്നത് വലിയമ്മ മദാംപേജിന് ഇഷ്ടമായില്ല.***

*തുടർന്നുവായിക്കുക....*

## 12

**ചാ**യയ്ക്കുള്ള മണിമുഴങ്ങിയപ്പോൾ വെർജീനിയാ താഴെ ഭക്ഷണമുറിയിലേയ്ക്കു ചെന്നു. പതിവിനു വിപരീതമായി വലിയമ്മയുടെ സാന്നിദ്ധ്യം ഉണ്ടായില്ല. അവൾ അതന്വേഷിക്കാൻ ഒരു പരിചാരികയെ അയച്ചു. അവരുടെ മുറിയിൽ അവരില്ല എന്ന് പരിചാരിക അറിയിച്ചു. ചില നിമിഷങ്ങൾക്കു

ശേഷം റോളിൻ കടന്നുവന്നു. വലിയമ്മ തെക്കൻ നാട്ടിലേക്കു പോകുന്ന ഒരു ട്രെയിനിൽ കയറിപ്പോകുന്നതു കണ്ടതായി റോളിൻ അറിയിച്ചു. ചില സുഹൃത്തുക്കളെ യാത്രയയയ്ക്കാനായി സ്റ്റേഷനിൽ പോയതായിരുന്നു റോളിൻ. അപ്പോഴാണ് അപ്രതീക്ഷിതമായി വലിയമ്മയെ കണ്ടത്. താൻ പോകുന്നതിന്റെ കാരണവും അവർ റോളിനെ അറിയിച്ചു.

ചായ കുടിക്കുമ്പോൾ മേശയ്ക്കിരുവശത്തും ഇരുന്ന് അവർ പരസ്പരം ആശ്വസിപ്പിച്ചു. ദുഃഖപൂർണമായ മുഖത്തോടെയും ഹൃദയത്തിൽ നിന്നുള്ള ആത്മാർത്ഥതയോടെയും.

“റോളിൻ, നിനക്ക് എന്നെ കുറ്റപ്പെടുത്താൻ കഴിയുമോ? ഞാൻ ചെയ്തത് തെറ്റാണോ?”

തന്റെ സഹോദരനിലുണ്ടായ മാറ്റം എത്ര അത്ഭുതകരമെന്നും തനിക്ക് അതെത്ര അനുഗ്രഹമെന്നും അവൾ മനസ്സിലാക്കുകയായിരുന്നു.

“ഇല്ല, ഒരിക്കലുമില്ല. നമ്മെ സംബന്ധിച്ച് ഇതൊക്കെ വേദനാജനകമാണെന്നുമാത്രം. എന്നാൽ നിന്റെ കരുതലും സംരക്ഷണവും ആ പാവം പെൺകുട്ടിക്ക് ആവശ്യമെങ്കിൽ നമുക്ക് മറ്റൊന്നും ചെയ്യാൻ കഴിയില്ല. ഈ പെൺകുട്ടിയെപ്പോലെ എത്രയധികം ആളുകൾ അഭയമില്ലാത്തവരായിട്ടുണ്ടെന്നതു വിസ്മരിച്ച് നാമൊക്കെ ഇത്രയധികം സൗകര്യങ്ങൾ ഇക്കാലമത്രയും അനുഭവിച്ചു ജീവിച്ചു! യേശു ആയിരുന്നെങ്കിൽ നിന്റെ സ്ഥാനത്ത് അങ്ങനെതന്നെ ചെയ്യുമായിരുന്നു എന്നു ഞാൻ കരുതുന്നു.”

അന്നു സായാഹ്നം മുഴുവൻ റോളിൻ വെർജീനിയയ്ക്ക് ആശ്വാസവചനങ്ങളും ആലോചനകളും ഒക്കെ നൽകി അവളോടൊപ്പം സമയം ചെലവഴിച്ചു. അവൾ പ്രതിജ്ഞയെടുത്തതു മുതൽ ഇതുവരെയും ഇത്ര അത്ഭുതകരമായ ഒരു മാറ്റം ആരിലും കണ്ടിട്ടില്ല. റോളിന്റെ മാറ്റം പോലെ അവളുടെ ചിന്തയെ സ്വാധീനിച്ച ഒന്നുംതന്നെയില്ല. ഈ വ്യക്തി ക്രിസ്തുവിൽ തികച്ചും ഒരു പുതിയ മനുഷ്യനായിത്തീർന്നിരിക്കുന്നു. പഴയതു കഴിഞ്ഞുപോയിരിക്കുന്നു. അവനിലെ എല്ലാ മേഖലകളും പുതുതായിത്തീർന്നിരിക്കുന്നു.

വെർജീനിയയുടെ ക്ഷണപ്രകാരം ഡോ.വെസ്റ്റ് കടന്നുവന്ന് ലോറീന് ആവശ്യമായതൊക്കെ നൽകി. പിച്ചും പേയും പറയുന്ന ഒരു നിലയിലേക്ക് അവളുടെ സിരകളെ മദ്യം ആക്രമിച്ചു കീഴ്പ്പെടുത്തിയിരുന്നു. പരിചരണവും ശ്രദ്ധയും വ്യക്തിപരമായ സ്നേഹവുമാണ് തത്ക്കാലം ആവശ്യം എന്നു ഡോക്ടർ പറഞ്ഞു. യേശു കടൽക്കരയിലൂടെ നടക്കുന്ന ഒരു ചിത്രംകൊണ്ട ലങ്കരിച്ച മനോഹരമായ ഒരു മുറിയായിരുന്നു അവൾക്കു നൽകിയിരുന്നത്. ആ ചിത്രത്തിന്റെ അർത്ഥതലങ്ങളുടെ ആഴത്തിലേക്ക് കണ്ണുംനട്ട് അവളങ്ങനെ കിടന്നു. വെർജീനിയായും തകർന്ന ഈ ജീവിതത്തെ ഒരു സാന്ത്വന സ്പർശം കൊണ്ടു ജീവിപ്പിക്കുവാനെന്നോണം യേശുവിനോടു ചേർന്ന് ആ മുറിയിലേക്ക് ഇടയ്ക്കിടെ ചെല്ലുമായിരുന്നു.

തങ്ങളെ നിരന്തരം പ്രലോഭിപ്പിച്ചുകൊണ്ടിരുന്ന സാഹചര്യങ്ങൾക്കുമുമ്പിൽ വലഞ്ഞുകൊണ്ടിരുന്ന, തിളച്ചുമറിയുന്ന ചുഴിയിലേക്കു ഇരുകയ്യും നീട്ടി കൂപ്പുകുത്തിയ ലോറീനെപ്പോലെയുള്ള സാധുക്കളെയോർത്ത് മി.ഗ്രേയും ഭാര്യയും നിരന്തരം കണ്ണീരൊഴുക്കിക്കൊണ്ടിരുന്നതിനാൽ തെരഞ്ഞെടുപ്പിനെ ചത്വരം പ്രത്യേക ശ്രദ്ധയോടെയാണ് ഉറ്റുനോക്കിക്കൊണ്ടിരുന്നത്.

പ്രഥമസഭയിലെ യോഗത്തിനുശേഷം പഠനമുറിയിലെ ചെറിയ കൂടിവരവ് പതിവായിത്തീർന്നു. ഈ ആഴ്ചയും അവർ കൂടി. കൂടുതൽ വിശ്വാസത്തോടെ. ജാസ്പർ ചേസിന്റെ അസാന്നിദ്ധ്യം ഈ ആഴ്ചയും ശ്രദ്ധിക്കപ്പെ








ട്ടു. മറ്റു കൂടിവന്നവർ തമ്മിൽ അവാച്യമായ അടുപ്പവും ബന്ധവും സന്തോഷകരമായ ഒരു കൂട്ടായ്മയും അനുഭവവേദ്യമായിരുന്നു. യേശുവിന്റെ ആത്മാവ് തന്റെ അനുഭവങ്ങളെ കലവറകൂടാതെ പങ്കുവയ്ക്കുന്ന ആത്മാവാണെന്ന ബോദ്ധ്യമായിരുന്നു എല്ലാവർക്കും. അതുകൊണ്ട് തന്റെ പത്രത്തെക്കുറിച്ച് എല്ലാവരോടും തുറന്നു പറയാനുള്ള സ്വാഭാവികമായ പ്രേരണ എഡ്‌വാർഡ് നോർമനുണ്ടായിരുന്നു.

“കഴിഞ്ഞ മൂന്നാഴ്ചക്കാലമായി സാമ്പത്തികമായി ഭീമമായ നഷ്ടമാണ് എനിക്കുണ്ടായിക്കൊണ്ടിരുന്നത്. എത്രയെന്നു കണക്കുകൂട്ടിയിട്ടില്ല. ഓരോദിവസവും ധാരാളം വായനക്കാരെയും എനിക്കു നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഇതാണ് ഇപ്പോഴുള്ള യഥാർത്ഥ വസ്തുത.”

“വായനക്കാർ എന്തുകാരണത്താലാണു കൊഴിഞ്ഞു പോകുന്നത്?” മാക്സ്‌വെൽ ചോദിച്ചു. മറ്റുള്ളവർ ആകാംക്ഷയോടെ കേട്ടിരുന്നു.

“വ്യത്യസ്തമായ പലകാരണങ്ങൾ അതിനുണ്ട്. എല്ലാ വാർത്തയും പ്രസിദ്ധീകരിക്കുന്ന പത്രങ്ങളാണവർക്കു വേണ്ടത്. എല്ലാ വാർത്തയുമെന്നാൽ കുറ്റകൃത്യങ്ങളും പന്തയപ്പോരാട്ടവും തുടങ്ങി ഉദ്വേഗജനകമായ എല്ലാ മസാലയും കുത്തിനിറച്ച വാർത്തകൾ, കുത്സിതമായ റിപ്പോർട്ടുകൾ, ബീഭത്സവും ഭയാനകവുമായ മറ്റുപലതും ആളുകൾക്കു വേണം. ഞായറാഴ്ചപ്പതിപ്പ് നിർത്തിയതാണ് മറ്റൊരു കാരണം. അവരെ തൃപ്തിപ്പെടുത്താനായി പഴയതിലധികം പേജുകൾ ഉൾക്കൊള്ളിച്ച് ഞാനൊരു പ്രത്യേകപതിപ്പ് ശനിയാഴ്ചത്തെ പത്രത്തോടൊപ്പം കൊടുക്കുന്നുണ്ട്. പരസ്യങ്ങൾ കൊഴിഞ്ഞുപോയതാണ് ഏറ്റവും വലിയ നഷ്ടം. പ്രത്യേകിച്ചും രാഷ്ട്രീയപ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ തുടങ്ങിയതു മുതൽ. ഏറ്റവും ഒടുവിലത്തെ റിപ്പോർട്ട് വലിയ ക്ഷീണമുണ്ടാക്കി. എന്റെ വായനക്കാരിൽ അധികവും പക്ഷപാതിത്വമുള്ളവരാണ്. രാഷ്ട്രീയപ്രശ്നങ്ങളോട് യേശു എങ്ങനെ പ്രതികരിക്കുമായിരുന്നോ ആ വഴി തെരഞ്ഞെടുത്താൽ പ്രസിദ്ധീകരണത്തിന്റെ പ്രവർത്തനച്ചെലവു വഹിച്ച് നടത്തിക്കൊണ്ടുപോകാൻ പ്രയാസമാകുമെന്നു പറയേണ്ടിയിരിക്കുന്നു. ഒരു ഘടകം അനുകൂല

മാകുമെങ്കിൽ കാര്യങ്ങൾ വ്യത്യാസപ്പെടാം.” അദ്ദേഹം ഒരു നിമിഷം നിർത്തി. വെർജീനിയാ വലിയ താത്പര്യത്തോടെ ശ്രദ്ധിച്ചിരുന്നു. താൻ ചിന്തിച്ചുകൊണ്ടിരുന്ന അതേകാര്യം മറ്റൊരാളിൽ നിന്നും കേൾക്കുമ്പോലെ അവളുടെ മുഖം തിളങ്ങി.

“ആ ഘടകം റെയ്മണ്ടിലെ ക്രിസ്ത്യാനികളാണ്. ക്രിസ്തീയമൂല്യങ്ങൾക്കുവേണ്ടി വിലകൊടുത്തു നില്ക്കാൻ താത്പര്യമില്ലാത്തവരാണ് കഴിഞ്ഞനാളുകളിൽ കൊഴിഞ്ഞുപോയവരൊക്കെ. അവരെ സംബന്ധിച്ച് എല്ലാ മസാലകളും എത്തിച്ചുകൊടുക്കുന്ന ഒരു കരാറുകാരനെപ്പോലെയാകണം പത്രം. യേശു ഇറക്കുമായിരുന്ന ഒരു പത്രത്തിനു പിന്തുണ നൽകാൻ താത്പര്യമുള്ള ക്രിസ്ത്യാനികൾ റെയ്മണ്ടിലില്ലേ? ക്രൈസ്തവവും ധാർമ്മികവുമായ എല്ലാ മൂല്യങ്ങളും കാറ്റിൽപ്പറത്തിയ തരംതാണപത്രങ്ങൾ നൽകുന്ന വായനാഭിരുചി ക്രൈസ്തവസഭാംഗങ്ങളുടെയും ശീലങ്ങളെ അത്രമാത്രം സ്വാധീനിച്ചിരിക്കുന്നോ? ഈ സഭയുമായുള്ള കൂട്ടായ്മയുടെ സ്വാധീനഫലമായി എന്റെ ബിസിനസ്സ് പരീക്ഷണങ്ങൾ വലിയ നഷ്ടമാണെനിക്കു വരുത്തിയത്. എന്നാൽ എന്റെ ഈ പരീക്ഷണങ്ങൾ ഇത്തരം തീരുമാനങ്ങളൊന്നും എടുത്തിട്ടില്ലാത്ത പല ഇടപാടുകാരെയും ബാധിക്കയും അതു സാമ്പത്തികനഷ്ടത്തിൽ കലാശിക്കുവാൻ ഇടയാക്കുകയും ചെയ്തു. നാം എടുത്ത തീരുമാനവും പ്രതിജ്ഞയും പരിഗണിച്ചാൽ നമ്മുടെ ചെയ്തികൾക്ക് എന്തുവിലകൊടുക്കേണ്ടിവരും എന്ന ചേദ്യം പ്രസക്തമല്ല. മറിച്ച് യേശു എന്തുചെയ്യുമായിരുന്നു എന്നതു മാത്രമാണ് മാനദണ്ഡം. ഈ മാനദണ്ഡത്തിൽ പ്രവർത്തിച്ചതുമൂലം എന്റെ സാമ്പദ്യങ്ങൾ, ബിസിനസ്സ് നിക്ഷേപം, ഏതാണ്ട് തീരാറായി. ഇതിന്റെ വിശദാംശങ്ങളിലേക്ക് പോകേണ്ട കാര്യമില്ല. കഴിഞ്ഞ മൂന്നാഴ്ചത്തെ അനുഭവം കൊണ്ട് ഒരു കാര്യം എനിക്കുറപ്പായി ഈ മാനദണ്ഡം സത്യസന്ധമായി അനുസരിക്കുന്ന എത്രവലിയ മനുഷ്യനും ഇന്നത്തെ ബിസിനസ്സ് വ്യവസ്ഥിതിയിൽ ഭീമമായ നഷ്ടങ്ങൾ ഒഴിവാക്കാനാവില്ല. ഞാൻ എന്റെ നഷ്ടത്തെക്കുറിച്ചു പറഞ്ഞതും എനിക്ക് ഒരു അന്തിമവിജയം ഇക്കാര്യത്തിൽ ഉണ്ടാകുമെന്ന വിശ്വാസം ഉള്ളതുകൊണ്ടാണ്. യേശു ചെയ്തതുപോലെ എന്ന അടിസ്ഥാന പ്രമാണത്തിലൂന്നി ഒരു പത്രം വിജയിപ്പിക്കാൻ കഴിയുമെന്നു ഞാൻ വിശ്വസിക്കുന്നു. അതിനുവേണ്ടി ഈ വില എനിക്കു നൽകേണ്ടി വരുന്നു. എന്നാൽ ഇന്നത്തെ നിലയ്ക്കു റേമണ്ടിലെ ക്രൈസ്തവസമൂഹം വരിസംഖ്യ നൽകി പത്രം വാങ്ങുകയും പരസ്യങ്ങൾ നൽകി സഹായിക്കയും ചെയ്യുന്നില്ലെങ്കിൽ ഈ സംരംഭം മുന്നോട്ടു കൊണ്ടുപോകാൻ കഴിയില്ല.”

വെർജീനിയാ ഒരു ചോദ്യം ചോദിച്ചു. നോർമന്റെ സംഭാഷണം മുഴുവൻ അവൾ സശ്രദ്ധം ശ്രവിക്കുകയായിരുന്നു.

“ഒരു ക്രിസ്ത്യൻ കോളജിനെന്നപോലെ ഒരു ക്രിസ്ത്യൻദിനപ്പത്രത്തിനും നടത്തിപ്പിന് വൻതുകകൾ സംഭാവനയായി ലഭിക്കേണ്ടതുണ്ടോ?”

“തീർച്ചയായും. അതുതന്നെയാണ് ഞാൻ അർത്ഥമാക്കിയത്. ഇത്രയും കാലം അക്രൈസ്തവമായ വാർത്തകൾ കൊണ്ടു മനോഹരമാക്കിയ പംക്തികളെ രസകരവും ശക്തവും ധാർമ്മികവുമായ ലേഖനങ്ങൾകൊണ്ടു നിറയ്ക്കാനുള്ള പദ്ധതി ഞാൻ ആസൂത്രണം ചെയ്തിട്ടുണ്ട്. പക്ഷേ ഒന്നു പിടിച്ചു നില്ക്കുവാൻ നല്ല ഒരു തുക കൈയിൽ വേണം. യേശു ആയിരുന്നെങ്കിൽ അച്ചടിക്കയും ഇറക്കുകയും ചെയ്യുമായിരുന്ന കാര്യങ്ങൾ തന്നെ





എഴുതി പ്രചരിപ്പിച്ച് അംഗീകാരം നേടിയെടുക്കാൻ കഴിയുമെന്ന് എനിക്ക് വിശ്വാസമുണ്ട്. പക്ഷേ നല്ല തുക കൈയിൽ വേണം.”

“എത്ര പണം വേണ്ടിവരും?” വെർജീനിയ ചോദിച്ചു. വെർജീനിയയുടെ ചോദ്യം നോർമനിൽ താത്പര്യവും ഉത്സാഹവും ജനിപ്പിച്ചു. അദ്ദേഹത്തിന് അവളെയും കുടുംബത്തെയും പിതാവിന്റെ കാലം മുതല്ക്കേ അറിയാമായിരുന്നു. പിതാവുമായി തനിക്ക് ബിസിനസ്സ് ബന്ധവുമുണ്ടായിരുന്നു.

“ഒരു അഞ്ചുലക്ഷം ഡോളർ വേണ്ടിവരും.”

“ശരി, പണം ഞാൻ മുടക്കാം. ഒരു വ്യവസ്ഥമാത്രം. അവസാനംവരെയും പത്രത്തിന്റെ ലക്ഷ്യം ഇതുതന്നെയായിരിക്കണം.”

‘‘ദൈവത്തിനു സ്തോത്രം’’. മാക്സ്വെൽ മൃദുവായി പ്രതികരിച്ചു. മറ്റുള്ളവരെല്ലാം വെർജീനിയയെത്തന്നെ നോക്കിക്കൊണ്ടിരുന്നു.

“സ്നേഹിതരേ, എന്റെ ഈ പ്രവൃത്തിയെ ഒരു ഔദാര്യമെന്നോണം കണ്ട് എന്നെ പ്രശംസിക്കുവാൻ നിങ്ങൾ തുനിയരുതെന്ന് ഒരപേക്ഷയുണ്ട്. ഞാൻ സ്വരൂപിച്ചിരിക്കുന്ന ഈ സ്വത്തെല്ലാം എന്റേതല്ല, ദൈവത്തിന്റേതാണ്. വിശ്വസ്തയായ ഒരു കാര്യസ്ഥ എന്ന നിലയിൽ മാത്രം എന്റെ പ്രവൃത്തിയെ കണ്ടാലും. ഇത് പ്രശംസയ്ക്കും പൊങ്ങച്ചത്തിനും വേണ്ടി ചെയ്ത ഒരു കാര്യമല്ല. തന്റെ മഹത്വത്തിനായി ഇതുകൈകാര്യം ചെയ്യുന്നതിൽ സത്യസന്ധയാകണമെന്നേ ഞാൻ ആഗ്രഹിക്കുന്നുള്ളൂ. ഞാൻ കുറച്ചു നാളായി ഇതെക്കുറിച്ചു ചിന്തിക്കാൻ തുടങ്ങിയിട്ട്. കാരണം മദ്യത്തിനെതിരായ നമ്മുടെ പോരാട്ടത്തിൽ ‘ഡെയ്‌ലി ന്യൂസി’നു വലിയ ഒരു പങ്കുണ്ട്. മറ്റെല്ലാ പത്രങ്ങളും മദ്യശാലയ്ക്ക് അനുകൂലമാണ്. മദ്യശാല നിലനില്ക്കുന്നേടത്തോളം ചത്വരത്തിലെ രക്ഷണ്യപ്രവർത്തനങ്ങൾക്ക് സ്ഥായിയായ ഫലം കണ്ടെത്തുക പ്രയാസമാണ്. ഗ്രേയുടെ സുവിശേഷപ്രവർത്തനത്തിന് ഇത്രവലിയ പ്രലോഭനശക്തിയിൽ നിന്നും ആളുകളെ വലിച്ചെടുക്കാൻ കഴിയുമോ?. ‘ന്യൂസി’ന്റെ പരാജയം ശത്രുവിനു മുമ്പിൽ കീഴടങ്ങുന്നതിനു തുല്യമാണ്. നോർമന്റെ കഴിവിനെക്കുറിച്ചു എനിക്കു നല്ല മതിപ്പുണ്ട്. അദ്ദേഹത്തിന്റെ പദ്ധതികളെക്കുറിച്ചെനിക്കറിയില്ല. എങ്കിലും പത്രം വിജയിപ്പിക്കാനദ്ദേഹത്തിനു കഴിയും. അക്രൈസ്തവപത്രപ്രവർത്തനശൈലിയെക്കാൾ ഒട്ടും മോശമല്ല ക്രൈസ്തവശൈലി എന്നു ഞാൻ വിചാരിക്കുന്നു. യേശു ചെയ്യുമായിരുന്നതു ചെയ്യുവാൻ കഴിയുന്ന ഒരു വ്യക്തിയെയാണ് ഞാനീ പണം ഏല്പിക്കുന്നത്. ഇത്രകാലവും ദൈവത്തിന്റെ ധനം സ്വാർത്ഥതാത്പര്യങ്ങൾക്കുപയോഗിക്കയായിരുന്നു ഞാൻ. അതുകൊണ്ട് എന്റെ ഈ പ്രവൃത്തിയെ ആരും വലുതായി കാണരുതേ. യേശു ഇങ്ങനെ ചെയ്യുമായിരുന്നു എന്നു ഞാൻ കരുതുന്നു.”

ആ പഠനമുറിയിൽ ദൈവസാന്നിദ്ധ്യം നിറഞ്ഞു നിന്നിരുന്നു. കുറെ സമയം നിശ്ശബ്ദത തളംകെട്ടി. അവർ തമ്മിൽ മറ്റാർക്കും മനസ്സിലാക്കാൻ കഴിയാത്ത വലിയ ഒരു കൂട്ടായ്മബന്ധം ശക്തിപ്രാപിക്കയായിരുന്നു.

“ഞാൻ എടുത്തിരിക്കുന്ന പ്രതിജ്ഞയോടുള്ളബന്ധത്തിൽ എനിക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങളിൽ ഇവിടെ ഈ മുറിയിൽ കൂടിയിരിക്കുന്ന ഏവർക്കും സഹതാപവും പ്രായോഗികമായ കൂട്ടായ്മയും ഉണ്ടാകുമെന്ന് എനിക്കധികമായി ബോദ്ധ്യപ്പെട്ടിരിക്കുന്നു. നാം തമ്മിൽത്തമ്മിലുള്ള ആ ബന്ധം ഈ പ്രതിജ്ഞ നിറവേറ്റുന്നതിൽ കൂടുതൽ സഹായകമാകും.” മാക്സ്വെൽ പറഞ്ഞു.

ഒന്നാം നൂറ്റാണ്ടിൽ അത്ഭുതങ്ങളും അടയാളങ്ങളും അപ്പൊസ്തലന്മാർക്ക്

## എതിർക്രിസ്തുവിന്റെ ആത്മാവ് *പേജ് 9 ൽ നിന്ന് തുടർച്ച*

നിഷ്കളങ്കരായ വിശ്വാസികൾ വിവേചനരഹിതമായി ഇവ കണ്ണുമടച്ചു വിഴുങ്ങുകയും ചെയ്യുന്നു) മറ്റുള്ളവരുടെ സഹതാപം നേടുവാനായി സ്വയം വേദനയും രോഗവും നടിക്കുക, ഔദാര്യശാലിയെന്നോ നിഷ്കളങ്കനെന്നോ സ്വയം അഭിനയിക്കുക, പ്രാർത്ഥന, ഉപവാസം, ഭൂതബാധയൊഴിക്കൽ, തുടങ്ങിയവയെപ്പറ്റി മറ്റുള്ളവർക്ക് മതിപ്പുളവാകുമാറ് വർണ്ണിക്കുക ഇങ്ങനെ നൂറുകണക്കിനുള്ള സാധ്യതകളാണ് വ്യാജകഥനത്തിനുള്ളത്.

നിങ്ങൾ പാപത്തോടു പരാജയപ്പെട്ടവനെങ്കിലും അതിനെപ്പറ്റി ഹൃദയപൂർവ്വം ദുഃഖിക്കുന്നപക്ഷം, നിങ്ങൾക്കു പ്രത്യാശയ്ക്കു വഴിയുണ്ട്. ക്രിസ്തുവിന്റെ കാന്തയിൽ ഉൾപ്പെടുന്നതിനുള്ള യോഗ്യത നേടുവാൻ പോലും നിങ്ങൾക്കു കഴിയും. എന്നാൽ നിങ്ങൾക്കു പാപത്തിന്മേൽ വിജയമുണ്ടെന്നു നിങ്ങൾ അവകാശപ്പെടുകയോ നിങ്ങളുടെ പ്രസംഗത്തിലൂടെ മറ്റുള്ളവരിൽ അപ്രകാരമൊരു ധാരണ ഉളവാക്കുകയോ ചെയ്യുകയും അതേ സമയം രഹസ്യജീവിതത്തിൽ നിങ്ങൾ പരാജയജീവിതം നയിക്കുകയും ചെയ്യുന്നുവെങ്കിൽ, പരിശുദ്ധാത്മസ്നാനം ലഭിച്ച ഒരു വിശ്വാസിയെന്നു നിങ്ങൾ അവകാശപ്പെടുമ്പോൾ തന്നെ, ക്രിസ്തുവിന്റെ ഈ വാക്കു

---

കർത്താവിൽ കൂടുതൽ ഉറപ്പും ധൈര്യവും ഉത്സാഹവും നൽകി. ഏതു നഷ്ടവും രക്തസാക്ഷിത്വം പോലും വരിക്കാൻ അവരെ പ്രാപ്തരാക്കുകയും ചെയ്തുപോലെയുള്ള ഒരു ആത്മശക്തിയും കൂട്ടായ്മയും അവർ തമ്മിൽ ഉണ്ടാവുകയായിരുന്നു. അവർ പിരിയും മുൻപ് പലരും തങ്ങളുടെ ഉറപ്പും ധൈര്യവും പങ്കുവയ്ക്കുകയുണ്ടായി. നഷ്ടങ്ങളിൽ പതറാതെ നിന്ന എഡ്വാർഡ് നോർമന്റേതുപോലെ തങ്ങളുടെ അനുസരണംമൂലം ഔദ്യോഗികസ്ഥാനങ്ങൾ നഷ്ടമായ ചില ചെറുപ്പക്കാർ സാക്ഷ്യം പറഞ്ഞു. താൻ നൽകിയ തെളിവുകളിൽ പെട്ടെന്നു തന്നെ നടപടിയെടുക്കുമെന്ന് കമ്മീഷൻ ഉറപ്പു നൽകിയതായി അലക്സാണ്ടർ പവേഴ്സ് അറിയിച്ചു.

അദ്ദേഹം ഇപ്പോൾ ഒരു ടെലഗ്രാഫിസ്റ്റ് ആയി ജോലി നോക്കുകയാണ്. താൻ രാജിവയ്ക്കാൻ തീരുമാനമെടുത്തതുമുതൽ തന്റെ ഭാര്യയും മകളും വീടിനു പുറത്തിറങ്ങിയിട്ടില്ലെന്നതു ഏറെ പ്രസക്തമായ കാര്യമാണ്. ശ്രേഷ്ഠമായ ഒരു ലക്ഷ്യത്തിനുവേണ്ടി ഒരു നിലപാടെടുത്തതുമൂലം കുടുംബത്തിനുള്ളിൽ ഒറ്റപ്പെടലും തെറ്റിദ്ധാരണയും അനുഭവിക്കേണ്ടിവന്നു അദ്ദേഹത്തിന്. ഇത്തരം അനുഭവങ്ങളിലൂടെ കടന്നുപോകുന്നവർ പലരുമുണ്ടായിരുന്നു. എന്നാൽ അതൊന്നും പങ്കുവയ്ക്കാൻ അവർക്കു കഴിഞ്ഞില്ല. ഈ പ്രതിജ്ഞ പല കുടുംബങ്ങളിലും ഭിന്നതയും വൈരവും ഉണ്ടാകാനും പരസ്പരം മനസ്സിലാക്കാനുള്ള മനസ്സും സ്വാതന്ത്ര്യവും നഷ്ടപ്പെടുന്ന നിലയും ഉണ്ടാക്കിയിട്ടുണ്ട് എന്ന് ഹെന്റി മാക്സ്വെൽ മനസ്സിലാക്കിയിരുന്നു. യേശുവിനെ അനുസരിക്കാൻ തുടങ്ങുന്നതു മുതൽ ഒരു വ്യക്തിയുടെ വീട്ടുകാർ തന്നെ, യേശുവിനെ അനുസരിക്കാത്തവർ, അവനു ശത്രുക്കളായിത്തീരുന്നു. യേശു യഥാർത്ഥത്തിൽ വലിയ ഒരു വിഭജനകാരിയാണ്. ഒരാൾക്ക് തന്നോടു ചേർന്നു നടക്കാം. അല്ലെങ്കിൽ എതിർദിശയിലേക്കു നടക്കാം. യേശുവിനു മുമ്പിൽ ഓരോ ജീവനും ഇതിൽ ഏതെങ്കിലും ഒരു വിഭാഗത്തിൽ ചേരുവാൻ തീരുമാനമെടുക്കുന്നു.

(തുടരും)





കൾ നിങ്ങളെപ്പറ്റിയാണു പറഞ്ഞിട്ടുള്ളതെന്നു തീർച്ചയാക്കിക്കൊള്ളുക: 'കപടഭക്തരേ, നിങ്ങൾ നരകവിധി എങ്ങനെ ഒഴിഞ്ഞുപോകും?' (മത്തായി 23:33).

നമ്മുടെ ജീവിതത്തിൽ വ്യാജം കാണിക്കുവാനുള്ള പ്രവണത കണ്ടെത്തുന്ന ഓരോ സന്ദർഭത്തിലും അതിനോടു സമൂലം എതിർത്തുനിൽക്കുന്ന ഒരു മനോഭാവം നാം പുലർത്താത്തപക്ഷം, വ്യാജത്തെ നമ്മുടെ ജീവിതത്തിൽ നിന്നു വേരോടെ പറിച്ചുനീക്കുവാൻ നമുക്കു സാധ്യമല്ല. ജീവനുള്ള പുതുവഴിയുടെ ഭാഷ ഉപയോഗിക്കുന്ന ധാരാളം പേരുണ്ട്. എങ്കിലും അവർ തങ്ങളുടെ ജീവിതത്തിൽ വ്യാജത്തോട് ഈവിധമൊരു സന്ധിയില്ലാസമരം പ്രഖ്യാപിച്ചിട്ടില്ല. ദൈവത്തെ ഭയപ്പെടാതെ തങ്ങളെത്തന്നെ മനുഷ്യരുടെ മുമ്പാകെ ന്യായീകരിക്കുവാൻ ശ്രമിക്കുന്ന ഇക്കൂട്ടരുടെ മേൽ എതിർക്രിസ്തുവിന്റെ ആത്മാവിന് ഇപ്പോഴും അധികാരമുണ്ട്. ദൈവം ഒരിക്കൽ എല്ലാ രഹസ്യങ്ങളെയും ന്യായം വിധിക്കും. വചനഘോഷണത്തിലൂടെ എല്ലാ വ്യാജഭാഷകരുടെയും കാപട്യത്തെ നിർദ്ദാക്ഷിണ്യം വെളിച്ചത്തിലേക്കു കൊണ്ടുവരുന്ന വേദികളായി നമ്മുടെ സഭകൾ തീരണം. യോഹന്നാന്റെ ജീവിതകാലത്ത് എതിർക്രിസ്തുക്കൾ പുറത്താക്കപ്പെട്ടത് ആ വിധത്തിലായിരുന്നു. നമ്മുടെ ഈ കാലത്തും എതിർക്രിസ്തുക്കളെ നിഷ്ക്കാസനം ചെയ്യുവാൻ ഈയൊരു മാർഗ്ഗം മാത്രമാണുള്ളത്.

വഞ്ചന:

വ്യാജമായ അടയാളങ്ങളാലും അത്ഭുതങ്ങളാലും എതിർക്രിസ്തു ജനങ്ങളെ വഞ്ചിക്കുമെന്നു നാം മനസ്സിലാക്കി. പ്രകൃത്യതീതമായ അത്ഭുതങ്ങൾക്ക് ആളുകളെ വഞ്ചിക്കുവാനുള്ള വലിയൊരു കഴിവുണ്ട്. ഇൻഡ്യയിൽ പൈശാചികശക്തിയാൽ അത്ഭുതങ്ങൾ കാണിച്ച് തങ്ങൾക്കുചുറ്റും വലിയൊരു അനുയായിസംഘത്തെ അണിനിരത്തിയിട്ടുള്ള വിജാതീയമതനേതാക്കളെ നാം കാണുന്നുണ്ട്.

**നമ്മുടെ ജീവിതത്തിൽ വ്യാജം കാണിക്കുവാനുള്ള പ്രവണത കണ്ടെത്തുന്ന ഓരോ സന്ദർഭത്തിലും അതിനോട് അടിയോടെ എതിർത്തുനിൽക്കുന്ന ഒരു മനോഭാവം നാം പുലർത്താതപക്ഷം, വ്യാജത്തെ നമ്മുടെ ജീവിതത്തിൽ നിന്നു വേരോടെ പറിച്ചുനീക്കുവാൻ നമുക്കു സാധ്യമല്ല.**

എന്നിരുന്നാലും പ്രകൃത്യതീതമായ അത്ഭുതങ്ങളും രോഗശാന്തിയും ഭൂമിയിൽ തന്റെ ലക്ഷ്യസിദ്ധിക്കുവേണ്ടി സഭയ്ക്കു ദൈവം നൽകിയിട്ടുള്ള സജ്ജീകരണത്തിന്റെ ഒരു ഭാഗമാണ്. ഇന്നു കേട്ടുകേൾവിപോലുമില്ലാത്ത വിധത്തിലുള്ള വലിയ അത്ഭുതങ്ങൾ യേശുവും പത്രോസും പൗലോസും ചെയ്തിട്ടുണ്ട്. അവരുടെ വിശ്വാസത്താലാണ് ഇവ സംഭവിച്ചിട്ടുള്ളത്. അപ്പോസ്തലപ്രവൃത്തികളിൽ ഇവയെപ്പറ്റിയുള്ള വിവരണങ്ങൾ നമ്മുടെ വിശ്വാസത്തിന്റെ ബലഹീനതയ്ക്ക് ഒരു ശാസനയായി നിലനിൽക്കുകയും ചെയ്യുന്നു. 1 കോരിന്ത്യർ 12-ാമധ്യായം അനുസരിച്ചുനോക്കിയാൽ ആത്മവരങ്ങളില്ലാത്ത ഒരു സഭ ജീവനുള്ളവനെങ്കിലും ചെകിടനോ കുരുടനോ മൂകനോ പക്ഷഹതനോ ആയ ഒരു മനുഷ്യനെപ്പോലെയാണ്. (ഈ വരങ്ങളെ കണ്ണ്, ചെവി തുടങ്ങിയ അവയവങ്ങളോടു താരതമ്യപ്പെടുത്തിയിട്ടുണ്ടല്ലോ) അത്ഭുതങ്ങളുടെ കാലം കഴിഞ്ഞുപോയി എന്നു പറയുന്ന അവിശ്വാസമുള്ള വിശ്വാസികളെപ്പോലെയാകു

വാൻ നാം ആഗ്രഹിക്കുന്നില്ല. അവരുടെ അവിശ്വാസം നിമിത്തം തീർച്ചയായും അവരുടെ കാര്യത്തിൽ ആ കാലം കഴിഞ്ഞുപോയതുതന്നെ. എന്നാൽ വിശ്വസിക്കുന്നവർക്ക് അത് ഇന്നും കഴിഞ്ഞിട്ടില്ല.

ഇങ്ങനെയൊക്കെയാണെങ്കിലും യേശുവിന്റെ നാമത്തിൽ അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന ഏതൊരുവനെയും നാം അന്ധമായി പിന്തുടരണമെന്ന് ഇതു കൊണ്ട് അർത്ഥമാകുന്നില്ല. ഇത്തരം അൽഭുതങ്ങൾ ചെയ്യുന്ന പലരേയും യേശു തന്നെ തള്ളിപ്പറകയും പുറത്താക്കുകയും ചെയ്യും. (മത്താ. 7:22, 23 നോക്കുക). അങ്ങനെയെങ്കിൽ അത്തരം ആളുകളെ തന്റെ നാമത്തിൽ അത്ഭുതങ്ങൾ പ്രവർത്തിക്കുവാൻ ദൈവം അനുവദിക്കുന്നതെന്തുകൊണ്ട്? ഇതിനുള്ള ഉത്തരം ആവർത്തനം 13:1-5 വാക്യങ്ങളിൽ വ്യക്തമായി നൽകിയിട്ടുണ്ട്. നാം അത്ഭുതങ്ങളാലും അടയാളങ്ങളാലും വഴിതെറ്റിപ്പോകുമോ അതോ നാം തിരുവെഴുത്തിലുള്ള വ്യക്തമായ കല്പനകളെ പിന്തുടരുമോ എന്നു നമ്മെ ശോധന ചെയ്യുവാനായിട്ടാണ് ദൈവം ഇത് അനുവദിക്കുന്നത്. അതിനാൽ നിങ്ങളുടെ ആത്മീയനേതാവ് അന്ത്യദിവസത്തിൽ ദൈവത്താൽ തന്നെപുറത്താക്കപ്പെടുന്ന ഒരുവനാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടത് ഒരു സുപ്രധാന കാര്യമാണ്. വെളി. 13:13,14 വാക്യങ്ങൾ സശ്രദ്ധം വായിക്കുക. ഒരു കുഞ്ഞാടിനെപ്പോലെയും ക്രിസ്തുശിഷ്യനെപ്പോലെയും കാണപ്പെടുന്ന കള്ളപ്രവാചകൻ (വെളി. 13:11) അത്ഭുതങ്ങളാലും അടയാളങ്ങളാലും ആളുകളെ വഞ്ചിക്കുന്നതായി ഇവിടെ നാം കാണുന്നു.

അങ്ങനെയെങ്കിൽ വഞ്ചിതരാകാതെ സ്വയം സൂക്ഷിക്കുവാൻ നമുക്ക് എങ്ങനെ സാധിക്കും? ഇതിനുള്ള ഉത്തരം-മുകളിൽ കൊടുത്തിരിക്കുന്ന മൂന്നു സ്വഭാവഘടകങ്ങളും വച്ചുകൊണ്ട് അത്ഭുതം പ്രവർത്തിക്കുന്ന വ്യക്തിയെ ശോധന ചെയ്യുക എന്നതാണ്. താഴെക്കൊടുക്കുന്ന മൂന്നു ചോദ്യങ്ങൾ നിങ്ങളോടു തന്നെ ചോദിക്കുക. നിങ്ങൾക്കു ഉത്തരം ലഭിക്കും.

1) ഈ വ്യക്തിയുടെ ജീവിതവും ശുശ്രൂഷയും ആളുകളെ പാപക്ഷമയിലേക്കു മാത്രമോ നയിക്കുന്നത്? അതോ അവരെ പാപത്തിന്റെ ശക്തിയിൽ നിന്നു സ്വതന്ത്രരാക്കുന്നുണ്ടോ? ഹൃദയവിശുദ്ധി, ജീവിതവിശുദ്ധി എന്നിവയ്ക്ക് അദ്ദേഹം ഊന്നൽ നൽകുന്നുണ്ടോ?

2) യേശുവും അപ്പോസ്തലന്മാരും ആയിരുന്നതുപോലെ ഇദ്ദേഹം സ്വാർത്ഥത്തെ നിശ്ശേഷം മരിപ്പിക്കുന്ന ഒരു വ്യക്തിയോ ? അതോ-നിങ്ങളെ ക്രിസ്തുവാകുന്ന ശിരസ്സിനോടു ബന്ധപ്പെടുവാൻ സഹായിക്കാതെ തന്നെയും തന്റെ ഉപദേശത്തെയും പ്രവചനങ്ങളെയും ആശ്രയിക്കുവാൻ പ്രേരിപ്പിക്കുന്നവനാണോ ഇദ്ദേഹം? ഇദ്ദേഹത്തിന് ഒരു ഭൃത്യന്റെ മനോഭാവമോ അതോ ചുറ്റുമുള്ളവർക്ക് ആജ്ഞ നൽകുന്ന ഒരു യജമാനന്റെ മനോഭാവമോ ഉള്ളത്?

3) ഇദ്ദേഹത്തിന്റെ ജീവിതത്തിൽ ഒരു സത്യസന്ധതയും ആത്മാർത്ഥതയും നിങ്ങൾ കാണുന്നുണ്ടോ? പ്രത്യേകിച്ച് പണസംബന്ധമായ കാര്യങ്ങളിൽ പരമാർത്ഥതയും ആർജ്ജവവും കാണുന്നുണ്ടോ? (നിങ്ങളുടെ ദശാംശത്തിലും സ്തോത്രകാഴ്ചകളിലും താൽപര്യമുള്ളവരെ എപ്പോഴും സൂക്ഷിച്ചുകൊള്ളുക)

യേശുവും പത്രോസും പൗലോസും ഈ പരീക്ഷയിൽ ജയം നേടുന്നവരാണ്. എന്നാൽ ഇന്നുള്ള പലരും ഇതിൽ ജയം നേടുകയില്ല.

എതിർക്രിസ്തുവിന്റെ ആത്മാവിലൂടെ സാത്താൻ ക്രൈസ്തവലോകത്തെ മലിനമാക്കിയിരിക്കുന്നു. ഇൻഡ്യയിലെ സഭകളിൽനിന്നും ഈ ആത്മാവിനെ തുരത്തുവാൻ കഴിവുള്ള ഒട്ടനേകം പേരെ നമ്മുടെ നാട്ടിൽ ദൈവം എഴുന്നേൽപ്പിക്കട്ടെ.

●





# THE PARADOXES OF CHRIST

He was the Light, yet He hung in darkness on the Cross.

He was Life, yet He poured out His soul unto death.

He was the Rock of Ages, yet His feet sank into the deep waters.

He was the Son of God, yet He died a felon's death.

He was holy, undefiled, separated from sinners and knew no sin, yet He was "made sin" when He took the guilty culprit's place and suffered in his stead.

He bade the weary to come to Him for rest, yet on earth He could not find rest until He said, "It is finished,'' and gave up His life to God.

He was the Mighty God, yet He became a man and was crucified through weakness.

> **He is the Fountain of Life, yet upon the Cross He cried, "I thirst!"**

He was the Image of the Invisible God, yet His visage was marred more than any man's.

All the fulness of the Godhead dwelt bodily in Him, yet He took on Him the form of a servant and was made in the likeness of men.

He spoke, and it was done; He commanded, and it stood fast;yet He humbled Himself and became obedient - even unto death.

He was the Desire of all nations, yet He was despised and rejected of men.

He is the Fountain of Life, yet upon the Cross He cried, "I thirst!"

Can you understand these mysteries? They are the things that angels desire to look into.

●

## മൊഴിമുത്തുകൾ

- ✡ ഒരു താലന്തേ ലഭിച്ചുള്ളൂ എന്നതല്ല ജീവിതത്തിലെ യഥാർത്ഥ ദുരന്തം; മറിച്ച് അത് ഉപയോഗിക്കുന്നില്ലെന്നതാണ്.
- ✡ എന്തെങ്കിലും ചെയ്യുന്നവർക്കു മാത്രമേ വിമർശനങ്ങളെ നേരിടേണ്ടിവരികയുള്ളൂ.
- ✡ മഴക്കാലത്തിനുവേണ്ടി സംഗ്രഹിച്ചുവയ്ക്കുന്ന തിരക്കിനിടയിൽ വസന്തകാലത്തെ സൂര്യപ്രകാശം ആസ്വദിക്കാൻ മറന്നു പോകരുത്

# നാം ജീവിക്കുന്ന ഈ കാലം

ചരിത്രത്തിൽ നമ്മുടെ കാലഘട്ടത്തിലെ വൈരുദ്ധ്യങ്ങൾ ഇവയാണ്. നമുക്കു പല
നിലകളുള്ള കെട്ടിടങ്ങളുണ്ട്; പക്ഷേ നല്ല മാനസികനിലയില്ല.
വീതിയുള്ള വഴികളുണ്ട്; പക്ഷേ കാഴ്ചപ്പാട് ഇടുങ്ങിയതാണ്.
നാം കൂടുതൽ ചെലവഴിക്കുന്നു; പക്ഷേ കയ്യിലുള്ളതു കുറവാണ്.
നാം കൂടുതൽ വാങ്ങുന്നു; പക്ഷേ കുറച്ചേ ആസ്വദിക്കുന്നുള്ളൂ.
നമുക്കു വലിയ വീടുകളുണ്ട്; എന്നാൽ കുടുംബം ചെറുതാണ്.
നമുക്കു കൂടുതൽ സൗകര്യങ്ങളുണ്ട്; പക്ഷേ സമയം കുറവാണ്.
ബിരുദങ്ങൾ ധാരാളം; പക്ഷേ വിവരം കുറവ്.
അറിവുണ്ട്; പക്ഷേ വിവേചനം ഇല്ല.
വിദഗ്ധർ ധാരാളം; എന്നാൽ പ്രശ്നങ്ങളും കൂടുതൽ.
ഔഷധങ്ങൾ ഇഷ്ടംപോലെ; പക്ഷേ ശരീരസൗഖ്യം കുറവ്.
വേഗത്തിൽ കോപം വരുന്നു; എന്നാൽ അത്ര വേഗത്തിൽ ചിരിവരുന്നില്ല.
രാത്രി വൈകി ഉറങ്ങുന്നു; തളർച്ചയോടെ ഉണരുന്നു.
ഏറെ നേരം ടെലിവിഷൻ കാണുന്നു; വളരെ കുറച്ചേ വായിക്കുന്നുള്ളൂ.
നമ്മൾ സമ്പാദ്യം ഇരട്ടിയാക്കി; പക്ഷേ മൂല്യങ്ങളിൽ ശോഷണം വന്നു.
നാം വളരെ സംസാരിക്കുന്നു; പക്ഷേ സ്നേഹം കുറവാണ്;
വെറുപ്പാകട്ടെ സ്വാഭാവികവും.
ജീവിക്കുവാനുള്ള വഴി കണ്ടുപിടിക്കുവാൻ നാം മിടുക്കരാണ്; പക്ഷേ ജീവിക്കുന്നില്ല.
നമ്മൾ ജീവിതത്തോട് വർഷങ്ങൾ കൂട്ടിച്ചേർക്കുന്നു; എന്നാൽ വർഷങ്ങളിൽ ജീവിതം കൊണ്ടുവരുന്നില്ല.
നമുക്ക് ചന്ദ്രനിൽവരെ പോയി മടങ്ങിവരുവാൻ അറിയാം; പക്ഷേ റോഡ് മുറിച്ചു കടന്ന് പുതിയ അയൽക്കാരനെ ഒന്നു സന്ദർശിക്കാൻ അറിയില്ല.
നാം ബഹിരാകാശം കീഴടക്കി; പക്ഷേ ആന്തരികശൂന്യത കീഴടക്കപ്പെടാതെ കിടക്കുന്നു.
നാം വലിയ കാര്യങ്ങളാണ് ചെയ്യുന്നത്; ഉത്തമമായ കാര്യങ്ങളല്ല.
നാം അന്തരീക്ഷം ശുദ്ധീകരിക്കുന്നു; പക്ഷേ ആത്മാവിനെ മലിനമാക്കി.
നാം കൊടുമുടികൾ കീഴടക്കി; എന്നാൽ മുൻവിധികൾ കീഴടക്കപ്പെട്ടിട്ടില്ല.
നാം ധാരാളം എഴുതുന്നു; പക്ഷേ കുറച്ചേ പഠിക്കുന്നുള്ളൂ.
നാം ധാരാളം പറഞ്ഞുകൂട്ടുന്നു; എന്നാൽ ചെയ്യുന്നത് കുറവാണ്.
തിരക്കും ധൃതിയും നമുക്ക് പരിചിതമായി; എന്നാൽ കാത്തിരിക്കുന്നത് നാം മറന്നുപോയി.
കൂടുതൽ വിവരങ്ങൾ സൂക്ഷിച്ചുവയ്ക്കാനും കൂടുതൽ കോപ്പികൾ എടുക്കാനും കഴിയുന്ന കംപ്യൂട്ടറുകൾ നാം കണ്ടുപിടിച്ചു; പക്ഷേ നാം അന്യോന്യം ആശയവിനിമയം ചെയ്യുന്നത് എത്ര വിരളമാണ്!
'ഫാസ്റ്റ് ഫുഡി'ന്റെ കാലം; പക്ഷേ ദഹനംസാവധാനം.
വരുമാനം കുത്തനെ ഉയർന്നു; എന്നാൽ ബന്ധങ്ങൾ ഉപരിപ്ലവമായി.
മാസം രണ്ടു ശമ്പളം കിട്ടുന്ന കാലമാണിത്; എന്നിട്ടും വിവാഹമോചനങ്ങൾ വർദ്ധിക്കുന്നു.
കാഴ്ചയ്ക്ക് മനോഹരമായ വീടുകൾ; പക്ഷേ തകർന്ന കുടുംബങ്ങൾ..........
ഈ അവസ്ഥ മാറുമോ? മാറും. പക്ഷേ നാം ദൈവത്തിങ്കലേക്ക് മടങ്ങിവരേണ്ടിയിരിക്കുന്നു.

*അപ്പോൾ 'നിന്റെ സന്തതി പുരാതന ശൂന്യങ്ങളെ പണിയും തലമുറതലമുറയായി കിടക്കുന്ന അടിസ്ഥാനങ്ങളെ നീ കെട്ടിപ്പൊക്കും, കേടുതീർക്കുന്നവനെന്നും കുടിയിരിപ്പാൻ തക്കവണ്ണം പാതകളെ യഥാസ്ഥാനത്താക്കുന്നവനെന്നും നിനക്കു പേർ പറയും'* (യെശയ്യാവ് 58:12).